34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 09, 2026 Vol. XXXIV No. 06




THRISSUR | KOCHI | THODUPUZHA | KOTTAYAM | THIRUVALLA | ATTINGAL | KOLLAM | THIRUVANANTHAPURAM | KUNNAMKULAM | CHALAKKUDY | PALAKKAD | PATTAMBI | PERINTHALMANNA | KOZHIKODE | KALPETTA | KANNUR | VADAKARA | PAYYANNUR | KASARAGOD
BENGALURU | ERODE | SALEM | DUBAI: KARAMA • MEENA BAZAAR • AL QUSAIS
SHARJAH: AL ZAHRA SQUARE • MUWEILAH | ABU DHABI | MUSCAT (RUWI) | DOHA | BAHRAIN

SUNNY FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



## Tom Sunny, CFP®, CLU®, RICP®

*Financial Planner & Wealth Advisor*

### *Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- Retirement Income Strategy
- 401(k) & IRA Investment Optimization
- Estate Planning & Trusts
- Risk Management & Insurance
- Tax Planning Strategies
- Business & Employee Benefits
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

## Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

# CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

8 വേഗറെയിലിന് സർക്കാരിന്റെ തത്വത്തിൽ അംഗീകാരം

11 സൗജന്യ വാഗ്ദാനങ്ങൾ പരിശോധിക്കും

15 ചിക്കാഗോ രൂപത സിൽവർ ജൂബിലി കൺവൻഷൻ

16 മയാമി കെ.സി.സി.എൻ.എ. കൺവൻഷൻ കിക്കോഫ്

22 ഡബ്ല്യുഎംസി ഫ്ളോറിഡ സംഗമം

### ശബരിമല സ്വർണക്കൊള്ളക്കേസ്:

## കട്ടിളപ്പാളികളും ദ്വാരപാലകശില്പങ്ങളും വീണ്ടും പരിശോധിക്കും

തിരുവനന്തപുരം: ശബരിമലയിലെ സ്വർണക്കൊള്ളയിൽ പ്രതികൾ നേരത്തേ വെളിപ്പെടുത്തിയതിലുമേറെ സ്വർണം നഷ്ടമായെന്നു കണ്ടെത്തൽ. വിഎസ്എസ്സിയിൽ നടന്ന രണ്ടാം പരിശോധനയുടെ അന്തിമ ഫോറൻസിക് ഫലം വന്നതോടെയാണിത്.

കട്ടിളപ്പാളി, ദ്വാരപാലക ശിൽപപാളികൾ എന്നിവ ഉരുക്കിയപ്പോൾ 989 ഗ്രാം സ്വർണം ലഭിച്ചെന്നും ഇതിൽ 575 ഗ്രാം സ്വർണം തിരികെ പൂശിയെന്നുമാണു പ്രതികളായ ഉണ്ണിക്കൃഷ്ണൻ പോറ്റി, പങ്കജ് ഭണ്ഡാരി, ഗോവർധൻ എന്നിവരുടെ മൊഴി. ബാക്കിവന്ന സ്വർണത്തിനു തത്തുല്യമായ തുക തിരികെ ബോർഡിന് നൽകിയെന്നും ഇവർ വാദിച്ചിരുന്നു. എന്നാൽ ഇതു തെറ്റാണെന്നും ഉരുക്കിയപ്പോൾ ഇതിന്റെ ഇരട്ടി സ്വർണം കിട്ടിയിട്ടുണ്ടെന്നും സൂചനയുണ്ട്. കേരളത്തിന് പുറത്തുള്ള ഫോറൻസിക് ലാബിന്റെ സഹായം തേടാനാണ് എസ്ഐടിയുടെ തീരുമാനം.

കട്ടിളപ്പാളികളിൽനിന്നും ദ്വാരപാലകശിൽപ്പത്തിൽനിന്നും എത്ര അളവിൽ സ്വർണം നഷ്ടപ്പെട്ടെന്നും പാളികളുടെ കാലപ്പഴക്കം സംബന്ധിച്ചും വിഎസ്എസ്സിയിൽ രണ്ട് പ്രാവശ്യം നടത്തിയ പരിശോധന റിപ്പോർട്ടിലും വ്യക്തതയില്ലാത്തതാണ് എസ്ഐടിയെ ആശയകുഴപ്പത്തിലാക്കിയിരിക്കുന്നത്. കട്ടിളപ്പാളികൾ പ്രതികൾ മറിച്ച് വിൽപ്പന നടത്തിയോ എന്ന കാര്യത്തിലും തൊണ്ടി മുതൽ കണ്ടെത്തുന്നതിലും അന്വേഷണം എങ്ങുമെത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രതികൾക്കെതിരെ കുറ്റപത്രം നൽകാൻ സാധിക്കാത്തത് പ്രതികൾക്ക് സ്വാഭാവിക ജാമ്യം കിട്ടി പുറത്തിറങ്ങാൻ ഇടയാക്കിയിട്ടുണ്ട്.

വിഎസ്എസ്സി പരിശോധനയുടെ അന്തിമഫലം വന്നെങ്കിലും സ്വർണം പൊതിഞ്ഞ ചെമ്പുപാളികളെല്ലാം കടത്തി പുതിയ പാളികൾ സ്ഥാപിക്കുകയായിരുന്നോ എന്നതിൽ വ്യക്തതയില്ല.

അതിനിടെ, കഴിഞ്ഞ തീർത്ഥാടനകാലത്തു ശബരിമലയിൽ ഡ്യൂട്ടിക്കായി നിയോഗിച്ച ദിവസവേതനക്കാരുടെ ബാങ്ക് അക്കൗണ്ടുകളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിജിലൻസ് വിഭാഗം പരിശോധന ആരംഭിച്ചു. സന്നിധാനത്തെ രണ്ട് ബാങ്കുകളും പോസ്റ്റ് ഓഫീസുംവഴി ദിവസവേതനക്കാർ ദിവസവും പണം അയച്ചിരുന്നെന്നും കണ്ടെത്തിയതിനെ തുടർന്നാണിത്.

(ശേഷം 34-ാം പേജിൽ)

## ഭീകരതയോടു സന്ധിയില്ലെന്ന് മോദി

കാലാലംപൂർ: ഭീകരതയോടുള്ള ഇന്ത്യയുടെ സമീപനത്തിൽ സന്ധിയില്ലെന്ന് ആവർത്തിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്തോ-പസിഫിക് മേഖലയിൽ സമാധാനത്തിന് ഇരുരാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം പ്രധാനമന്ത്രി വ്യക്തമാക്കുകയായിരുന്നു. “ഭീകരതയെ സംബന്ധിച്ച് ഇന്ത്യയുടെ നിലപാട് വ്യക്തമാണ്. ഇരട്ട നിലപാടോ, വിട്ടുവീഴ്ചയോ ഉണ്ടാകില്ല”- മോദി പറഞ്ഞു.

വ്യാപാരം, നിക്ഷേപം, ഊർജം, പ്രതിരോധ സഹകരണം കൂടുതൽ സമഗ്രമാക്കാൻ മോദിയും അൻവർ ഇബ്രാഹിമും തമ്മിലുള്ള ചർച്ചയിൽ ധാരണയായി. ഉഭയകക്ഷിബന്ധം കൂടുതൽ ശക്തമാക്കാനും ഇരു രാജ്യങ്ങളും ധാരണയായി.

സാങ്കേതികവിദ്യകളെക്കുറിച്ചും സാമ്പത്തിക സഹകരണത്തെക്കുറിച്ചും ഇരുവരും ആശയവിനിമയം നടത്തി. എഐ, ഡിജിറ്റൽ സാങ്കേതികവിദ്യകൾക്കൊപ്പം സെമികണ്ടക്ടർ, ആരോഗ്യം, ഭക്ഷ്യസുരക്ഷ മേഖലകളിൽ സഹകരിക്കാനും തീരുമാനിച്ചു. ലോകത്തിന്റെ വളർച്ചാ എഞ്ചിനായി ഇന്തോ-പസഫിക് മേഖല ഉയർന്നുവരികയാണ്. ഇരുരാജ്യങ്ങളും തമ്മിൽ പ്രത്യേക ബന്ധമാണുള്ളത്. ഞങ്ങൾ സമുദ്രമേഖലയിലെ അയൽക്കാരാണ് - കൂടിക്കാഴ്ചയ്ക്കുശേഷം മോദി അഭിപ്രായപ്പെട്ടു.

നേരത്തേ ഇന്ത്യൻ വംശജരായ മന്ത്രിമാരെയും പാർലമെന്റ് അംഗങ്ങളെയും പ്രധാനമന്ത്രി നേരിൽക്കണ്ടു. ഡിജിറ്റൽ വകുപ്പ്മന്ത്രി ടി. ഗോബിന്ദ് സിംഗ് ദിയോ, മനുഷ്യവിഭവശേഷി മന്ത്രി രമണൻ രാമകൃഷ്ണൻ, പ്രധാനമന്ത്രിയുടെ വകുപ്പിലെ സഹമന്ത്രി എം. കുലശേഖരൻ, ദേശീയ ഐക്യത്തിനായുള്ള വകുപ്പിന്റെ സഹമന്ത്രി ആർ. യുനേശ്വരൻ തുടങ്ങിയവർ മോദിയുമായി ആശയവിനിമയം നടത്തി.



മലേഷ്യയിലെ ക്വാലാലംപൂരിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമും ഉഭയകക്ഷി കരാറിൽ ഒപ്പുവെച്ചശേഷം സന്തോഷം പങ്കുവെക്കുന്നു.

## 114 റഫാൽ വാങ്ങാനുള്ള പദ്ധതിക്ക് അനുമതി

ന്യൂഡൽഹി: ഇന്ത്യയുടെ സൈനികശക്തി വർധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യോമസേനയ്ക്കു കൂടുതൽ റഫാൽ യുദ്ധവിമാനങ്ങൾ വാങ്ങാനുള്ള കരാർ ഉടൻ തീരുമാനമാകും. 3.25 ലക്ഷം കോടി രൂപയ്ക്ക് 114 റഫാൽ വിമാനങ്ങൾകൂടി വാങ്ങാനുള്ള വ്യോമസേനയുടെ പദ്ധതി രേഖയ്ക്ക് കേന്ദ്ര പ്രതിരോധ മന്ത്രാലയം അനുമതി നൽകിയിരുന്നു. ഫ്രഞ്ച് പ്രസിഡണ്ട് ഇമ്മാനുവൽ മാക്രോൺ ഈ മാസം 18 മുതൽ 20 വരെ ഇന്ത്യ സന്ദർശിക്കുന്നുണ്ട്. ഈ ഘട്ടത്തിൽ കരാറിന്റെ കാര്യത്തിൽ അന്തിമതീരുമാനമാകുമെന്നാണു പ്രതിരോധ വൃത്തങ്ങൾ നൽകുന്ന വിവരം.

കരാർ നടപ്പായാൽ നിർമാണം പൂർത്തിയായ 18 റഫാൽ വിമാനങ്ങൾ കൈമാറുന്ന തരത്തിലും ബാക്കിയുള്ളവയുടെ അന്തിമ അസംബ്ലി യൂണിറ്റ് ഇന്ത്യയിൽ സജ്ജീകരിക്കുന്ന വിധത്തിലുമാകും ധാരണ. വിമാനത്തിൽ 60 ശതമാനവും ഇന്ത്യൻ നിർമിത ഭാഗങ്ങൾ ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്. കരാർ ഒപ്പിട്ട് ഉടൻതന്നെ പതിനഞ്ചിലേറെ വിമാനങ്ങൾ നൽകാമെന്ന് റഫാൽ നിർമാതാക്കളായ ദാസോ ഏവിയേഷൻ അറിയിച്ചിട്ടുണ്ട്. കരാറിൽ ഒപ്പിട്ടാൽ കേന്ദ്രസർക്കാരിന്റെ ഏറ്റവും വലിയ പ്രതിരോധ കരാറായിരിക്കുമിത്.

പദ്ധതി പ്രകാരം 88 സിംഗിൾ സീറ്റർ വിമാനങ്ങളും 26 ഇരട്ട സീറ്റർ വിമാനങ്ങളുമായിരിക്കും ഇന്ത്യക്കു ലഭിക്കുക.



മാരാമൺ കൺവൻഷന്റെ 131-ാമത് യോഗം പമ്പാ മണപ്പുറത്ത് ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യുന്നു. (വാർത്ത 6-ാം പേജിൽ)



# ഇന്ത്യയിലെ ആദ്യ അവയവമാറ്റ ആശുപത്രിയുടെ ശിലാസ്ഥാപനം നിർവഹിച്ചു

കോഴിക്കോട്: ആരോഗ്യരംഗത്ത് ഇന്ത്യ ഉറ്റുനോക്കുന്ന കേരളത്തിന്റെ ഏറ്റവും മാതൃകാപരമായ ഇടപെടലാണു കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ സ്ഥാപിക്കുന്നതിലൂടെ സാധ്യമാകുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യ വകുപ്പിനു കീഴിൽ കോഴിക്കോട് ചേവായൂരിൽ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യ അവയവമാറ്റ ആശുപത്രിയുടെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അവയവമാറ്റ ശസ്ത്രക്രിയകൾക്കു സ്വകാര്യ മേഖലയിൽ വൻ തുകയാണു ചെലവാകുന്നത്. ഒരേ ശസ്ത്രക്രിയയുടെ ചെലവിൽ ആശുപത്രികൾ മാറിയാൽ വലിയ മാറ്റമുണ്ടാകുന്നു. പല കുടുംബങ്ങൾക്കും ഇതു താങ്ങാനാകുന്നില്ല. ഇതു പരിഗണിച്ചാണ് വിദഗ്ധരിൽനിന്ന് ഇങ്ങനെയൊരു ആശുപത്രിക്കുള്ള നിർദേശം വന്നത്. ആശുപത്രി സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ -അദ്ദേഹം പറഞ്ഞു.




കേരളത്തിന്റെ ആരോഗ്യമേഖലയുടെ ചരിത്രത്തിൽ നാഴികക്കല്ലാകുന്ന ദിവസമാണിതെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ആരോഗ്യമന്ത്രി വീണ ജോർജ് പറഞ്ഞു. ചടങ്ങിൽ മന്ത്രി പി.എ. മുഹമ്മദ് റിയാസ്, എം.കെ. രാഘവൻ എംപി, മേയർ ഒ. സദാശിവൻ തുടങ്ങിയവർ പങ്കെടുത്തു. ചേവായൂരിലെ ത്വക്ക് രോഗ ആശുപത്രി വളപ്പിലെ 20 ഏക്കർ സ്ഥലത്താണ് ഇന്ത്യയിലെ ആദ്യ അവയവമാറ്റ ആശുപത്രി സ്ഥാപിക്കുന്നത്. രണ്ടു ഘട്ടങ്ങളിലായി നിർമിക്കുന്ന ആശുപത്രിയുടെ ആദ്യഘട്ട പ്രവൃത്തികൾക്ക് 299 കോടി രൂപയാണ് ചെലവ്. ഇതിന് പുറമെ ഉപകരണങ്ങൾക്കായി 99 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഐസിയു, എച്ച്ഡിയു സൗകര്യങ്ങൾ, ഡയാലിസിസ് സെന്റർ, 10 ഓപ്പറേഷൻ തിയറ്ററുകൾ എന്നിവ ഉൾപ്പെടെ 350 കിടക്കകളുണ്ടാകും. 14 സ്പെഷാലിറ്റി ഡിപ്പാർട്ട്മെന്റുകളും ഡിവിഷനുകളും ഉണ്ടാകും. 8 നിലകളിലായാണ് നിർമാണം.

## മുഖ്യമന്ത്രിയേയും ചോദ്യം ചെയ്യണമെന്ന് വി.ഡി. സതീശൻ

തലശ്ശേരി: ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൂടെ നിൽക്കുന്ന ചിത്രം ഉണ്ടെന്നതിന്റെ പേരിലാണ് യുഡിഎഫ് കൺവീനറെ ചോദ്യം ചെയ്തതെങ്കിൽ മുഖ്യമന്ത്രി പിണറായി വിജയനെയും ചോദ്യം ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. പിണറായി വിജയന്റെ കൂടെ പോറ്റി നിൽക്കുന്ന ഫോട്ടോയുണ്ടെന്നും സതീശൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഉണ്ണികൃഷ്ണൻ പോറ്റി കള്ളനാണെന്ന് പുറത്തുവരുന്നതിനു മുൻപ് എടുത്ത ഫോട്ടോയാണിത്. കള്ളനാണെന്ന് അറിഞ്ഞിരുന്നെങ്കിൽ മുഖ്യമന്ത്രി ഒപ്പംനിന്ന് ഫോട്ടോ എടുക്കുമായിരുന്നോ. സ്വർണം കട്ടത് ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം.



ടൂറിസംമന്ത്രി ബ്ലോഗറായ ഒരു സ്ത്രീയെ കൊണ്ടുവന്ന് പ്രചാരണം നടത്തി. പിന്നീടാണ് അവർ ചാര വനിതയാണെന്ന് അറിഞ്ഞത്. അവർ ചാരയാണെന്ന് അറിഞ്ഞിരുന്നെങ്കിൽ മന്ത്രി റിയാസ് കൊണ്ടുവരില്ല എന്ന് ഞാൻ നിലപാട് എടുത്തു. അതോടെ ആ വിവാദം അവസാനിച്ചു. നമ്മുടെ തോളിൽ കൈയിട്ട് പലരും ഫോട്ടോ എടുക്കാൻ വരും. പിന്നീട് ഇവരുമായി അടുത്ത ബന്ധം എന്ന നിലയിലായിരിക്കും പ്രചരിപ്പിക്കുന്നത്. ഇങ്ങനെയുള്ള കാര്യങ്ങളിൽ അന്തസ്സ് കാണിക്കണം.

സ്വർണം കട്ട മൂന്ന് സിപിഎം നേതാക്കന്മാർ ജയിലിൽ കിടക്കുന്നു. അവർക്കെതിരെ നടപടിയില്ല. അതേസമയം പയ്യന്നൂരിൽ ധനരാജ് ഫണ്ട് തട്ടിയെന്ന് ചൂണ്ടിക്കാണിച്ച കുഞ്ഞികൃഷ്ണനെ പാർട്ടി പുറത്താക്കി. ഇനിയൊരു തുടർഭരണം നല്ലതല്ല എന്നാണ് കവി സച്ചിദാനന്റെ അഭിപ്രായം. നല്ല കമ്യൂണിസ്റ്റുകാരും ഇടതുപക്ഷ സഹയാത്രികരും തുടർഭരണം വേണമെന്ന് ആഗ്രഹിക്കുന്നില്ല. എവിടെയെല്ലാമാണ് സർക്കാർ പരാജയപ്പെട്ടത്. അതെല്ലാം പരിഹരിക്കുന്നതിന് കൃത്യമായ പദ്ധതി യുഡിഎഫിനുണ്ടെന്നും സതീശൻ പറഞ്ഞു.

ന്യൂനപക്ഷങ്ങൾ അരക്ഷിതാവസ്ഥയിലാണ്. കേരളത്തിലെ സിപിഎം ഭൂരിപക്ഷ പ്രീണനവും സൗകര്യംപോലെ ന്യൂനപക്ഷ പ്രീണനവും നടത്തുകയാണ്. തദ്ദേശ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ രണ്ടും ഇല്ല. ആകെ ആശയക്കുഴപ്പത്തിലായെന്നും സതീശൻ കൂട്ടിച്ചേർത്തു.

## പെൺമക്കൾക്കും തുല്യാവകാശമെന്ന ഹൈക്കോടതി ഉത്തരവ് പരിശോധിക്കും

ന്യൂഡൽഹി: കേരളത്തിലെ ഹിന്ദു കൂട്ടുകുടുംബങ്ങളുടെ പാരമ്പര്യസ്വത്തിൽ, ആൺമക്കളെപ്പോലെ പെൺമക്കൾക്കും തുല്യാവകാശമുണ്ടെന്ന ഹൈക്കോടതി ഉത്തരവിന്റെ സാധുത സുപ്രീംകോടതി പരിശോധിക്കും. കോഴിക്കോട് നമ്പിടി പറമ്പത്ത് തറവാട്ടിലെ സ്വത്തുമായി ബന്ധപ്പെട്ട് പെൺമക്കൾക്ക് അനുകൂലമായ ഹൈക്കോടതി ഉത്തരവു ചോദ്യംചെയ്തുള്ള ഹർജിയിൽ നോട്ടീസ് അയച്ചുകൊണ്ടാണു സുപ്രീം കോടതി ഇക്കാര്യം വ്യക്തമാക്കിയത്. എതിർകക്ഷികൾ നാലാഴ്ചയ്ക്കകം മറുപടി നൽകണമെന്ന് ജഡ്ജിമാരായ പങ്കജ് മിത്തൽ, എസ്.വി.എൻ. ഭട്ടി എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. ഹിന്ദു പിന്തുടർച്ചയുമായി ബന്ധപ്പെട്ട് 2004-ൽ കേന്ദ്രനിയമം പ്രാബല്യത്തിൽ വന്നശേഷം സ്വത്തിൽ പെൺകുട്ടികൾക്കും തുല്യാവകാശമുണ്ടെന്നു ഹൈക്കോടതി ഉത്തരവിൽ പറഞ്ഞിരുന്നു. എന്നാൽ, 1975-ലെ കേരള കൂട്ടുകുടുംബ വ്യവസ്ഥ (റദ്ദാക്കൽ) നിയമപ്രകാരം കേരളത്തിൽ കൂട്ടുകുടുംബങ്ങൾ ഇല്ലാതായിരുന്നു. അതിനു മുൻപ് പാരമ്പര്യസ്വത്തിൽ ജന്മാവകാശം ഇല്ലായിരുന്നു. കേന്ദ്രനിയമം വന്നതോടെ മകൾക്ക് ഉൾപ്പെടെ തുല്യാവകാശമായി. കേന്ദ്രനിയമം പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഭാഗംവയ്പ് പൂർത്തിയാകാത്ത കുടുംബങ്ങളിൽ കേരള കൂട്ടുകുടുംബ വ്യവസ്ഥ (റദ്ദാക്കൽ) നിയമത്തിനു പ്രാബല്യമുണ്ടാകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. നമ്പിടി പറമ്പത്ത് തറവാട്ടിലെ സ്വത്തിൽ പെൺമക്കളായ എൻ.പി. രജനി, രമണി, രാജേശ്വരി, എൻ.പി. റതിബ എന്നിവർക്ക് അനുകൂലമായിരുന്നു ഹൈക്കോടതി ഉത്തരവ്. ഇവർക്കു പുറമേ, കെ. ശ്രുതി, കെ. ശ്രേയസ്, വി. നേധിക്, കെ. സുഗുണ എന്നിവരെക്കൂടി കക്ഷിയാക്കി രാധ നമ്പിടി പറമ്പത്തും എൻ.പി. പ്രബീഷും നൽകിയ ഹർജിയാണു സുപ്രീം കോടതി പരിഗണിക്കുന്നത്.

## നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് ബോണ്ട് ഏർപ്പെടുത്തിയാൽ കർശന നടപടി

ന്യൂഡൽഹി: പഠനം പൂർത്തിയാക്കിയ ശേഷം ബോണ്ടിന്റെ പേരിൽ നേഴ്സിംഗ് വിദ്യാർത്ഥികളെ ചൂഷണം ചെയ്ത് യഥാർത്ഥ സർട്ടിഫിക്കറ്റുകൾ പിടിച്ചുവെക്കുന്ന സ്ഥാപനങ്ങൾക്കുമേൽ കർശന നടപടിയുണ്ടാകുമെന്ന് കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്.

നേഴ്സിംഗ് സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കിയിട്ടും സ്ഥാപനത്തിനു കീഴിലുള്ള ആശുപത്രികളിൽ ബോണ്ടിന്റെ പേരിൽ സർട്ടിഫിക്കറ്റ് തടഞ്ഞുവെക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചതിനെ തുടർന്നാണ് നടപടിയെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി.

വിദ്യാർത്ഥികളിൽനിന്ന് നിർബന്ധിത ബോണ്ട് ആവശ്യപ്പെടുന്നതും അതിനായി സർട്ടിഫിക്കറ്റ് തടഞ്ഞുവെക്കുന്നതും അധാർമിക നടപടിയാണെന്ന് കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച നിർദേശം ബന്ധപ്പെട്ട സർവകലാശാലാ വൈസ് ചാൻസലർമാർക്കും സ്റ്റേറ്റ് നേഴ്സിംഗ് കൗൺസിൽ രജിസ്ട്രാർമാർക്കും നേഴ്സിംഗ് സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർക്കും നൽകിയതായി മന്ത്രാലയം കഴിഞ്ഞമാസം പുറത്തിറക്കിയ സർക്കുലറിൽ വ്യക്തമാക്കി.

സുപ്രീംകോടതി നിർദേശത്തെത്തുടർന്ന് മിക്ക സ്ഥാപനങ്ങളും നിർബന്ധിത ബോണ്ട് നിർത്തലാക്കിയിരുന്നു. എന്നാൽ ചില സ്ഥാപനങ്ങൾ ബോണ്ട് തുടരുന്ന സാഹചര്യത്തിലാണ് കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് നടപടി ശക്തമാക്കിയത്.

## പാക്കിസ്ഥാനിൽ ചാവേർ സ്ഫോടനം; 31 പേർ കൊല്ലപ്പെട്ടു

ഇസ്ലാമാബാദ്: പാക്കിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽ ഷിയാ മോസ്കിലുണ്ടായ ചാവേർ സ്ഫോനത്തിൽ 31 പേർ കൊല്ലപ്പെട്ടു. 170 പേർക്കു പരിക്കേറ്റു. ഖാദിജാദുൽ കുബ്ര മോസ്കിൽ ഫെബ്രുവരി 6ന് പ്രാർഥനയ്ക്കിടെയായിരുന്നു സ്ഫോടനം. ചാവേറിനെ ഗേറ്റിൽവച്ച് തടയാൻ ശ്രമിക്കവേ സ്വയം സ്ഫോടനം നടത്തുകയയിരുന്നുവെന്നു പോലീസും ദൃക്സാക്ഷികളും പറഞ്ഞു.

സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ആരും ഏറ്റെടുത്തിട്ടില്ല. എന്നാൽ, ചാവേർ വിദേശിയാണെന്നും തെഹ്രീക്-ഇ-താലിബാൻ ഭീകരനാണെന്നും പോലീസ് പറഞ്ഞു. സ്ഫോടനത്തെത്തുടർന്ന് പ്രദേശം സുരക്ഷാസേനയുടെ നിയന്ത്രണത്തിലായി. ഉസ്ബെക്കിസ്ഥാൻ പ്രസിഡണ്ട് ഷവ്കത് മിർസിയോയേവിന്റെ പാക് സന്ദർശനത്തിനിടെയാണ് സ്ഫോടനം.

മൂന്നു മാസം മുമ്പ് ഇസ്ലാമാബാദിലെ കോടതിക്കു വെളിയിലുണ്ടായ സ്ഫോടനത്തിൽ 12 പേർ കൊല്ലപ്പെട്ടിരുന്നു.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 06
February 09, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara



DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്വചനം

കോപത്തിൽ ആരംഭിക്കുന്നതെന്തും അപമാനത്തിൽ അവസാനിക്കുന്നതാകുന്നു.

**ബെഞ്ചമിൻ ഫ്രാങ്ക്ളിൻ**

സത്യം ഏകനായി യാത്രചെയ്യും. തുണ വേണ്ടത് അസത്യത്തിനാണ്.

**എപിക്ടെറ്റസ്**

# MEDICARE PLANS

QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# LUXURY HOME STAY IN

PULLAD/KUMBANAD/KOZHENCHERRY/THIRUVALLA



- Quiet and Safe Area
- Near Shopping Centers and Major Towns/Attractions
- 3 hr to Kochin and Thiruvananthapuram Airport
- 3 AC Bedrooms (one of them is a loft bedroom)
- Separate Studio for drivers
- 4 American-style Bathrooms
- Surveillance camera
- Car service/Chef/Security Personnel can be arranged
- Weekly and Monthly stays can be arranged
- If stay for large parties is needed, I can arrange other home stays also

Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in

Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547

# nella CONSULTING

ACCOUNTING | TAX | CONSULTING






# FOR ALL YOUR PERSONAL AND BUSINESS TAX SERVICES

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**



കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വികസനത്തിന്റെ സുവർണ കവാടം

മൂന്നു പതിറ്റാണ്ടോളം നീണ്ട അനിശ്ചിതത്വങ്ങൾക്കും കാത്തിരിപ്പിനും വിരാമമിട്ട് അങ്കമാലി-എരുമേലി ശബരി റെയിൽപാത യാഥാർത്ഥ്യത്തിലേക്ക് അടുക്കുന്നു എന്ന വാർത്ത കേരളത്തിന് നൽകുന്ന ആശ്വാസം ചെറുതല്ല. പദ്ധതിയുടെ ചെലവിന്റെ 50 ശതമാനം വഹിക്കാൻ കേരള സർക്കാർ തീരുമാനിക്കുകയും അതിനായി 1900 കോടി രൂപ കിഫ്ബി വഴി സമാഹരിക്കാൻ അനുമതി നൽകുകയും ചെയ്ത മന്ത്രിസഭാ തീരുമാനം സ്വാഗതാർഹമാണ്. എന്നാൽ, ഈ 'ശുഭവാർത്ത' കേൾക്കുമ്പോഴും കേരളത്തിന്റെ വികസന ചരിത്രത്തിൽ തങ്കലിപികളിൽ എഴുതാമായിരുന്ന ഒരു പദ്ധതി, ഭരണകൂടത്തിന്റെ ദീർഘവീക്ഷണമില്ലായ്മ മൂലം എങ്ങനെയാണ് പത്തു വർഷത്തോളം പിന്നോട്ടുപോയതെന്ന യാഥാർത്ഥ്യം വിസ്മരിക്കാനാവില്ല.

അനന്തപുരിവരെയെത്തുന്ന ശബരിപാത തുറക്കുന്നത് വികസനത്തിന്റെ സുവർണ കവാടമാണ്. ഇതിനായി സർവേക്ക് കേരളസർക്കാർ രണ്ടു കോടിയുടെ ഫണ്ട് അനുവദിച്ചിരുന്നു. തലസ്ഥാനംവരെ പാത നീട്ടുന്നതിനുള്ള കൂട്ടായ ശ്രമമാണ് ഇനി വേണ്ടത്. അങ്കമാലി-ശബരി റെയിൽവേ എരുമേലിയിൽനിന്ന് പത്തനംതിട്ട, കോന്നി, പത്തനാപുരം, പുനലൂർ, അഞ്ചൽ, കിളിമാനൂർ, വട്ടപ്പാറ റോഡ്, നെടുമങ്ങാട്, കാട്ടാക്കട, ബാലരാമപുരം വഴി വിഴിഞ്ഞത്തേക്കും നീട്ടുന്ന പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. യാത്രക്കാരുടെ ബാഹുല്യമല്ല, ചരക്കുനീക്കമാണ് റെയിൽവേലൈനുകളെ ലാഭകരമാക്കുന്നതെന്നാണ് റെയിൽവേ പറയുന്നത്. ഛത്തീസ്ഗഢിലും മറ്റുമുള്ള തിരക്കേറിയ ചരക്കുഗതാഗതത്തിന്റെ കാഴ്ച അവർ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിനാണെങ്കിൽ ഇക്കാര്യത്തിൽ സംഭാവന ശുഷ്കമാണ്. എന്നാൽ, വിഴിഞ്ഞം തുറമുഖം വന്നതോടെ വലിയ സാധ്യതയാണുയരുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ പൈനാപ്പിൾ മാർക്കറ്റുള്ള വാഴക്കുളവും പ്ലൈവുഡ് ഉത്പാദനകേന്ദ്രമായ പെരുമ്പാവൂരും അരിസംസ്കരണകേന്ദ്രമായ കാലടിയും ചരക്കുനീക്കത്തിന് കാത്തിരിക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. അരലക്ഷത്തിലേറെ ജനസംഖ്യയുള്ള നഗരങ്ങളിലേക്ക് റെയിൽ സൗകര്യമെത്തിക്കുന്നതിനുള്ള റെയിൽവേയുടെ പദ്ധതിയുടെ പട്ടികയിൽ നെടുമങ്ങാടുമുണ്ട്. ശബരി ലൈൻ തിരുവനന്തപുരം വരെയെത്തിയാൽ ഇതെല്ലാം ഉപയോഗപ്പെടുത്താനാകും. വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മാറിയതും ജീവിതരീതി വേഗം കൈവരിച്ചതുമെല്ലാം പുതിയൊരു കേരളത്തിനെയാണ് വരച്ചിടുന്നത്. അതിനൊപ്പം നീങ്ങിയാൽ കേരളത്തിന്റെ ഭാവിക്ക് ഗ്രീൻ സിഗ്നൽ തെളിയും.

1997-98 റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് അന്ന് കണക്കാക്കിയിരുന്ന ചെലവ് 550 കോടി രൂപ മാത്രമായിരുന്നു. എന്നാൽ, കാലം കടന്നുപോയപ്പോൾ ചെലവ് കുതിച്ചുയരുകയും പദ്ധതി നടപ്പാക്കാൻ പകുതി പണം സംസ്ഥാനം വഹിക്കണമെന്ന നിലപാടിലേക്ക് റെയിൽവേ എത്തുകയും ചെയ്തു. ഇവിടെയാണ് സംസ്ഥാന ഭരണകൂടത്തിന് ഗുരുതരമായ വീഴ്ച സംഭവിച്ചത്. 2015-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിലിരിക്കെ, പദ്ധതിയുടെ പകുതി ചെലവ് വഹിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിരുന്നു. എന്നാൽ, 2016-ൽ അധികാരമേറ്റ പിണറായി സർക്കാർ, മുൻ സർക്കാർ എടുത്ത ആ ഉത്തരവ് റദ്ദാക്കുകയാണ് ചെയ്തത്. അത് വലിയൊരു നയപരമായ പാളിച്ചയായിരുന്നു എന്ന് കാലം തെളിയിച്ചു. കേന്ദ്രവും സംസ്ഥാനവും കത്തുകൾ അയച്ചും ഫയലുകൾ നീക്കിയും തർക്കിച്ചും വിലപ്പെട്ട പത്തു വർഷങ്ങളാണ് പാഴാക്കിക്കളഞ്ഞത്.

ശബരിമല തീർത്ഥാടകർക്ക് മാത്രമല്ല മദ്ധ്യകേരളത്തിലെ മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഈ പാത അനിവാര്യമാണ്. പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, പാലാ തുടങ്ങിയ പട്ടണങ്ങളെ ദേശീയ പാതയുമായും റെയിൽ ശൃംഖലയുമായും ബന്ധിപ്പിക്കുന്നത് വ്യാപാര-വാണിജ്യ മേഖലകളിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും. കിഴക്കൻ മേഖലയുടെ സാമ്പത്തിക മുഖച്ഛായതന്നെ മാറ്റാൻ കെൽപ്പുള്ളതാണ് ഈ പദ്ധതി. എന്തായാലും, വൈകി വന്ന വിവേകമാണെങ്കിലും ഇപ്പോഴത്തെ തീരുമാനം ശരിയായ ദിശയിലുള്ളതാണ്. ത്രികക്ഷി കരാർ എന്ന നിബന്ധനയോട് വിയോജിപ്പുണ്ടായിട്ടും നിബന്ധനകളില്ലാതെ പണം മുടക്കാൻ കേരളം തയാറായത് അഭിനന്ദനാർഹമാണ്. ഭൂപാത എരുമേലിയിൽനിന്ന് പുനലൂർ വഴി ബാലരാമപുരം വരെ നീട്ടാനുള്ള പദ്ധതിക്ക് സർവേ നടത്താനുള്ള തീരുമാനവും പ്രായോഗികമാണ്. ഇനിയെങ്കിലും മെല്ലെപ്പോക്ക് അവസാനിപ്പിക്കണം. റെയിൽവേ മന്ത്രാലയത്തെ ഔദ്യോഗികമായി അറിയിക്കാനും തുടർനടപടികൾ സ്വീകരിക്കാനും ഇനിയും കാലതാമസം ഉണ്ടാകരുത്. 303 ഹെക്ടർ ഭൂമി ഏറ്റെടുക്കുക എന്ന വലിയ കടമ്പ മുന്നിലുണ്ട്. അതിന് ജനങ്ങളെ വിശ്വാസത്തിലെടുത്ത്, അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ടതുണ്ട്. നഷ്ടപ്പെടുത്തിയ പത്തു വർഷങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാനെങ്കിലും വരും വർഷങ്ങളിൽ ഈ പദ്ധതിക്ക് ചിറകുകൾ നൽകാൻ സർക്കാരിന് കഴിയട്ടെ.

പത്തു വർഷം മുൻപ്, അന്നത്തെ യുഡിഎഫ് സർക്കാർ എടുത്ത തീരുമാനവുമായി മുന്നോട്ടുപോകാൻ എൽഡിഎഫ് സർക്കാർ തയാറായിരുന്നുവെങ്കിൽ, ഇന്നത്തെ ചിത്രം മറ്റൊന്നായേനെ. ഒരുപക്ഷേ, ഇന്ന് അങ്കമാലിയിൽനിന്ന് എരുമേലിയിലേക്ക് ട്രെയിൻ ഓടുമായിരുന്നു. ഇടുക്കി എന്ന മലയോര ജില്ല റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കുമായിരുന്നു.

# അണ്ടർ 19 ഏകദിന ലോകകപ്പിൽ ഇന്ത്യയ്ക്ക് ആറാം കിരീടം

സിംബാബ്‌വെ: അണ്ടർ 19 ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ രണ്ടാം കിരീടം മോഹിച്ചെത്തിയ ഇംഗ്ലണ്ടുകാരുടെ പ്രതീക്ഷകൾ മുളയിലേ നുള്ളാൻ വൈഭവ് സൂര്യവംശിയെന്ന പതിനാലുകാരനു വേണ്ടിവന്നത് വെറും 80 പന്തുകൾ. 15 വീതം സിക്സും ഫോറുമടക്കം 80 പന്തിൽ 175 റൺസുമായി ആടിത്തിമിർത്ത വൈഭവിന്റെ ബാറ്റിങ് കരുത്തിൽ അണ്ടർ 19 ഏകദിന ലോകകപ്പ് ട്രോഫിയിൽ ആറാം തവണയും ഇന്ത്യൻ മുത്തം പതിഞ്ഞു. ഹരാരെ സ്പോർട്സ് ഹബ് സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ, ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത ഇന്ത്യ 50 ഓവറിൽ നേടിയത് 411 റൺസ്. അണ്ടർ 19 ലോകകപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന ടീം ടോട്ടലാണിത്. ഫൈനലിൽ നേടുന്ന ഏറ്റവുമുയർന്ന വ്യക്തിഗത സ്കോർ എന്ന റെക്കോർഡിന് വൈഭവും അർഹനായി. ക്യാപ്റ്റൻ ആയുഷ് മാത്രെ (53), അഭിഗ്യാൻ കുണ്ഡു (40), കനിഷ്ക് ചൗഹാൻ (37 നോട്ടൗട്ട്) എന്നിവരും ഇന്ത്യയ്ക്കായി ബാറ്റിങ്ങിൽ തിളങ്ങി. മറുപടി ബാറ്റിങ്ങിൽ, കാലബ് ഫാൽക്കനർ (115) നടത്തിയ ഒറ്റയാൾ പോരാട്ടത്തിന് ഇംഗ്ലണ്ടിന്റെ തോൽവിഭാരം കുറയ്ക്കാനേ സാധിച്ചുള്ളൂ. സ്കോർ: ഇന്ത്യ 50 ഓവറിൽ 9-ന് 411. ഇംഗ്ലണ്ട് 40.2 ഓവറിൽ 311-ന് പുറത്ത്. വെടിക്കെട്ട് സെഞ്ചുറിയുമായി ഇന്ത്യയ്ക്ക് അടിത്തറ ഒരുക്കിയ വൈഭവാണ് പ്ലെയർ ഓഫ് ദ് മാച്ച്. 2000, 2008, 2012, 2018, 2022 വർഷങ്ങളിലാണ് അണ്ടർ 19 ലോകകപ്പിൽ ഇതിനു മുൻപ് ഇന്ത്യൻ ടീം ചാമ്പ്യൻമാരായത്.



# മാരാമൺ കൺവൻഷന് തുടക്കമായി

മാരാമൺ: കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സമർപ്പിച്ച ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പരസ്യപ്പെടുത്തണമെന്നും അത് നടപ്പിലാക്കണമെന്നും മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത. 131-ാമത് മാരാമൺ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.



2020-ൽ നിയോഗിക്കപ്പെട്ട കമ്മീഷൻ 2023-ൽ തന്നെ റിപ്പോർട്ട് സമർപ്പിച്ചിട്ടും അത് പുറത്തുവിടാത്തതിൽ മെത്രാപ്പോലീത്ത ആശങ്ക പ്രകടിപ്പിച്ചു. റിപ്പോർട്ടിലെ ശിപാർശകൾ എന്താണെന്ന് അറിയാൻ സമൂഹത്തിന് അവകാശമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മതാദ്ധ്യാപകർക്കായി ക്ഷേമനിധി രൂപീകരിക്കാനുള്ള സർക്കാർ നീക്കത്തെ അദ്ദേഹം വിമർശിച്ചു. ഇക്കാര്യത്തിൽ ജെ.ബി. കോശി കമ്മീഷൻ എന്താണ് പറഞ്ഞതെന്ന് വ്യക്തമാക്കണം.




സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാനുള്ള ഒരു പിൻവാതിൽ നീക്കമായി ഇത് മാറരുതെന്ന് അദ്ദേഹം സർക്കാരിന് മുന്നറിയിപ്പ് നല്കി. ക്രൈസ്തവ വിഭാഗങ്ങൾ നേരിടുന്ന സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ കമ്മീഷൻ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സർക്കാർ ഇച്ഛാശക്തി കാണിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

രാജ്യത്ത് ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ അദ്ദേഹം ആകുലത രേഖപ്പെടുത്തി. ജനാധിപത്യം ഏകാധിപത്യത്തിന് വഴിമാറരുതെന്നും ബഹുസ്വരത സംരക്ഷിക്കപ്പെടണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

അതേസമയം, ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ഭൂരിഭാഗം ശിപാർശകളും സർക്കാർ ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞുവെന്ന് മന്ത്രി പി. രാജീവ് കൊച്ചിയിൽ പ്രതികരിച്ചു. നടപ്പിലാക്കിയ കാര്യങ്ങളും ബാക്കിയുള്ളവയും സംബന്ധിച്ച വിവരങ്ങൾ ഉടൻ പൊതുജനമധ്യത്തിൽ ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഫെബ്രുവരി എട്ടിന് ആരംഭിച്ച കൺവൻഷൻ 15 വരെ നീണ്ടുനിൽക്കും. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖ വചനപ്രഘോഷകർ വരും ദിവസങ്ങളിൽ കൺവൻഷനിൽ സംബന്ധിക്കും.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# വേഗറെയിലിന് കേരള സർക്കാരിന്റെ തത്വത്തിൽ അംഗീകാരം

തിരുവനന്തപുരം: 583 കിലോമീറ്റർ വരുന്ന തിരുവനന്തപുരം-കാസർകോട് റീജനൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം (ആർ.ആർ.ടി.എസ്) റെയിൽ പദ്ധതിക്കു സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. 1,92,780 കോടി ചെലവു കണക്കാക്കുന്നു.

ഒന്നാം ഘട്ടത്തിന്റെ (തിരുവനന്തപുരം-തൃശൂർ) പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തി. 284 കിലോമീറ്റർ വരുന്ന ഈ ഭാഗത്തിന്റെ നിർമാണം 2027-ൽ ആരംഭിച്ച് 2033-ൽ പൂർത്തിയാക്കാനാണു ലക്ഷ്യമിടുന്നത്.

തൃശൂർ-കോഴിക്കോട്, കോഴിക്കോട്-കണ്ണൂർ, കണ്ണൂർ-കാസർകോട് എന്നിങ്ങനെയാണ് 2,3,4 ഘട്ടങ്ങൾ. പദ്ധതി പൂർത്തിയാക്കാൻ 12 വർഷമാണു കണക്കുകൂട്ടുന്നത്. ഭാവിയിൽ പാലക്കാട്ടുനിന്നു കോയമ്പത്തൂർ, തിരുവനന്തപുരത്തുനിന്നു കന്യാകുമാരി, കാസർകോട്ടുനിന്നു മംഗളൂരു എന്നിവിടങ്ങളിലേക്കു നീട്ടാനും ലക്ഷ്യമിടുന്നു.

കൊച്ചി മെട്രോയുമായും നിർമിക്കാൻ പോകുന്ന തിരുവനന്തപുരം, കോഴിക്കോട് മെട്രോകളുമായും ബന്ധിപ്പിച്ചുള്ള ആർ.ആർ.ടി.എസ് പാതയ്ക്കുള്ള പണം സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ 20% വീതം ഫണ്ടും രാജ്യാന്തര ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള 60% വായ്പയുമായി കണ്ടെത്താനാണു ലക്ഷ്യമിടുന്നത്. സംസ്ഥാന ബജറ്റിലെ 100 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

പാതയുടെ കൂടുതൽ ഭാഗങ്ങളും തൂണുകളിലൂടെയായിരിക്കും. ആവശ്യമുള്ള സ്ഥലങ്ങളിൽ തുരങ്കങ്ങൾ നിർമിക്കും. ഡൽഹി-മീററ്റ് ആർആർടിഎസ് പദ്ധതി നടപ്പാക്കിയ നാഷനൽ ക്യാപ്പിറ്റൽ റീജൻ ട്രാൻസ്പോർട്ട് കോർപറേഷനുമായി കേരളം അനൗദ്യോഗിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

## മുൻ എംൽഎ എം. മുരളി അന്തരിച്ചു



മാവേലിക്കര: മുൻ എംഎൽഎയും മുതിർന്ന കോൺഗ്രസ് നേതാവുമായ എം. മുരളി (74) അന്തരിച്ചു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 1991 മുതൽ തുടർച്ചയായി നാലു തവണ മാവേലിക്കര നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരച്ചു. രാജീവ് ഗാന്ധി പഞ്ചായത്തീരാജ് സമിതി സംസ്ഥാന ചെയർമാനായിരുന്നു.

1972 മുതൽ 1977 വരെ കെഎസ്‌യു ജില്ലാ ജനറൽ സെക്രട്ടറിയും പ്രസിഡന്റുമായിരുന്നു. 1978- ൽ കെഎസ്‌യു സംസ്ഥാന വൈസ് പ്രസിഡന്റും 1979-ൽ ജനറൽ സെക്രട്ടറിയും 1980-ൽ സംസ്ഥാന പ്രസിഡന്റുമായി. യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ദേശീയ കൗൺസിൽ അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു.

1987-ൽ ഡൽഹിയിൽ നടന്ന ചേരീചേരാ രാഷ്ട്രങ്ങളിലെ യുവജന സമ്മേളനത്തിന്റെ കോ- ഓർഡിനേറ്റർ എന്നീ നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. 1991-ൽ മാവേലിക്കര നിയമസഭാ മണ്ഡലത്തിൽനിന്ന് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. സിപിഎമ്മിന്റെ എസ്. ഗോവിന്ദ കുറുപ്പിനെയാണ് അന്ന് എം. മുരളി പരാജയപ്പെടുത്തിയത്. 2011 വരെ മണ്ഡലം നിലനിർത്തി. 2011-ൽ കായംകുളത്തുനിന്നും 2021-ൽ ചെങ്ങന്നൂർ മണ്ഡലത്തിൽനിന്നുമത്സരിച്ചു പരാജയപ്പെട്ടു. എംജി സർവകലാശാലയുടെ സെനറ്റ് അംഗവും കെഎസ്ഇബിയുടെ കൺസൾട്ടീവ് കമ്മിറ്റി അംഗവുമായിരുന്നു. കെഎസ്ഇബി ബോർഡ് ഡയറക്ടറായും കേരള സംസ്ഥാന ബോർഡംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാളം സർവകലാശാല എന്ന ആശയം ആദ്യ സ്വകാര്യ ബില്ലായി നിയമസഭയിൽ കൊണ്ടുവന്നത് മുരളിയായിരുന്നു. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ആരംഭിക്കണമെന്ന ആശയവും നിയമസഭയിൽ മുന്നോട്ടുവെച്ചിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള പെൻഷൻ, വൃദ്ധജന കമ്മീഷൻ എന്നീ ബില്ലുകളും അദ്ദേഹത്തിന്റേതായിരുന്നു. നിയമസഭയിൽ ഏറ്റവും കൂടുതൽ ബില്ലുകൾ അവതരണാനുമതി നേടി പ്രമേയം അവതരിപ്പിച്ച എംഎൽഎകൂടിയാണ്.

ഭാര്യ: പ്രഫ. കെ.എസ്. രമാദേവി. മക്കൾ: ഡോ. മിഥുൻ മുരളി കൃഷ്ണ, ഡോ. മൃദുൽ മുരളി കൃഷ്ണ, ഡോ. മൃണാൾ മുരളി കൃഷ്ണ. മരുമക്കൾ: രേഷ്മ രമേശ്, ഡോ. നിവേദിത, ഡോ. മേഘ്ന ജോസഫ്.

## ഡൽഹിയിൽ 500-ലധികം സ്ത്രീകളെ കാണാതായതായി റിപ്പോർട്ട്

ന്യൂഡൽഹി: ഈ വർഷത്തെ ആദ്യ 15 ദിവസങ്ങളിൽ രാജ്യതലസ്ഥാനത്ത് എണ്ണൂറിലധികം പേരെ കാണാതായെന്ന് ഡൽഹി പോലീസിന്റെ ഔദ്യോഗിക കണക്ക്. ജനുവരി ഒന്നു മുതൽ 15 വരെ 807 പേരെ കാണാതായ കേസുകളുണ്ടെന്നും ഇതിൽ 509 പേരും സ്ത്രീകളും പെൺകുട്ടികളുമാണെന്നും പോലീസ് കണക്കുകൾ വ്യക്തമാക്കുന്നു. രാജ്യതലസ്ഥാനത്തെ പൗരസുരക്ഷയെപ്പറ്റി നിർണായക ചോദ്യങ്ങളുയർത്തുന്ന റിപ്പോർട്ടിൽ ആദ്യ രണ്ടാഴ്ച കാണാതായവരിൽ 191 പേർ പ്രായപൂർത്തിയാകാത്തവരാണെന്നും ചൂണ്ടിക്കാട്ടുന്നുണ്ട്. രാജ്യതലസ്ഥാനത്ത് പ്രതിദിനം ശരാശരി 54 പേരെ കാണാതാകുന്നുണ്ടെന്നു വ്യക്തമാക്കുന്ന റിപ്പോർട്ടിൽ ആദ്യരണ്ടാഴ്ച രേഖപ്പെടുത്തിയ 807 തിരോധാന കേസുകളിൽ 298 എണ്ണം പുരുഷന്മാരുടേതാണ്. കാണാതായവരിൽ 235പേരെ കണ്ടെത്തിയിട്ടുണ്ടെങ്കിലും 572 പേരെക്കുറിച്ച് ഇനിയും വിവരമില്ലെന്ന് പോലീസ് രേഖകൾ വ്യക്തമാക്കുന്നു. കാണാതായ 191 പ്രായപൂർത്തിയാകാത്തവരിൽ 146പേർ പെൺകുട്ടികളും 45 പേർ ആൺകുട്ടികളുമാണ്. കാണാതായ കൗമാരക്കാരുടെ കേസിലെ 71 ശതമാനം ഇപ്പോഴും തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പോലീസ് ഡാറ്റ ചൂണ്ടിക്കാട്ടുന്നു.

ഡൽഹി പോലീസിന്റെ കണക്കനുസരിച്ച് കഴിഞ്ഞ പത്തുവർഷത്തിനിടെ 2,32,737 പേരെയാണു രാജ്യതലസ്ഥാനത്തുനിന്ന് കാണാതായത്. ഇതിൽ 1.8 ലക്ഷത്തിനടുത്ത് വ്യക്തികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും 52,000-ത്തിനടുത്ത് കേസുകൾ ഇപ്പോഴും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല.

2016 മുതലുള്ള എല്ലാ വർഷവും ശരാശരി 5000ത്തിലധികം കൗമാരക്കാരെ കാണാതായെന്നും ഇതിൽ 3500-നടുത്ത് കേസുകളിൽ പെൺകുട്ടികളെയാണു കാണാതായതെന്നും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. കാണാതായവരുടെ സ്ഥിതി ട്രാക്ക് ചെയ്യുന്നതിനായി ഔദ്യോഗിക പോർട്ടൽ ഡൽഹി പോലീസ് വികസിപ്പിച്ചിട്ടുണ്ട്.

## വാട്സാപ്പിനും മെറ്റയ്ക്കും സുപ്രീംകോടതിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: വ്യക്തിഗത വിവരങ്ങൾ പങ്കുവയ്ക്കുന്നതിനെതിരേ വാട്സാപ്പിനും മെറ്റയ്ക്കും സുപ്രീംകോടതിയുടെ രൂക്ഷവിമർശനം. രാജ്യത്തിന്റെ ഭരണഘടനയനുസരിച്ചുള്ള നിയമങ്ങൾ പാലിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഇന്ത്യ വിട്ടുപോകണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് കമ്പനിക്കു താക്കീത് നൽകി.

സ്വകാര്യത ലംഘിച്ച് കോടിക്കണക്കിന് ഇന്ത്യൻ ഉപഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ പങ്കുവച്ച് വാണിജ്യപരമായി ചൂഷണം ചെയ്യാൻ വാട്സാപ്പിനെയും മാതൃസ്ഥാപനമായ മെറ്റയെയും അനുവദിക്കില്ലെന്ന് കോടതി മുന്നറിയിപ്പ് നൽകി. സ്വകാര്യ വിവരങ്ങൾ പങ്കുവയ്ക്കുന്നത് മോഷ്ടിക്കുന്നതിനു തുല്ല്യമാണ്. ഇത്തരത്തിൽ വ്യക്തിഗതവിവരങ്ങൾ മറ്റുള്ളവരുടെ കൈവശമെത്തുന്നതിൽ സുപ്രീംകോടതി ആശങ്ക പ്രകടിപ്പിച്ചു.

വാട്സാപ്പും മെറ്റയും ഈ രാജ്യത്തിന്റെ ഭരണഘടനാവാദത്തെ പരിഹസിക്കുകയാണ്. ആളുകളുടെ സ്വകാര്യതയ്ക്കുള്ള അവകാശം നിങ്ങൾക്ക് എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് കോടതി ചോദിച്ചു. ഡാറ്റയ്ക്കായി ആളുകൾ നിങ്ങൾക്ക് പണം നൽകുന്നു. ഉപഭോക്താവിനു വേറെവഴിയില്ല. നിങ്ങൾ ഒരു കുത്തക സൃഷ്ടിച്ചു. ജനങ്ങളുടെ വ്യക്തിഗത വിവരങ്ങളുടെ ഒരു വാക്കുപോലും പങ്കുവയ്ക്കാൻ അനുവദിക്കില്ലെന്നും കോടതി പറഞ്ഞു.

## ഖാദി മേഖലയെ പ്രോത്സാഹിപ്പിക്കാൻ മഹാത്മാഗാന്ധിയുടെ പേരിൽ പദ്ധതി

ന്യൂഡൽഹി: തൊഴിലുറപ്പ് പദ്ധതിയിൽനിന്നു രാഷ്ട്രപിതാവിന്റെ പേര് നീക്കിയതിന്റെ വിവാദം കെട്ടടങ്ങുന്നതിനുമുന്നേ കേന്ദ്ര ബജറ്റിൽ മഹാത്മാഗാന്ധിയുടെ പേരിൽ പുതിയ പദ്ധതി. രാജ്യത്തെ ഖാദി, കൈത്തറി, കരകൗശലമേഖലയെ ശക്തിപ്പെടുത്താൻ മഹാത്മാഗാന്ധി സ്വരാജ് എന്ന പേരിലുള്ള പദ്ധതിയാണ് കേന്ദ്രം ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്.


ഈ മേഖലകളിൽ നൈപുണ്യ വികസനവും പരിശീലനവും നൽകി ഉത്പാദനത്തെ പിന്തുണച്ചുകൊണ്ട് ഖാദി, കൈത്തറി, കരകൗശല ഉത്പന്നങ്ങളെ ബ്രാൻഡിങ്ങിനു വിധേയമാക്കുന്നതും ആഗോളവ്യാപാരവുമായി ബന്ധിപ്പിക്കുന്നതുമാണ് പദ്ധതി. ഇതിനോടൊപ്പം തന്നെ ടെക്സ്റ്റൈൽ മേഖലയ്ക്ക് ഊർജം നൽകുവാനായി മെഗാ ടെക്സ്റ്റൈൽ പാർക്കുകളും സ്ഥാപിക്കാൻ ധനമന്ത്രി നിർമലാ സീതാരാമൻ നിർദേശിച്ചിട്ടുണ്ട്.








# കർദ്ദിനാൾ ഡോ. ആന്റണി പൂല സിബിസിഐ പ്രസിഡണ്ട്

ബെംഗളൂരു: ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (സിബിസിഐ) പ്രസിഡണ്ടായി ഹൈദരാബാദ് ആർച്ച്ബിഷപ് കർദ്ദിനാൾ ഡോ. ആന്റണി പൂല തെരഞ്ഞെടുക്കപ്പെട്ടു. ബംഗളൂരു സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ നടക്കുന്ന സിബിസിഐയുടെ മുപ്പത്തേഴാമതു ജനറൽ ബോഡിയിലായിരുന്നു തെരഞ്ഞെടുപ്പ്. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ പിൻഗാമിയായാണു നിയമനം.


കർദ്ദിനാൾ ഡോ. ആന്റണി പൂല


ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ്


ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്


ആർച്ച്ബിഷപ് ഡോ. അനിൽ കൂട്ടോ

ദളിത് വിഭാഗത്തിൽനിന്ന് സിബിസിഐ അധ്യക്ഷപദവിയിലെത്തുന്ന ആദ്യത്തെ മെത്രാനാണ് കർദ്ദിനാൾ ഡോ. ആന്റണി പൂല. തിരുവല്ല ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസിനെ സിബിസിഐയുടെ ഒന്നാം ഉപാദ്ധ്യക്ഷനായും കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ടിനെ രണ്ടാം ഉപാദ്ധ്യക്ഷനായും തെരഞ്ഞെടുത്തു. ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ കൂട്ടോ സിബിസിഐ സെക്രട്ടറി ജനറലായും റവ. ഡോ. മാത്യു കോയിക്കൽ ഡെപ്യൂട്ടി സെക്രട്ടറി ജനറലായും തുടരും. കർദ്ദിനാൾ പൂലയും ആർച്ച്ബിഷപ് കൂട്ടോയും ലത്തീൻ സഭയിൽനിന്നും ആർച്ച്ബിഷപ് മാർ കൂറിലോസ് സീറോ മലബാർ സഭയിൽനിന്നുമാണ്.

രണ്ടു വർഷത്തേക്കാണ് നിയമനങ്ങൾ. 1961 നവംബർ 15-ന് ആന്ധ്രയിലെ കർണൂൽ രൂപതയിലെ പോളൂരുവിലാണ് കർദ്ദിനാൾ പൂലയുടെ ജനനം. 1992 ഫെബ്രുവരി 20-ന് പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം കടപ്പ രൂപതാ വൈദികനായിരുന്നു. 2008 ഫെബ്രുവരി എട്ടിന് കർണൂൽ മെത്രാനായി. 2020 നവംബർ 19 മുതൽ ഹൈദരാബാദ് ആർച്ച്ബിഷപ്പാണ്. 2022 ഓഗസ്റ്റ് 27-ന് ഫ്രാൻസിസ് മാർപാപ്പ ഇദ്ദേഹത്തെ കർദിനാളായി ഉയർത്തി.

# കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ടിന് സിബിസിഐ ദേശീയ അവാർഡ്



കോട്ടയം: സഭയ്ക്കും സമൂഹത്തിനും രാജ്യത്തിനും മാതൃകയായ സേവനം കാഴ്ചവെച്ച വ്യക്തികളെ ആദരിക്കുന്നതിനായി കാത്തലിക് ബിഷപ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) ദേശീയ തലത്തിൽ ഏർപ്പെടുത്തിയ അവാർഡിന് കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അർഹനായി. മാധ്യമ മേഖലയിലെ സംഭാവനകൾ, സാമൂഹിക സേവനം, സുസ്ഥിര വികസനം, പ്രകൃതി ദുരന്തങ്ങളിലെ ഇടപെടചൽ, സഭാശുശ്രൂഷ, നേതൃത്വം എന്നീ മേഖലകളിലെ വിശിഷ്ട സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. ഫെബ്രുവരി ഒമ്പതിന് വൈകുന്നേരം അഞ്ചിന് ബെംഗ്ളൂരു സെന്റ് ജോൺസ് മെഡിക്കൽ കോളജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന അവാർഡ്ദാന ചടങ്ങിൽ കർണാടകയിലെ ഊർജ വകുപ്പ് മന്ത്രി കെ.ജെ. ജോർജ് മുഖ്യാതിഥിയാകും. ഇന്ത്യയിലെ ബിഷപ്പുമാർ, സഭാ നേതാക്കൾ, സാമൂഹിക രംഗത്തെ പ്രമുഖർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

# സൈബർ തട്ടിപ്പ്: കർണാടകയിൽ മാത്രം 42,000 വ്യാജ അക്കൗണ്ടുകൾ

ബെംഗളൂരു: സൈബർ തട്ടിപ്പിന് ഉപയോഗിച്ച 42,000 വ്യാജ ബാങ്ക് അക്കൗണ്ടുകൾ കർണാടകയിൽ കണ്ടെത്തി. ഈ അക്കൗണ്ടുകൾ വഴി 100 കോടിയിലധികം രൂപയുടെ തട്ടിപ്പാണു നടന്നത്.

സൈബർ കമാൻഡ് യൂണിറ്റ് (കെസിസിയു) നടത്തിയ പരിശോധനയിലാണിതു കണ്ടെത്തിയത്.

10,000 മുതൽ 20,000 രൂപ വരെ നൽകി ആധാറും വ്യക്തിഗത ബാങ്കിങ് വിവരങ്ങളും കൈക്കലാക്കിയാണു തട്ടിപ്പിന് ഉപയോഗിക്കുന്നത്.

ഓൺലൈൻ വാതുവയ്പ്, ഡിജിറ്റൽ അറസ്റ്റ് എന്നിവയിലൂടെയാണു പണം സമാഹരിക്കുന്നത്.

വൻ തുകകൾ എത്തുന്ന അക്കൗണ്ടുകളെക്കുറിച്ചു ബാങ്കിങ് സമിതി അന്വേഷണം നടത്തണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.

# കെ.സി.എസ് ചിക്കാഗോയുടെ വാലന്റൈൻസ് ഡേ/കപ്പിൾസ് നൈറ്റ് ആഘോഷം അതിഗംഭീരമായി

**ഷാജി പള്ളിവീട്ടിൽ**

ചിക്കാഗോ: ഫെബ്രുവരി 7-ന് റിവേഴ്സ് കാസിനോയിൽ വെച്ച് നടത്തപ്പെട്ട ചിക്കാഗോ കെ.സി.എസിന്റെ വാലന്റൈൻസ് ഡേ/കപ്പിൾസ് നൈറ്റ് ആഘോഷങ്ങൾ അക്ഷരാർത്ഥത്തിൽ അതിഗംഭീരമായി. വാലന്റൈൻസ് ഡേ കപ്പിൾസ് നൈറ്റ് ആഘോഷങ്ങൾ കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല ഉദ്ഘാടനം ചെയ്യുകയുണ്ടായി. ബലൂൺ ഉദ്ഘാടനത്തോടെ വൈകിട്ട് 6-ന് തുടങ്ങിയ ആഘോഷങ്ങൾ 10 മണിക്കു ശേഷവും തുടരുകയായിരുന്നു. റിവേഴ്സ് കാസിനോയുടെ വ്യത്യസ്തമായ സൈറ്റിൽ വെച്ച് നടത്തപ്പെട്ട വ്യത്യസ്തതയാർന്ന പരിപാടികൾ ആഘോഷങ്ങൾക്ക് മിഴിവേകി. നിധിൻ പടിഞ്ഞാത്തിന്റെ മാസ്റ്റർ സെറിമണിയിൽ പരിപാടികൾ വളരെ കൃത്യതയോടെ നടത്തപ്പെട്ടു.

കെ.സി.എസ് ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറവും ട്രഷറർ ടീന നെടുവാമ്പുഴയും നേതൃത്വം കൊടുത്ത ജപാർഡി ഗെയിം പങ്കെടുത്തവർക്ക് ആസ്വാദ്യകരവും സംവദിക്കാൻ അവസരവും നല്കി.

കെ.സി.എസിന്റെ വാലന്റൈൻസ് ഡേ കപ്പിൾസ് നൈറ്റ് ആഘോഷങ്ങൾക്ക് നാട്ടിൽനിന്ന് എത്തിച്ചേർന്ന ലക്ഷ്മി ജയന്റെ മാസ്മരിക പ്രകടനം പ്രധാന ഹൈലൈറ്റ് ആയിരുന്നു. അസാദ്ധ്യമെന്നു കരുതിയിരുന്ന മ്യൂസിക് നോട്ടുകൾ വയലിനിൽ പ്രകമ്പനം കൊള്ളിച്ചപ്പോൾ ആഘോഷങ്ങൾ മറ്റൊരു തലത്തിലേക്ക് ഉയർന്നു.

മെയിൽ ആൻഡ് ഫീമെയിൽ വോയിസിൽ ലക്ഷ്മി ജയൻ ഗാനങ്ങൾ ആലപിച്ചപ്പോൾ, പങ്കെടുത്ത എല്ലാവരും ലക്ഷ്മിയുടെ പാട്ടിനൊത്ത് ചുവടുവെച്ചപ്പോൾ ആഘോഷങ്ങൾ അതിന്റെ ഉച്ചസ്ഥായിയിലെത്തി. കെ.സി.എസ് ചിക്കാഗോയുടെ വാലന്റൈൻസ് ഡേ/കപ്പിൾസ് നൈറ്റ് ആഘോഷങ്ങളുടെ സർവ്വകാല റെക്കോർഡുകളും ഭേദിച്ചുകൊണ്ട് ഏറ്റവും ആസ്വാദ്യകരമായി എന്ന് പങ്കെടുത്തവർ എല്ലാവരും അഭിപ്രായപ്പെടുകയും സംഘാടകരെ അഭിനന്ദിക്കുകയും ആഘോഷങ്ങൾ ഇത്ര മനോഹരമായി സംഘടിപ്പിക്കുവാൻ ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കോ-ഓർഡിനേറ്റേഴ്സിനോടും പല പ്രാവശ്യം സൈറ്റ് വിസിറ്റ് നടത്തി എല്ലാം ഭംഗിയായി പോകും എന്ന് ഉറപ്പാക്കിയ കെ.സി.എസ് വൈസ് പ്രസിഡണ്ട് മാറ്റ് വിളങ്ങാട്ടുശേരിയോടും മറ്റ് എക്സിക്യൂട്ടീവ് മെംബേഴ്സിനോടും പങ്കെടുത്ത എല്ലാവരോടും കെ.സി.എസ്. ജനറൽ സെക്രട്ടറി ഷാജി പള്ളിവീട്ടിൽ നന്ദി അറിയിച്ചുകൊണ്ട് പരിപാടികൾ അവസാനിച്ചു.







# പ്രധാനമന്ത്രിയുടെ മറുപടിയില്ലാതെ നന്ദിപ്രമേയം പാസാക്കി ലോക്സഭ

ന്യൂഡൽഹി: പ്രതിപക്ഷ ബഹളത്തിനിടെ, പ്രധാനമന്ത്രിയുടെ മറുപടിയില്ലാതെ രാഷ്ട്രപതിയുടെ പ്രസംഗത്തിൻമേലുള്ള നന്ദിപ്രമേയം പാസാക്കി ലോക്സഭ. 2004-നുശേഷം ആദ്യമായാണിത്. 2004-ൽ അന്നത്തെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനു ബജറ്റ് ചർച്ചയ്ക്ക് മറുപടി നൽകാൻ കഴിഞ്ഞിരുന്നില്ല.

ബജറ്റ് സമ്മേളനത്തിനു മുന്നോടിയായി 28-നു പാർലമെന്റിന്റെ സംയുക്തസമ്മേളനത്തെ അഭിസംബോധന ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു നടത്തിയ പ്രസംഗത്തിനാണ് ലോക്സഭ ഫെബ്രുവരി അഞ്ചിന് അംഗീകാരം നൽകിയത്.

ലോക്സഭാ സ്പീക്കർ ഓം ബിർല നന്ദി പ്രമേയത്തിന് പ്രതിപക്ഷം അവതരിപ്പിച്ച ഭേദഗതികൾ വോട്ടിനിട്ടെങ്കിലും അവ നിരസിക്കപ്പെട്ടു. തുടർന്ന് സ്പീക്കർ നന്ദി പ്രമേയം വായിച്ചു. പ്രതിപക്ഷ അംഗങ്ങളുടെ മുദ്രാവാക്യങ്ങൾക്കിടയിൽ ശബ്ദവോട്ടോടെ പ്രമേയം പാസായി.

നാലിനും അഞ്ചിനും നന്ദി പ്രമേയത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി മറുപടി നൽകുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ, പ്രതിപക്ഷ അംഗങ്ങളുടെ ആവർത്തിച്ചുള്ള പ്രതിഷേധങ്ങളെയും ബഹളത്തെയും തുടർന്ന് സ്പീക്കർ സഭ പിരിച്ചുവിട്ടു.

അഞ്ചിന് രാവിലെ 11-ന് ആരംഭിച്ച ലോക്സഭാ സമ്മേളനം, പ്രധാനമന്ത്രി മോദിയെയും കേന്ദ്രസർക്കാരിനെയും ലക്ഷ്യമിട്ട് പ്രതിപക്ഷ എംപിമാർ മുദ്രാവാക്യം വിളിച്ചതിനെത്തുടർന്ന് ഉടൻ നിർത്തിവെച്ചു.

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് സംസാരിക്കാനുള്ള അവകാശം നിഷേധിച്ചെന്നു പ്രതിപക്ഷം ആരോപിച്ചു. അഞ്ചിന് മൂന്നു തവണയാണു സഭ നിർത്തിവെച്ചത്.

രാവിലെ 11-ന് ആരംഭിച്ച് ഒരു മിനിറ്റിനുള്ളിൽ നിർത്തി. 12-ന് നടപടികൾ പുനരാരംഭിച്ചെങ്കിലും ബഹളത്തെത്തുടർന്ന് വീണ്ടും നിർത്തിവെച്ചു.

രണ്ടു മണിക്ക് നടപടികൾ പുനരാരംഭിച്ചെങ്കിലും വീണ്ടും ഉച്ചകഴിഞ്ഞ് മൂന്നുവരെ നിർത്തിവെച്ചു. ഇതിനു പിന്നാലെ സഭ പിരിഞ്ഞു.

2020-ലെ ഇന്ത്യ-ചൈന സംഘർഷത്തെ പരാമർശിക്കുന്ന മുൻ കരസേനാ മേധാവി എം.എം. നരവാനെയുടെ പ്രസിദ്ധീകരിക്കാത്ത ഓർമക്കുറിപ്പിനെ ച്ചൊല്ലിയുള്ള തർക്കമാണ് സഭാ നടപടികൾ തുടർച്ചയായി തടസപ്പെടുത്തിയത്.

പുസ്തകത്തിലെ ഭാഗങ്ങൾ രാഹുൽ ഗാന്ധി സഭയിൽ ഉദ്ധരിച്ചത് സഭാ ചട്ടങ്ങൾക്കു വിരുദ്ധമാണെന്നു ബിജെപി ആരോപിച്ചു.

സ്പീക്കർ രാഹുലിന്റെ പ്രസംഗത്തിന്റെ സമയം വെട്ടിക്കുറയ്ക്കുകയും ചെയ്തു.

എന്നാൽ, രാഹുലിനെ സംസാരിക്കാൻ അനുവദിച്ചില്ലെന്നാരോപിച്ചു പ്രതിപക്ഷവും പ്രതിഷേധിച്ചു. ഏപ്രിൽ രണ്ടിനാണ് ബജറ്റ് സമ്മേളനം അവസാനിക്കുന്നത്.




# കൊറിയൻ ഗെയിംകളിക്കുന്നത് വിലക്കി; മൂന്ന് സഹോദരിമാർ കെട്ടിടത്തിൽനിന്നു ചാടി മരിച്ചു

ഗാസിയാബാദ്: കൊറിയൻ മൊബൈൽ ഗെയിമുകളോടുള്ള അമിതാസക്തി മൂലം ഗാസിയാബാദിൽ പ്രായപൂർത്തിയാകാത്ത മൂന്നു സഹോദരിമാർ കെട്ടിടത്തിൽനിന്നു ചാടി ജീവനൊടുക്കി.

ഭാരത് സിറ്റിയിലെ ചേതൻ കുമാർ എന്നയാളുടെ മക്കളായ പാഖി(12), പ്രാചി (14) വിഷിക (16) എന്നിവരാണ് ഇവർ താമസിക്കുന്ന അപ്പാർട്ട്മെന്റിന്റെ ഒമ്പതാം നിലയിലെ ബാൽക്കണിയിൽനിന്നു ചാടി ജീവനൊടുക്കിയത്.

പിതാവിന് ഇവരെഴുതിയ എട്ടുപേജുള്ള ആത്മഹത്യാക്കുറിപ്പും കണ്ടെടുത്തു. ബാൽക്കണിക്കു പുറത്തെ മുറിയിൽ ക്ഷമിക്കണം പപ്പ എന്ന കുറിപ്പ് എഴുതിവച്ചശേഷമായിരുന്നു കുട്ടികൾ കെട്ടിടത്തിൽനിന്നു ചാടിയത്.

ഗെയിം കളിക്കുന്നതു വിലക്കിയ പിതാവ് മൊബൈൽ ഫോൺ എടുത്തുകൊണ്ടുപോയതാണ് കുട്ടികളെ ആത്മഹത്യയ്ക്കു പ്രേരിപ്പിച്ചതെന്നാണു പ്രാഥമിക നിഗമനം. രാത്രി ബാൽക്കണിയിലെത്തി വാതിൽ പുറത്തുനിന്നു പൂട്ടിയശേഷമാണു കെട്ടിടത്തിൽനിന്നു ചാടിയത്. ശബ്ദംകേട്ട് ഓടിയെത്തിയവരാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്. വിവരമറിഞ്ഞ് വീട്ടുകാർ പൂട്ടുപൊളിച്ച് ബാൽക്കണിയിലെത്തിയെങ്കിലും വൈകിപ്പോയിരുന്നു.



കുട്ടികൾ മൂന്നുപേരും എപ്പോഴും ഒന്നിച്ചായിരുന്നുജീവിതമെന്നും പോലീസ് പറഞ്ഞു. പരീക്ഷകൾക്കു പരാജയപ്പെട്ടതോടെ രണ്ടു കുട്ടികൾ രണ്ടു വർഷത്തോളമായി സ്കൂളിൽ പോയിരുന്നില്ല.

കോവിഡ് ലോക്ക്ഡൗൺ കാലത്താണ് ഇവർ കൊറിയൻ മൊബൈൽ ഗെയിം കളിച്ചുതുടങ്ങിയത്. ഇതോടെ കൊറിയൻ സംസ്കാരത്തോട് ആസക്തി വർധിച്ച കുട്ടികൾ കൊറിയൻ പേരുകൾ പോലും സ്വീകരിച്ചിരുന്നതായും കൊറിയയിലേക്കു പോകാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നതായും ഡെപ്യൂട്ടി പോലീസ് കമ്മിഷണർ നിമിഷ് പട്ടേൽ പറഞ്ഞു. പെൺകുട്ടികൾ കൊറിയൻ സംസ്കാരത്തിന്റെ സ്വാധീനത്തിലായിരുന്നുവെന്ന് വ്യക്തമാണ്. ആത്മഹത്യാക്കുറിപ്പിൽ അവർ അതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കുട്ടികൾക്ക് മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് വിലക്ക് ഏർപ്പെടുത്തിയതാണ് ആത്മഹത്യയ്ക്കു കാരണമെന്നാണു സൂചനയെന്നും അദ്ദേഹം പറഞ്ഞു.

കുട്ടികളുടെ ആത്മഹത്യാക്കുറിപ്പിലും അതിൽ അവർ പരാമർശിച്ചിരിക്കുന്ന ഒരു ഡയറിയും കേന്ദ്രീകരിച്ചാണ് പോലീസിന്റെ അന്വേഷണം. ഈ ഡയറിയിൽ എഴുതിയിരിക്കുന്നതെല്ലാം വായിക്കുക. കാരണം എല്ലാം സത്യമാണ്. എനിക്ക് ശരിക്കും ഖേദമുണ്ട്. ക്ഷമിക്കണം പപ്പ എന്നാണു കുറിപ്പിലുള്ളത്. കൈകൊണ്ട് വരച്ച കരയുന്ന ഇമോജിയും കുറിപ്പിനൊപ്പം ഉണ്ടായിരുന്നു.

പപ്പ ക്ഷമിക്കണം കൊറിയ ഞങ്ങളുടെ ജീവിതമാണ്. കൊറിയയാണ് ഞങ്ങളുടെ ഏറ്റവും വലിയ സ്നേഹം. നിങ്ങൾ എന്തു പറഞ്ഞാലും ഞങ്ങൾക്ക് അത് ഉപേക്ഷിക്കാൻ കഴിയില്ല. അതിനാൽ ഞങ്ങൾ സ്വയം ജീവിതം അവസാനിപ്പിക്കുകയാണ്.

നിങ്ങൾ ഞങ്ങളെ കൊറിയക്കാരിൽനിന്ന് അകറ്റാൻ ശ്രമിച്ചു. പക്ഷേ, ഞങ്ങൾ കൊറിയക്കാരെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് ഇപ്പോൾ നിങ്ങൾക്കറിയാം-എന്നും കുട്ടികൾ ഡയറിയിൽ കുറിച്ചിട്ടുണ്ട്.






# അങ്കമാലി – ശബരി റെയിൽപാത: ഭൂമി ഏറ്റെടുക്കൽ ഉടൻ തുടങ്ങും

തിരുവനന്തപുരം: 25 വർഷമായി മുടങ്ങിക്കിടക്കുന്ന അങ്കമാലി -ശബരി റെയിൽപ്പാതയുടെ നിർമാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ തീരുമാനിച്ചു. സംസ്ഥാനത്തെ റെയിൽവേ ചുമതലയുള്ള മന്ത്രി വി. അബ്ദുറഹിമാൻ ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം.

നിലവിൽ പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കാൻ 1,361 കോടി രൂപയും നിർമ്മാണത്തിനു 2439.93 കോടിയും ഉൾപ്പെടെ 3800.9 കോടി ചെലവ് വരും എന്നാണ് കണക്കാക്കുന്നത്. ഇതിന്റെ 50 ശതമാനമായ 1900 കോടി രൂപ സംസ്ഥാനം വഹിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ആവശ്യമായ അംഗീകൃത അലൈൻമെന്റും മാപ്പുകളും സംസ്ഥാനത്തിന് കൈമാറുമെന്ന് റെയിൽവേ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി ഓഫീസ് തുറക്കാനും ജീവനക്കാരെ നിയോഗിക്കാനും നിയമസഭയിൽ ചേർന്ന യോഗത്തിൽ മന്ത്രി വി. അബ്ദുറഹിമാൻ ബന്ധപ്പെട്ട ജില്ലകളിലെ കലക്ടർമാർക്ക് നിർദ്ദേശം നൽകി.

അങ്കമാലി മുതൽ എരുമേലി വരെ 111.48 കി.മീ ദൈർഘ്യമുള്ളതാണ് 1997–98 റെയിൽവേ ബജറ്റിൽ നിർദേശിക്കപ്പെട്ട പാത. 8 കി.മീ. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിരുന്നു. അങ്കമാലിക്കും കാലടിക്കും ഇടയിൽ 7 കി.മീ നിർമാണവും നടന്നതാണ്.

കെ.ആർ.ഡി.സി.എൽ തയാറാക്കിയ പുതിയ കണക്കു പ്രകാരം പദ്ധതിയ്ക്ക് 303.58 ഹെക്ടർ ഭൂമി ആവശ്യമാണ്. കെ.ആർ.ഡി.സി.എൽ ചെയർമാൻ, റെയിൽവേ ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.


# രാഷ്ട്രീയപ്പാർട്ടികളുടെ സൗജന്യ വാഗ്ദാനങ്ങൾ പരിശോധിക്കും

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ രാഷ്ട്രീയപ്പാർട്ടികൾ സൗജന്യവാഗ്ദാനങ്ങൾ പ്രഖ്യാപിക്കുന്ന വിഷയം മൂന്നംഗ ബെഞ്ച് പരിഗണിക്കുമെന്ന് സുപ്രീംകോടതി. അങ്ങേയറ്റം പ്രാധാന്യമുള്ള വിഷയമാണിതെന്നും പൊതുതാത്പര്യമുള്ളതാണെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

വിവിധ സംസ്ഥാനങ്ങളിലേക്കുള്ള നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നത് ചൂണ്ടിക്കാട്ടി ഹർജി അടിയന്തമായി പരിഗണിക്കണമെന്ന ആവശ്യമുയർന്നപ്പോഴായിരുന്നു കോടതിയുടെ ഇടപെടൽ. കേസ് വീണ്ടും മാർച്ചിൽ പരിഗണിക്കും. രാഷ്ട്രീയപ്പാർട്ടികളുടെ സൗജന്യവാഗ്ദാനങ്ങൾക്കെതിരെ പൊതുതാത്പര്യ ഹർജി നൽകിയ ബിജെപി നേതാവുകൂടിയായ അഭിഭാഷകൻ അശ്വിനി ഉപാധ്യായ് ആണ് ചീഫ് ജസ്റ്റിസിന്റെ ബെഞ്ചിനുമുന്നിൽ ഫെബ്രുവരി അഞ്ചിന് വ്യാഴാഴ്ച കേസ് പരാമർശിച്ചത്. വോട്ടർമാരെ ആകർഷിക്കാൻ വൻതോതിലുള്ള പ്രഖ്യാപനങ്ങളാണ് പാർട്ടികൾ നടത്തുന്നതെന്നും അതു തടയാൻ കോടതി ഇടപെടണമെന്നും ഹർജിക്കാരൻ പറഞ്ഞു. അഞ്ചു നിയമസഭാ തെരഞ്ഞെടുപ്പുകൾ വരുകയാണ്. സൂര്യനും ചന്ദ്രനും ഒഴികെയുള്ളതെല്ലാം പാർട്ടികളുടെ സൗജന്യ വാഗ്ദാനങ്ങളിലുണ്ടെന്നും അതെല്ലാം അഴിമതി പ്രവർത്തനങ്ങൾക്ക് തുല്യമാണെന്നും ഹർജിക്കാരൻ വാദിച്ചു.

തെരഞ്ഞെടുപ്പ് പ്രകടനപത്രികകളിലെ വാഗ്ദാനങ്ങൾ നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിനും തെരഞ്ഞെടുപ്പ് കമ്മീഷനും നിർദേശം നൽകണമെന്നാണ് ആവശ്യം. പൊതുഖജനാവിലെ പണം വെച്ചുള്ള ഇത്തരം വാഗ്ദാനങ്ങൾ അവസാനിപ്പിക്കണമെന്നും പാർട്ടികളുടെ അംഗീകാരം റദ്ദാക്കുന്നതടക്കം കടുത്ത നടപടി വേണമെന്നും ആവശ്യപ്പെട്ടു. ഹർജിയിന്മേൽ 2022 ജനുവരിയിൽത്തന്നെ സുപ്രീംകോടതി കേന്ദ്രത്തിനും തെരഞ്ഞെടുപ്പ് കമ്മീഷനും നോട്ടീസയച്ചിരുന്നതാണ്. ഗൗരവമുള്ള വിഷയമാണിതെന്ന് അന്ന് കേസ് പരിഗണിച്ച മുൻ ചീഫ് ജസ്റ്റിസ് എൻ.വി. രമണ അഭിപ്രായപ്പെട്ടിരുന്നു.

# എസ്.പി. വെങ്കിടേഷ് അന്തരിച്ചു



ചെന്നൈ: ത്രസിപ്പിക്കുന്ന ഗാനങ്ങൾ കൊണ്ട് മലയാളികളുടെ മനസ് കീഴടക്കിയ സംഗീത സംവിധായകൻ എസ്.പി. വെങ്കിടേഷ് (70) അന്തരിച്ചു. ഹൃദയാഘാതത്തെത്തുടർന്ന് ചെന്നൈയിലെ വസതിയിലായിരുന്നു അന്ത്യം. മലയാളത്തിൽ നൂറ്റമ്പത് ചലച്ചിത്രങ്ങളിലായി അഞ്ഞൂറിലധികം ഗാനങ്ങൾ വെങ്കിടേഷ് ചിട്ടപ്പെടുത്തി. കന്നഡ, തെലുങ്ക്, തമിഴ് സിനിമകളിലും നിരവധി ഗാനങ്ങൾ സംഗീതം നൽകി.

സംഗീതരാജൻ എന്നറിയപ്പെടുന്ന വെങ്കിടേഷ് മലയാളത്തിൽ അരങ്ങേറിയത് 1985–ൽ പുറത്തിറങ്ങിയ 'ജനകീയ കോടതി'യിലൂടെയായിരുന്നു. 1986ൽ പുറത്തിറങ്ങിയ സൂപ്പർഹിറ്റ് മോഹൻലാൽ സിനിമ രാജാവിന്റെ മകൻ ആണ് വെങ്കിടേഷിന് മലയാളസിനിമയിൽ സ്ഥാനമുറപ്പിച്ചത്. പശ്ചാത്തലസംഗീതരംഗത്തും വെങ്കിടേഷ് ഏറെ ശ്രദ്ധേയനായിരുന്നു. 1993 –ൽ പൈതൃകം, ജനം എന്നീ സിനിമകളുടെ സംഗീതസംവിധാനത്തിന് അദ്ദേഹത്തിന് സംസ്ഥാന പുരസ്കാരം ലഭിച്ചു. ജോഷി, തമ്പി കണ്ണന്താനം, സിദ്ദിഖ്–ലാൽ, ജയരാജ്, പ്രിയദർശൻ, ഭദ്രൻ തുടങ്ങിയ പ്രമുഖ സംവിധായകരുടെ സിനിമകളിൽ സഹകരിക്കാൻ വെങ്കിടേഷിനു കഴിഞ്ഞു. വെങ്കിടേഷ് സംഗീതസംവിധാനം നിർവഹിച്ചതിലേറെയും ഗിരീഷ് പുത്തഞ്ചേരിയുടെ ഗാനങ്ങളാണ്. പി. ഭാസ്കരൻ, ഒ.എൻ.വി കുറുപ്പ് തുടങ്ങിയവരുടെ ഗാനങ്ങൾക്കും ഈണം പകർന്നിട്ടുണ്ട്.

1971–ൽ സംഗീതസംവിധായകൻ വിജയ്ഭാസ്കറിനൊപ്പം ഗിറ്റാർ വായിച്ചാണ് വെങ്കിടേഷ് സിനിമയിലെത്തുന്നത്. 1981–ൽ പ്രേമയുദ്ധ എന്ന തെലുങ്ക് ചിത്രത്തിലൂടെ സ്വതന്ത്ര സംഗീതസംവിധായകനായി. ഒരു ഗിറ്റാർ കൈയിലുണ്ടെങ്കിൽ എവിടെവച്ചും ഏതു നേരവും ഈണമുണ്ടാക്കുന്നയാളാണ് വെങ്കിടേഷെന്ന് സുഹൃത്തുക്കൾ സാക്ഷ്യപ്പെടുത്തുന്നു. കിലുകിൽ പമ്പരം, മീനവേനലിൽ, ഊട്ടിപ്പട്ടണം (കിലുക്കം), വാൽകണ്ണെഴുതിയ, സ്വയംവരമായ് (പൈതൃകം), കനകനിലാവേ (കൗരവർ), ആതിര വരവായി, അളകാപുരിയിൽ (തുടർക്കഥ), പാതിരാക്കിളി (കിഴക്കൻ പത്രോസ്), ശാന്തമീരാത്രിയിൽ, ചാഞ്ചക്കം തെന്നിയും (ജോണി വാക്കർ), താമരക്കണ്ണനുറങ്ങേണം (വാത്സല്യം), ചന്ദനക്കാറ്റേ (ഭീഷ്മാചാര്യ), നിലാവേ മായുമോ (മിന്നാരം), പൊൻമേഘമേ, താരനൂപുരം (സോപാനം) തുടങ്ങിയവയാണു വെങ്കിടേഷിന്റെ ശ്രദ്ധേയ ഗാനങ്ങൾ. 1955 മാർച്ച് അഞ്ചിനാണ് വെങ്കിടേഷ് ജനിച്ചത്. മാൻഡലിൻ വാദകൻ പഴനിയാണ് പിതാവ്.

# കാരിത്താസിൽ കാൻസർ ചികിത്സയ്ക്ക് ജീനോമിക്സ് സാങ്കേതികവിദ്യ

കോട്ടയം: കാരിത്താസ് ആശുപത്രിയിൽ കാൻസർ രോഗികൾക്ക് കൃത്യതയാർന്ന പരിശോധനയും പരിചരണവും ലഭിക്കുന്ന നൂതന ജീനോമിക്സ് സാങ്കേതികവിദ്യ ആരംഭിച്ചു. പ്രിസിഷൻ ഓങ്കോളജി കമ്പനിയായ ഫോർബേസ് കെയറുമായി സഹകരിച്ചാണ് കേരളത്തിൽ ആദ്യമായി ജീനോമിക്സ് ക്ലിനിക്കൽ പരിശോധന സംവിധാനം നടപ്പാക്കിയത്. ജീനോമിക്സ് ലാബിന്റെ ഉദ്ഘാടനം ഡയറക്ടർ റവ.ഡോ. ബിനു കുന്നത്ത് നിർവഹിച്ചു. ഫോർബേസ് കെയർ കൊമേഴ്സ്യൽ ഓപ്പറേഷൻസ് വൈസ് പ്രസിഡണ്ട് പ്രവീൺ ഝാ, കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ.ബോബൻ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

കാൻസർ രോഗികളുടെ കൃത്യതയാർന്ന പരിശോധനയ്ക്കു മുമ്പ് സംസ്ഥാനം ആശ്രയിച്ചിരുന്നത് മറ്റു സംസ്ഥാനങ്ങളെയാണ്. കാരിത്താസ് ആശുപത്രിയിൽ പ്രിസിഷൻ ഓങ്കോളജി കമ്പനിയായ ഫോർബേസ് കെയർ ക്ലിനിക് തുടങ്ങി ആധുനിക പരിശോധനാ ഉപകരണങ്ങളുടെ സഹായത്തോടെ പരിചരണം ആരംഭിച്ചതോടെ മധ്യകേരളത്തിലെ കാൻസർ രോഗീശുശ്രൂഷയ്ക്കു വൻ കുതിച്ചുചാട്ടമാകും.

ഡോക്ടർമാർക്ക് മികച്ച ചികിത്സാഫലങ്ങൾ ലഭിക്കുന്നതിന് ജീനോമിക് പരിശോധന ഉപയോഗിക്കാനും ഓരോ രോഗിയുടെയും തനതായ ട്യൂമർ പ്രൊഫൈലിനായി കൂടുതൽ ലക്ഷ്യബോധമുള്ളതും ഫലപ്രദവും അനുയോജ്യമായ ചികിത്സാപാതകൾ തെരഞ്ഞെടുക്കാനും അതുവഴി അനാവശ്യ പാർശ്വഫലങ്ങൾ കുറയ്ക്കാനും സാധിക്കും.


ഫോർബേസ് കെയറും കാരിത്താസ് ആശുപത്രിയും രോഗികൾക്ക് കൂടുതൽ വ്യക്തിഗത ഡാറ്റാ അധിഷ്ഠിത കാൻസർ ചികിത്സാ പരിചരണം വാഗ്ദാനം ചെയ്യുന്നു. കാരിത്താസ് ആശുപത്രിയിൽ കാരുണ്യത്തോടും വിശ്വസ്തതയോടും ആധുനിക പരിചരണം നൽകുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കാരിത്താസ് ആശുപത്രി ഡയറക്ടറും സിഇഒയുമായ റവ.ഡോ. ബിനു കുന്നത്ത് പറഞ്ഞു. രോഗീ കേന്ദ്രീകൃത കാൻസർ പരിചരണം ശക്തിപ്പെടുത്തുന്നതിൽ പുതിയ ചുവടു വയ്പാണ് ഫോർബേസ് കെയറുമായുള്ള സഹകരണമെന്നും അത്യാധുനിക ജീനോമിക് സാങ്കേതിക വിദ്യകൾ ക്ലിനിക്കൽ പ്രാക്ടീസിലേക്ക് കൊണ്ടുവരുന്നതിലൂടെ ഓരോ കാൻസർ രോഗിക്കും സമയബന്ധിതവും വ്യക്തിഗതവുമായ പരിചരണവും ലഭിക്കാൻ സാധിക്കുമെന്നും ഫോർബേസ് കെയർ സഹസ്ഥാപകനും സിഇഒയുമായ ഹിതേഷ് ഗോസ്വാമി പറഞ്ഞു.

അടിക്കുറിപ്പ്: കോട്ടയം കാരിത്താസ് ആശുപത്രിയിൽ ഫോർബേസ് കെയറുമായി സഹകരിച്ച് ആരംഭിച്ച നീന ജീനോമിക്സ് ലാബ് ഡയറക്ടർ റവ.ഡോ.ബിനു കുന്നത്ത് ഉദ്ഘാടനം ചെയ്യുന്നു. ഫോർബേസ് കെയർ കൊമേഴ്സ്യൽ ഓപ്പറേഷൻസ് വൈസ് പ്രസിഡണ്ട് പ്രവീൺ ഝാ. കാരിത്താസ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ബോബൻ തോമസ് എന്നിവർ സമീപം.



# ഫാ. ജോസുകുട്ടി മഠത്തിപ്പറമ്പിലിന് (പാറേമ്യാലിൽ) സിബിസിഐ ദേശീയ അവാർഡ്





കല്ലറ: സഭയ്ക്കും സമൂഹത്തിനും രാജ്യത്തിനും മാതൃകയായവരെ ആദരിക്കുന്നതിനായി കാത്തലിക് ബിഷപ് കോൺഫറൻസ് ഓഫ് ഇന്ത്യ ദേശീയ അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ കല്ലറ സെന്റ് തോമസ് പഴയപള്ളി ഇടവകയ്ക്കും അഭിമാന നിമിഷം. സിബിസിഐ അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ സലേഷ്യൻസ് ഓഫ് ഡോൺബോസ്കോ സഭയുടെ ഭാഗമായി


**അനിൽ മറ്റത്തിക്കുന്നേൽ**

അരുണാചൽപ്രദേശ്, ആസാം, നാഗാലാൻഡ് എന്നീ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ മിഷണറി സേവനം ചെയ്യുന്ന ഫാ. ജോസുകുട്ടി മഠത്തിപ്പറമ്പിൽ (പാറേമ്യാലിൽ) ലൂടെയാണ് ആ അവാർഡ് കല്ലറ പഴയപള്ളി ഇടവകയിലേക്കും എത്തുന്നത്. വിശുദ്ധ ബൈബിളിനെ ആഗോളതലത്തിൽ ജനങ്ങളിലേക്ക് ഡിജിറ്റലായി എത്തിക്കുന്നതിൽ നല്കിയ സമഗ്രമായ സംഭാവനകൾ പരിഗണിച്ചാണ് ഫാ. ജോസ്കുട്ടിക്ക് അവാർഡ് നല്കുന്നത്.

കല്ലറ മഠത്തിപ്പറമ്പിൽ എം.ജെ. തോമസ് (കുഞ്ഞുമോൻ) & ഗ്രേസിക്കുട്ടി ദമ്പതികളുടെ പുത്രനായ ഫാ. ജോസുകുട്ടി 2011 ഡിസംബർ 31-ന് അന്തരിച്ച ആർച്ച്ബിഷപ് മാർ ഏബ്രഹാം വിരുത്തികുളങ്ങരയുടെ കൈവെപ്പ് ശുശ്രൂഷ വഴി വൈദികപട്ടം സ്വീകരിച്ചു. അരുണാചൽപ്രദേശിലെ ഉൾഗ്രാമങ്ങളിൽ സേവനം ചെയ്തുവരുമ്പോൾ എഴുത്തും വായനയും അറിയാത്ത ജനങ്ങളുടെയും സംസാരഭാഷ മാത്രമുള്ള സ്ഥലങ്ങളിലെ ജനങ്ങളുടെയുമൊക്കെ ബുദ്ധിമുട്ടു മനസ്സിലാക്കിയാണ് വിശുദ്ധ ബൈബിളിനെ കേൾക്കുവാൻ സാധിക്കുന്ന ഓഡിയോ രൂപത്തിലേക്ക് മാറ്റുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. പൂർണ്ണമായും സൗജന്യമായി ഡൗൺലോഡ് ചെയ്യുവാൻ സാധിക്കുന്ന 45-ഓളം ഭാഷകളിൽ വായിക്കുവാനും ശ്രവിക്കുവാനും സാധിക്കത്തക്ക വിധത്തിൽ ബൈബിൾ ഓൺ എന്ന ആപ്പിന് രൂപം കൊടുത്തുകൊണ്ട് ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക് ദൈവവചനം എത്തിക്കുവാൻ ഫാ. ജോസുകുട്ടിക്കും ബൈബിൾ ഓൺ എന്ന ആപ്പിന്റെ സഹസ്ഥാപകൻ തോംസൺ ഫിലിപ്പിനും സാധിച്ചു. പ്രാർത്ഥനകളും ഗാനങ്ങളുമടക്കം ആത്മീയ യാത്രയ്ക്ക് ഏറെ സഹായകമായ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമായി ബൈബിൾ ഓൺ എന്ന ആപ്പിനെ മാറ്റിക്കൊണ്ട് സുവിശേഷവത്കരണത്തിന് നിർലോഭമായ സംഭാവന നല്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ദി കമ്മീഷൻ ഫോർ ബൈബിൾ അണ്ടർ ദി കോൺഫറൻസ് ഓഫ് ദി കാത്തലിക് ബിഷപ്സ് ഓഫ് ഇന്ത്യ (സിസിബിഐ) യുടെ ക്രിയേറ്റീവ് മിനിസ്ട്രി അവാർഡ് അടക്കം വിവിധ അവാർഡുകൾ ബൈബിൾ ഓൺ ആപ്പിന്റെ സാരഥികളായ ഫാ. ജോസുകുട്ടിയും തോംസൺ ഫിലിപ്പും നേടിയിട്ടുണ്ട്. വിദ്യാഭ്യാസത്തിൽ പിഎച്ച്.ഡി നേടിയിട്ടുള്ള ഫാ. ജോസുകുട്ടി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ 18-ഓളം ഗോത്രഭാഷകളിലേക്ക് തർജ്ജമ ചെയ്ത് ബൈബിൾ പ്രസിദ്ധീകരിക്കുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്.

സലേഷ്യൻ ഓഫ് ഡോൺബോസ്കോയുടെ ദിമാപൂർ പ്രോവിൻസിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഫാ. ജോസുകുട്ടി, ആസാം, മണിപ്പൂർ, മേഘാലയ, നാഗാലാൻഡ് എന്നിവിടങ്ങളിലായാണ് വൈദികപഠനം പൂർത്തിയാക്കിയത്. മണിപ്പൂരിൽ നൊവിഷ്യേറ്റ് പഠനത്തിനിടയിൽ അദ്ദേഹത്തിന്റെ അദ്ധ്യാപകരായ മൂന്ന് വൈദികർ കൊലചെയ്യപ്പെടുന്നതിന് സാക്ഷിയാകേണ്ടി വന്നിട്ടുണ്ട്.









# ചിക്കാഗോ സെ. മേരീസ് ദേവാലയത്തിന് പുതിയ പാരിഷ് എക്സിക്യൂട്ടീവ്

ചിക്കാഗോ: മോർട്ടൺഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിന്റെ 2026-27 വർഷത്തേക്കുള്ള ട്രസ്റ്റിമാരെയും മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളെയും തെരഞ്ഞെടുത്തു.

സേവ്യർ നടുപറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശേരി, ഫെലിക്സ് പാലകൻ (യൂത്ത്

റോയി ചേലമലയിൽ

ട്രസ്റ്റി) എന്നിവരാണ് പുതിയ കൈക്കാരന്മാർ.

സണ്ണി മേലേടം പാരിഷ് സെക്രട്ടറിയായും സിസ്റ്റർ ശാലോം പാരിഷ് ഓഫീസ് സെക്രട്ടറിയായും ജെയിംസ് മന്നാകുളം അക്കൗണ്ടന്റായും തുടരും.

റോയി ചേലമലയിലാണ് പുതിയ പബ്ലിക് റിലേഷൻ ഓഫീസർ.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റിമാരെ അഭിനന്ദിച്ചുകൊണ്ട് ഇടവകയുടെ സമഗ്രമായ പുരോഗതിക്കുവേണ്ടി പുതിയ ഭാരവാഹികൾക്ക് എല്ലാ ആശംസകളും ഇടവകയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നേരുന്നതായി വികാരി ഫാ. സിജു മുടക്കോടിലും അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിലും അറിയിച്ചു.


ഫാ. സിജു മുടക്കോടിൽ


ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ


സിസ്റ്റർ ശാലോം


സണ്ണി മേലേടം


റോയി ചേലമലയിൽ


സേവ്യർ നടുപറമ്പിൽ


സണ്ണി കണ്ണാല


ജോബി പോളക്കൽ


മജോ കുന്നശേരി


ഫെലിക്സ് പാലകൻ

പരിചയസമ്പത്തും യുവശക്തിയും ഏകോപിപ്പിക്കുന്ന ഈ പുതിയ എക്സിക്യൂട്ടീവിനെ പാരിഷ് കൗൺസിൽ ഒന്നടങ്കം അനുമോദിച്ചു.

പുതിയ എക്സിക്യൂട്ടീവ് ജനുവരി ഒന്നുമുതൽ ചുമതലയേറ്റെടുത്തു.

# ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള രജിസ്ട്രേഷൻ 15-ന് ആരംഭിക്കും

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ കലാമേള 'കലോത്സവ്-2026' മാർച്ച് 28-ന് ബെൽവുഡ് സീറോമലബാർ ചർച്ചിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും. കലാമേള രജിസ്ട്രേഷൻ ഫെബ്രുവരി 15-ന് ആരംഭിക്കുമെന്ന് സംഘാടകർ അറിയിച്ചു.


ജോസ് മണക്കാട്ട്


ബിജു മുണ്ടക്കൽ


അച്ചൻകുഞ്ഞ് മാത്യു



ലൂക്ക് ചിറയിൽ


സാറ അനിൽ


പ്രിൻസ് ഈപ്പൻ


ഷൈനി ഹരിദാസ്


ജോജോ വെങ്ങാന്തറ


മാത്യൂസ് ഏബ്രഹാം


മനോജ് അച്ചേട്ട്


നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ കലാമാമാങ്കമായ ചിക്കാഗോ മലയാളി അസോസിയേഷന്റെ കലാമേള, മത്സരാർത്ഥികളുടെ എണ്ണം കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയാണ്. ഇത്തവണത്തെ കലാമേളയിലും കൂടുതൽ മത്സരാർത്ഥികളെ പ്രതീക്ഷിക്കുന്നതായി സംഘാടകർ പറഞ്ഞു. കലാമേളയുടെ വിജയത്തിനായി വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കലാമേളയുടെ നിയമാവലി, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചിക്കാഗോ മലയാളി അസോസിയേഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്ട്രേഷൻ ഫീസ് cma-2025.27@gmail.com എന്ന ഇ-മെയിലിൽ Zelle ചെയ്യാവുന്നതാണ്. കലാമേളയെക്കുറിച്ചുള്ള എല്ലാ അന്വേഷണങ്ങൾക്കും kalamela 2026@chicago-malayaleeassociation.com എന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

ഈ കലാമേളയിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, കലാമേള ചെയർപേഴ്സൺ ഷൈനി ഹരിദാസ്, കോ-ഓർഡിനേറ്റർമാരായ ജോജോ വെങ്ങാന്തറ, മാത്യൂസ് ഏബ്രഹാം, സുവനീർ കൺവീനർ മനോജ് അച്ചേട്ട് എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് മണക്കാട്ട് 847 830 4128, ബിജു മുണ്ടക്കൽ 773 673 8820, അച്ചൻകുഞ്ഞ് മാത്യു 847 912 2578, ഷൈനി ഹരിദാസ് 63- 290 7143.

# ഡാളസ് മെൻസ് & വിമൻസ് മിനിസ്ട്രി കപ്പിൾസ് ഡേ കൂട്ടായ്മ




ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിൽ വിമൻസ് & മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 15-ന് ഞായറാഴ്ച പേത്രത്ത സംഗമവും കപ്പിൾസ്ഡേ കൂട്ടായ്മയും നടത്തപ്പെടുന്നു.

അന്നേദിവസം 2026-ൽ വിവാഹത്തിന്റെ 25-ഉം 50-ഉം വാർഷികം ആഘോഷിക്കുന്ന എല്ലാ ദമ്പതിമാരെയും പ്രത്യേകമായി ആദരിക്കും. പ്രത്യേകം ആശീർവാദ പ്രാർത്ഥനയും നടത്തപ്പെടും.

പേത്രത്ത ദിനത്തിന്റെ ഭാഗമായി മാതാപിതാക്കളുടെ നേതൃത്വത്തിൽ ഭക്ഷണം ഒരുക്കി എല്ലാവർക്കും വിതരണം ചെയ്യും.

മെൻസ് മിനിസ്ട്രി പ്രസിഡണ്ട് ബിനു അത്തിമറ്റം, വിമൻസ് മിനിസ്ട്രി പ്രസിഡണ്ട് സിൽവി നടക്കുഴയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ പരിപാടികൾ ക്രമീകരിക്കുന്നു.

വാലന്റയിൻസ് ഡേയുടെ ഇന്നത്തെ വികലമായ കാഴ്ചപ്പാടിൽ നിന്നും ദൈവം ആഗ്രഹിക്കുന്ന ദാമ്പത്യ സ്നേഹത്തിന്റെ പാഠം പകർന്നു നല്കുവാൻ ഉദ്ദേശിച്ചാണ് ദമ്പതിസംഗമം മിനിസ്ട്രി സംഘടിപ്പിക്കുന്നത്.

# എസ്ഐആർ ഹിയറിംഗിൽ 25,000-ത്തോളം പേർ പുറത്ത്

തിരുവനന്തപുരം: തീവ്ര വോട്ടർപട്ടിക പരിഷ്കരണ പ്രക്രിയയുടെ ഭാഗമായി നടക്കുന്ന ഹിയറിംഗിൽ 25,000 പേർ വോട്ടർപട്ടികയ്ക്കു പുറത്തായി. കൃത്യമായ രേഖകൾ ഹാജരാക്കാൻ കഴിയാത്തവർ, സ്ഥലം മാറിപ്പോയവർ, മരണമടഞ്ഞവർ, വിദേശ പൗരത്വം സ്വീകരിച്ചവർ എന്നിവർ അടക്കമുള്ളവരാണ് ഹിയറിംഗിൽ വോട്ടർപട്ടികയിൽനിന്നു പുറത്തായത്. ഹിയറിംഗിന് നോട്ടീസ് ലഭിച്ച ശേഷം വോട്ടർ പട്ടികയിൽനിന്നു പുറത്തായവരിൽ ഭൂരിഭാഗവും സ്ഥലംമാറിപ്പോയവരാണെന്നാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ അധികൃതർ പറയുന്നത്.


# ഫോമാ ഇലക്ഷൻ 2026: മാത്യു ചെരുവിൽ ചീഫ് ഇലക്ഷൻ കമ്മീഷണർ; ജോർജ് മാത്യു, മാത്യു ജോഷ്വാ കമ്മീഷണർമാർ

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹൂസ്റ്റണിൽ അരങ്ങേറുന്ന ഫോമായുടെ ഒമ്പതാമത് അന്താരാഷ്ട്ര കൺവൻഷനോടനുബന്ധിച്ച് നടക്കുന്ന പുതിയ ഭാരവാഹികളുടെ ഇലക്ഷന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി ഫോമാ നാഷണൽ കമ്മിറ്റി ഇലക്ഷൻ കമ്മീഷനെ നിയമിച്ചു. മുതിർന്ന നേതാവ് മാത്യു ചെരുവിൽ (ഡിട്രോയിറ്റ്) ആണ് ചീഫ് ഇലക്ഷൻ കമ്മീഷണർ. ജോർജ് മാത്യു സിപിഎ (ഫിലാഡൽഫിയ), മാത്യു ജോഷ്വാ (ബോബി-ന്യൂയോർക്ക്) എന്നിവരെ ഇലക്ഷൻ കമ്മീഷണർമാരായും തെരഞ്ഞെടുത്തു.

ചീഫ് ഇലക്ഷൻ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട മാത്യു ചെരുവിൽ ഫോമായുടെ പ്രഥമ അഡ്വൈസറി ബോർഡ് ചെയർമാനായിരുന്നു. 1984 മുതൽ ഡിട്രോയിറ്റ് മലയാളി അസോസിയേഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന മാത്യു ആ സംഘടനയുടെ സെക്രട്ടറിയായും പ്രസിഡണ്ടായും നിരവധി തവണ സേവനം ചെയ്തിട്ടുണ്ട്.

ഫോമായുടെ മുൻ ജുഡീഷ്യൽ കൗൺസിൽ ചെയർമാൻ കൂടിയായ മാത്യു ചെരുവിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നു.



മാത്യു ചെരുവിൽ



ജോർജ് മാത്യു



മാത്യു ജോഷ്വാ

ഇലക്ഷൻ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് മാത്യു സിപിഎ ഫോമായുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനും മുൻ പ്രസിഡണ്ടുമാണ്. ഫിലാഡൽഫിയ കേന്ദ്രമായി പ്രവർത്തിക്കുന്ന മലയാളി സംഘടനയായ കലയുടെ സ്ഥാപകനും മുൻ പ്രസിഡണ്ടും കൂടിയായ ജോർജ് മാത്യു ഫോമായുടെ മുൻ ഇലക്ഷൻ കമ്മീഷണറായി പ്രവർത്തിച്ചിട്ടുണ്ട്.

ഫിലാഡൽഫിയായിലെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യമായ മാത്യു ഫിലാഡൽഫിയ സിറ്റി ഹ്യൂമൻ റൈറ്റ്സ് കമ്മീഷണർ, പെൻസിൽവേനിയ സ്റ്റേറ്റ് ഗവർണറുടെ ഉപദേശക സമിതി അംഗം, ചേംബർ ഓഫ് കോമേഴ്സ് അംഗം, ഫിലാഡൽഫിയ സിറ്റി ടാക്സ് റിവ്യൂ ബോർഡ് അംഗം തുടങ്ങി നിരവധിയായ പ്രവർത്തന രംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

മറ്റൊരു ഇലക്ഷൻ കമ്മീഷണറായ മാത്യു ജോഷ്വാ (ബോബി) നിലവിൽ ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

കേരള കൾച്ചറൽ അസോസിയേഷൻ ഗോൾഡൻ ജൂബിലി സുവനീർ ചീഫ് എഡിറ്റർ, ഫോമാ ഗോൾഫ് ടൂർണമെന്റ് ഓർഗനൈസർ, ന്യൂയോർക്ക് മലയാളി സ്പോർട്സ് ക്ലബ് ബാസ്കറ്റ്ബോൾ ടൂർണമെന്റ് കോ-ഓർഡിനേറ്റർ തുടങ്ങി നിരവധി മേഖലകളിൽ തന്റെ മികവ് തെളിയിച്ച മാത്യു ജോഷ്വാ വൈസ്മെൻ ക്ലബ് ഗ്ലെൻ ഓക്ക് ചാപ്റ്റർ സെക്രട്ടറിയായും സേവനം ചെയ്യുന്നു.

ഫോമായുടെ തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ സഹായവും വാഗ്ദാനം ചെയ്യുന്നതായി പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇലക്ഷൻ കമ്മീഷണർമാർക്ക് എല്ലാവിധ ആശംസകളും നേരുന്നതായി ഫോമാ അഡ്വൈസറി ബോർഡ് ചെയർമാൻ ഷിനു ജോസഫും പറഞ്ഞു.

# ഡോ. രശ്മി മേനോൻ കെ.എച്ച്.എൻ.എ സൗത്ത് വെസ്റ്റ് റീജിയൻ-അരിസോണ വൈസ് പ്രസിഡണ്ട്

**കെഎച്ച്എൻഎ ന്യൂസ് മീഡിയ**

അരിസോണ: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെഎച്ച്എൻഎ)യുടെ സൗത്ത് വെസ്റ്റ് റീജിയൻ-അരിസോണ വൈസ് പ്രസിഡണ്ടായി



ഡോ. രശ്മി മേനോനെ നിയമിച്ചു.

അരിസോണ ഉൾപ്പെടുന്ന സൗത്ത് വെസ്റ്റ് മേഖലയിൽ സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്നതാണ് ഡോ. രശ്മിയുടെ പ്രധാന ചുമതല.

കലാരംഗത്തോടും സാംസ്കാരിക പൈതൃക സംരക്ഷണത്തോടും ആജീവനാന്ത അഭിനിവേശമുള്ള വ്യക്തിയാണ് ഡോ. രശ്മി മേനോൻ. ശാസ്ത്രീയ നൃത്തങ്ങളോടുള്ള ആഴമുള്ള താല്പര്യങ്ങളിലൂടെ കലയും സംസ്കാരവും സമൂഹജീവിതവുമായി ബന്ധിപ്പിക്കുവാൻ രശ്മി ശ്രദ്ധേയമായ പങ്കു വഹിച്ചുവരുന്നു.

കഴിഞ്ഞ ഇരുപതു വർഷത്തിലേറെയായി അരിസോണയിലെ (വാലി റീജിയൻ) സാമൂഹിക സേവനരംഗത്ത് സജീവമായ ഡോ. രശ്മി വിദ്യാഭ്യാസം, കല, സാമൂഹിക സേവനം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നിരവധി ലാഭരഹിത സംഘടനകളുടെ ബോർഡ് അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

പുതുതലമുറയിൽ സാംസ്കാരിക ബോധവും പൈതൃക അഭിമാനവും വളർത്തിയെടുക്കുക എന്നതാണ് ഡോ. രശ്മിയുടെ പ്രധാന ദൗത്യം. കലയും സമൂഹപ്രവർത്തനങ്ങളും മുഖേന യുവതലമുറയ്ക്ക് അവരുടെ വേരുകളുമായി ശക്തമായ ബന്ധം സ്ഥാപിക്കാനാകുമെന്ന വിശ്വാസത്തിലാണ് അവരുടെ പ്രവർത്തനങ്ങൾ.

ഡോ. രശ്മി മേനോന്റെ നിയമനത്തെ സ്വാഗതം ചെയ്തുകൊണ്ട് കെഎച്ച്എൻഎ പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു: കല, സംസ്കാരം, സാമൂഹിക സേവനം എന്നിവയെ ഒരുമിപ്പിച്ച് സമൂഹത്തിന് ദിശാബോധം നല്കുന്ന നേതാവാണ് ഡോ. രശ്മി മേനോൻ.

സൗത്ത് വെസ്റ്റ് മേഖലയിൽ കെഎച്ച്എൻഎയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും യുവതലമുറയെ സംഘടനയിലേക്ക് ആകർഷിക്കാനും രശ്മിയുടെ നേതൃത്വത്തിന് വലിയ പങ്കു വഹിക്കാനാകും.

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡണ്ട് കെ.വി. സഞ്ജീവ് കുമാർ, ജോ. സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോ. ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവർ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡും വനജ നായർ ചെയറായുള്ള ട്രസ്റ്റി ബോർഡ് അംഗങ്ങളും ഡോ. രശ്മി മേനോന് ഹൃദയപൂർവ്വമായ ആശംസകൾ നേർന്നു.

# ധന്യൻ മാർ മാക്കിൽ ക്വിസ് മത്സര വിജയികൾ

**സിജോയി പറപ്പള്ളിൽ**

ചിക്കാഗോ: ധന്യൻ മാർ മാത്യു മാക്കിൽ പിതാവിന്റെ 112-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് അമേരിക്കയിലെ ക്നാനായ റീജിയണിൽ നടത്തിയ ക്വിസ് മത്സര വിജയികൾ. അഷിത & എയ്ഡൻ തെള്ളത്തുകുന്നേൽ (സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനപള്ളി, ന്യൂയോർക്ക്) ഒന്നാം സ്ഥാനം നേടി. ജോയി & മേരി കുഴിയാംപറമ്പിൽ (ക്നാനായ മിഷൻ) രണ്ടാം സ്ഥാനവും റിയ കൂട്ടുങ്കൽ (സെന്റ് സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനപള്ളി, ന്യൂയോർക്ക്) മൂന്നാം സ്ഥാനവും നേടി. സൈജു & റെജിമോൾ പതിയിലാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്. ബിഷപ് മാർ മാക്കിൽ സ്ഥാപിച്ച വിസിറ്റേഷൻ കോൺഗ്രിഗേഷൻ ആയിരുന്നു മത്സരങ്ങൾ സംഘടിപ്പിച്ചത്. ധന്യൻ മാർ മാക്കിൽ കോട്ടയത്തുള്ള മാഞ്ഞൂർ എന്ന സ്ഥലത്ത് 1851 മാർച്ച് 27-നാണ് ജനിച്ചത്. 1874 മെയ് 20-ന് അദ്ദേഹം വൈദികനായി. 1896-ൽ രൂപീകരിച്ച ചങ്ങനാശേരി വികാരിയാത്തിന്റെ ആദ്യ സ്വദേശി ബിഷപ്പായും 1911-ൽ ക്നാനായ കത്തോലിക്കർക്കായി രൂപീകരിച്ച കോട്ടയം വികാരിയാത്തിന്റെ ആദ്യ വികാരി അപ്പസ്തോലിക്കായും നിയമിതനായി. 1914 ജനുവരി 26-ന് അന്തരിച്ച അദ്ദേഹത്തെ 2009-ൽ ബെനഡിക്ട് പതിനാറാമൻ പാപ്പ ദൈവദാസനായി പ്രഖ്യാപിച്ചു. പിന്നീട് 2025 മെയ് 22-ന് ലിയോ പതിനാലാമൻ മാർപാപ്പ അദ്ദേഹത്തെ ധന്യൻ പദവിയിലേക്ക് ഉയർത്തി.




# ലില്ലി മാത്യു പാറക്കൽ അന്തരിച്ചു

സംക്രാന്തി: പാറക്കൽ പരേതനായ പി.ജെ. മാത്യുവിന്റെ ഭാര്യ ലില്ലി മാത്യു പാറക്കൽ (87) അന്തരിച്ചു. പരേത കൂടല്ലൂർ പടിഞ്ഞാത്ത് കുടുംബാംഗമാണ്. മക്കൾ: റെജി പാറക്കൽ (ഓസ്ട്രേലിയ), സജി പാറക്കൽ (യുകെ), ആൻസി സ്റ്റീഫൻ തെരുവക്കാട്ടിൽ (യുകെ). മരുമക്കൾ: മേരിക്കുട്ടി കിഴക്കേകുടിലിൽ അരീക്കര, ബീന ചാമക്കാല കൈപ്പുഴ, സ്റ്റീഫൻ തെരുവക്കാട്ടിൽ ഞീഴൂർ. പടിഞ്ഞാത്ത് പരേതനായ ബേബി ഏകസഹോദരനാണ്.



# ചിക്കാഗോ രൂപത സിൽവർ ജൂബിലി കൺവൻഷൻ വേദിയിൽ താളവിസ്മയവുമായി പത്മശ്രീ ജയറാമും സ്റ്റീഫൻ ദേവസ്സിയും

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ചിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നാലു ദിവസം നീണ്ടുനിൽക്കുന്ന സീറോ മലബാർ കൺവൻഷന്റെ സന്ധ്യകളെ ആസ്വാദ്യകരമാക്കുവാൻ വിവിധ കലാപരിപാടികളും അണിയറയിൽ ഒരുങ്ങുന്നു.

ഇതിൽ കൺവൻഷൻ തുടങ്ങുന്ന 9-ാം തീയതി വ്യാഴാഴ്ച രാത്രി പ്രസിദ്ധ സിനിമാ താരം പദ്മശ്രീ ജയറാമും



ജയറാം

(ഗസ്റ്റ് ഓഫ് ഓണർ) സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്സിയും ചേർന്നൊരുക്കുന്ന താളവിസ്മയം എടുത്തുപറയേണ്ടതാണ്. താളവിസ്മയത്തിൽ വിവിധ ഇടവകകളിൽ നിന്നുള്ള നൂറിലേറെ വരുന്ന ചെണ്ട കലാകാരന്മാരുൾപ്പെട്ട സീറോ ബീറ്റ്സ്, ഗസ്റ്റ് ഓഫ് ഓണർ അനുഗൃഹീത കലാകാരൻ പത്മശ്രീ ജയറാമിനോടൊപ്പം ചെണ്ടയിൽ താളമിടുമ്പോൾ, സ്റ്റീഫൻ ദേവസ്സി കീറ്റാറിൽ (കീബോർഡ് & ഗിറ്റാർ) സംഗീതത്തിന്റെ മാസ്മരികത സൃഷ്ടിക്കും.

വെള്ളിയാഴ്ച രാവിലെ നടക്കുന്ന പ്രദക്ഷിണത്തിനു മുൻപും സീറോ ബീറ്റ്സ് കലാകാരന്മാർ അവതരിപ്പിക്കുന്ന മെഗാ ചെണ്ടമേളം ഉണ്ടായിരിക്കും. ചിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുള്ള ചെണ്ട ടീമുകൾക്കും ഈ വാദ്യമേളത്തിൽ പങ്കെടുക്കാൻ സാധിക്കും.

അതുപോലെ രൂപതയുടെ ഭാഗമായ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ ജൂലൈ 10-ന് വെള്ളിയാഴ്ച



സ്റ്റീഫൻ ദേവസ്സി

വൈകുന്നേരം നടക്കുന്ന ക്രിസ്ത്യാനികളുടെ തനതു പാരമ്പര്യ കലാരൂപമായ മാർഗംകളിയിൽ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള വനിതകൾക്കും പങ്കെടുക്കാവുന്നതാണ്.

കൂടാതെ അന്നുതന്നെ വൈകുന്നേരം നടക്കുന്ന പാരിഷ് ഫെസ്റ്റിൽ എല്ലാ ഇടവകകൾക്കും വൈവിധ്യമാർന്ന കലാരൂപങ്ങളിലൂടെ അവരുടെ വിശ്വാസവും കഴിവുകളും വേദിയിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമുണ്ടായിരിക്കും. ഇതിനു പുറമെ കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധ സ്പോർട്സ് ഗെയിംസ് ഡാൻസ് പ്രോഗ്രാമുകളിലും ഭാഗഭാക്കാകാൻ സാധിക്കും.

താളവിസ്മയത്തിൽ പങ്കെടുക്കുവാൻ താഴെപ്പറയുന്നവരെ ബന്ധപ്പെടുക: ജോസ്മോൻ കരേടൻ-954 558 2245, സ്കറിയാക്കുട്ടി തോമസ്-847 910 6487.

മെഗാ മാർഗ്ഗംകളിയിൽ പങ്കെടുക്കുവാൻ റോസ് വടകര 708 662 0774, ഷീബ ഷാബു-630 730 622.

പാരിഷ് ഫെസ്റ്റിനെപ്പറ്റി കൂടുതൽ അറിയുവാൻ ജൂഡി തോമസ് 317 490 5839.


കൺവൻഷൻ സംബന്ധിച്ച പൊതുവായ അന്വേഷണങ്ങൾക്ക് ബിജി സി. മാണി (കൺവൻഷൻ ചെയർമാൻ) 847 650 1398, ബീന വള്ളിക്കളം (സെക്രട്ടറി) 773 507 5334.

ചിക്കാഗോയിലെ പ്രശസ്തമായ മക്കോമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ ജൂലൈ 9. 10, 11, 12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിലാണ് സീറോമലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്.

ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നു. കൺവൻഷന്റെ രജിസ്ട്രേഷൻ നല്ലനിലയിൽ പുരോഗമിക്കുന്നു. ഇടവകകളിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന കൺവൻഷനിലും അതോടൊപ്പമുള്ള ആത്മീയ, സാംസ്കാരിക, പൈതൃക കൂട്ടായ്മകളിലും ഭാഗഭാക്കാവാൻ എല്ലാ വിശ്വാസികളെയും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ആഹ്വാനം ചെയ്യുന്നു.

കൺവൻഷനെക്കുറിച്ച് കൂടുതൽ അറിയുവാനും രജിസ്റ്റർ ചെയ്യുവാനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



# കെ.സി.എസ് ചിക്കാഗോ ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാനായി സിജോ പുള്ളോർകുന്നേലും വൈസ് ചെയർമാനായി ബിജു പൂത്തറയും നിയമിതരായി

**ഷാജി പള്ളിവീട്ടിൽ**

ചിക്കാഗോ: കെ.സി.എസ് ചിക്കാഗോയുടെ പുതിയ ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാനായി സിജോ പുള്ളോർകുന്നേൽ തെരഞ്ഞെടുക്കപ്പെട്ടു. 2025-ൽ അദ്ദേഹം ലെജിസ്ലേറ്റീവ് ബോർഡിന്റെ വൈസ് ചെയർമാനായി സേവനമനുഷ്ഠിച്ചിരുന്നു.

സിജോയുടെ അചഞ്ചലമായ സമർപ്പണം, ആത്മാർത്ഥമായ നേതൃത്വം, ക്നാനായ സമൂഹത്തോടുള്ള ആഴമായ സ്നേഹം എന്നിവയ്ക്ക് അദ്ദേഹം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

2025 കെ.സി.എസ് ക്രിസ്മസ് കരോളിൽ അദ്ദേഹത്തിന്റെ പ്രതിബദ്ധതയും അഭിനിവേശവും വ്യക്തമായി പ്രതിഫലിച്ചു.

ആ സംരംഭത്തെ ഏകോപിപ്പിക്കുന്നതിലും നയിക്കുന്നതിലും അദ്ദേഹം നിർണായക പങ്കുവഹിച്ചു. അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനത്തിലൂടെയും ശക്തമായ സംഘാടന വൈദഗ്ദ്ധ്യത്തിലൂടെയും നിരവധി കെ.സി. എസ് കുടുംബങ്ങൾക്ക് ക്രിസ്മസ് കരോൾ അർത്ഥവത്തായതും ആത്മീയമായി സമ്പന്നവുമായ ഒരു അനുഭവമായി മാറി.

കെ.സി.എസ് ചിക്കാഗോ ലെജിസ്ലേറ്റീവ് ബോർഡ് ശരിയായ സമയത്ത് ശരിയായ നേതാവിനെ കണ്ടെത്തിയെന്ന് ഉറച്ചു വിശ്വസിക്കുന്നു.

സമൂഹത്തിന്റെ താല്പര്യങ്ങളെ സേവിക്കാനും ഒന്നിപ്പിക്കാനും പ്രതിനിധീകരിക്കാനുമുള്ള കഴിവ് തെളിയിച്ചിട്ടുള്ള സിജോ പുള്ളോർകുന്നേൽ ലെജിസ്ലേറ്റീവ് ബോർഡിനെ ഫലപ്രദമായി നയിക്കാൻ യോഗ്യനാണ്.

സിജോയുടെ കരങ്ങൾക്ക് ശക്തി പകരുവാനായി ബിജു പൂത്തറയിലിനെ ലെജിസ്ലേറ്റീവ് ബോർഡ് വൈസ് ചെയർമാനായി തെരഞ്ഞെടുത്തു.

അനേകവർഷം കെ.സി.എസിൽ പ്രവർത്തിച്ചു പരിചയമുള്ള ബിജുവിന്റെ പ്രവർത്തനങ്ങൾ സിജോയുടെ കരങ്ങൾക്ക് ശക്തി പകരും എന്നുള്ളതിൽ സംശയമില്ല.

കെ.സി.എസ് പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ നല്കിവരുന്ന ലെജിസ്ലേറ്റീവ് ബോർഡിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുവാൻ മുന്നോട്ടു വന്നിരിക്കുന്ന സിജോ പുള്ളോർകുന്നേലിനും ബിജു പൂത്തറയിലിനും കെ.സി.എസ് ചിക്കാഗോ ഹൃദയംഗമമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.



സിജോ പുള്ളോർകുന്നേൽ



ബിജു പൂത്തറ

# മയാമി ക്നാനായ അസോസിയേഷന്റെ കെ.സി.സി.എൻ.എ. കൺവൻഷൻ കിക്കോഫ് ഉജ്ജ്വലമായി

**മെബിൻ തടത്തിൽ**

മയാമി: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡായുടെ ആഭിമുഖ്യത്തിൽ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽവെച്ച് നടത്തപ്പെട്ട കെ.സി.സി.എൻ.എ. കൺവൻഷൻ കിക്കോഫും പുതുവത്സരാഘോഷവും ശ്രദ്ധേയമായി. ജിസ്മോൻ പടിയാനിക്കലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാഗീതം പാടിക്കൊണ്ട് സമ്മേളനത്തിന് തുടക്കംകുറിച്ചു. സെക്രട്ടറി മഞ്ജു വെളിയന്തറയിൽ എം.സി. യായിരുന്നു. സമ്മേളനത്തിൽ കെ.സി.എ.എസ്.എഫ്. പ്രസിഡന്റ് എബി തെക്കനാട്ട് അദ്ധ്യക്ഷത വഹിച്ചു. 16-ാമത് കെ.സി.സി.എൻ.എ. കൺവൻഷന്റെ ആതിഥേയത്വം വഹിക്കുവാൻ കഴിയുന്നതിൽ മയാമിയിലെ ക്നാനായ സമൂഹത്തിന് അഭിമാനമുണ്ടെന്ന് പ്രസിഡന്റ് എബി അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. കെ.സി.സി.എൻ.എ. പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ ഭദ്രദീപം കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.സി.സി.എൻ.എ. കൺവൻഷൻ ഒരു ചരിത്രസംഭവമാക്കി മാറ്റുവാൻ എല്ലാ സമുദായ അംഗങ്ങളുടെയും സഹായസഹകരണങ്ങൾ അദ്ദേഹം അഭ്യർത്ഥിച്ചു.





കെ.സി.സി.എൻ.എ. മുൻ പ്രസിഡന്റ് ജോർജ് & ജിജി നെല്ലാമറ്റം, സിബി & ഷീന ചാണാശ്ശേരി എന്നിവരിൽനിന്നും മെഗാ സ്പോൺസർഷിപ്പ് സ്വീകരിച്ചുകൊണ്ട് കെ.സി.സി.എൻ.എ. പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ കൺവൻഷൻ കിക്കോഫ് ചെയ്തു. മയാമി ക്നാനായ അസോസിയേഷൻ സംഘടിപ്പിച്ച കൺവൻഷൻ കിക്കോഫ് പരിപാടിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ വലിയ സന്തോഷമുണ്ടെന്ന് ജോർജ് നെല്ലാമറ്റം ആശംസാപ്രസംഗത്തിൽ പറഞ്ഞു. കെ.സി.സി.എൻ.എ. കൺവൻഷൻ വൈസ് ചെയർപേഴ്സൺ സിബി ചാണാശ്ശേരിൽ ആഗസ്റ്റ് 6 മുതൽ 10 വരെ നടത്തപ്പെടുന്ന കൺവൻഷനെക്കുറിച്ചുള്ള വിശദീകരണം നൽകുകയുണ്ടായി. മയാമി യൂണിറ്റിൽനിന്നും കൺവൻഷനിലേക്ക് നിരവധി കുടുംബങ്ങൾ രജിസ്റ്റർ ചെയ്തു. കെ.സി.സി.എൻ.എ. ആർ.വി.പി. അരുൺ പൗവത്തിൽ ഏവർക്കും സ്വാഗതവും കിഡ്സ് ക്ലബ് കോ-ഓർഡിനേറ്റർ നിക്സൺ പ്രാലേൽ കൃതജ്ഞതയും പറഞ്ഞു. കൺവൻഷൻ കൺവീനർമാരായ സഞ്ജയ് നടുപ്പറമ്പിൽ, റോജി കണിയാംപറമ്പിൽ, മനോജ് താനത്ത്, കെ.സി.എ.എസ്.എഫ്. വൈസ് പ്രസിഡന്റ് രാജൻ പടവത്തിൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ഭാരവാഹികളായ റോഷ്നി കണിയാംപറമ്പിൽ, സിമി താനത്ത്, സിംല കൂവപ്ലാക്കൽ, ദീപു കണ്ടാരപ്പള്ളിൽ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

കിഡ്സ്ക്ലബ്, കെ.സി.വൈ.എൽ, വിമൻസ് ഫോറം എന്നിവരുടെ നേതൃത്വത്തിൽ വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി. ഏബൽ കൂവപ്ലാക്കൽ, മിലൻ താനത്ത് എന്നിവർ എം.സി.മാരായിരുന്നു. കെ.സി.സി.എൻ.എക്കും, മറ്റ് സംഘടനകൾക്കും നൽകിക്കൊണ്ടിരിക്കുന്ന ആത്മാർത്ഥമായ പ്രവർത്തനത്തെ മാനിച്ചുകൊണ്ട് ജെയിംസ് ഇല്ലിക്കലിനെ കെ.സി.എ.എസ്.എഫ്. പ്രസിഡന്റ് എബി തെക്കനാട്ട് പൊന്നാട അണിയിച്ചു. സുദീർഘമായ അമേരിക്കൻ ജീവിതത്തിനുശേഷം താൽക്കാലികമായി നാട്ടിലേക്ക് മടങ്ങുന്ന ചിന്നപ്പൻ തേക്കുംകാട്ടിൽ, എബ്രഹാം സാർ & എത്സമ്മ പതിപ്പള്ളിൽ എന്നിവരെയും ആദരസൂചകമായി എബി തെക്കനാട്ട് പൊന്നാട അണിയിച്ചു. എസ്.എ.റ്റി. പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കിയ അലക്സ് കൂവപ്ലാക്കൽ, ജറോൺ വണ്ടന്നൂർ എന്നിവർക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു.

വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നടത്തിയ ക്രിസ്മസ് ട്രീ മത്സരത്തിൽ വിജയികളായ മെബിൻ & അഞ്ജിത തടത്തിൽ, എബി & ലിനി കണിയാംപാറ, അരുൺ & രമ്യ പൗവത്തിൽ, എബി & ജോസിനി വെള്ളിയാൻ, ദീപു & നിഖിത കണ്ടാരപ്പള്ളിൽ എന്നിവർക്ക് ക്യാഷ് അവാർഡ് സമ്മാനിച്ചു.

ജെയ്മോൻ വെളിയന്തറയിൽ, കുഞ്ഞുമോൻ കൂവപ്ലാക്കൽ, ജയ്സൺ തേക്കുംകാട്ടിൽ, ഷിനു പള്ളിപ്പറമ്പിൽ, സിന്ധു തെക്കനാട്ട്, എബ്രഹാം പുതിയടത്തുശ്ശേരിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഷിൻസി മാണിയുടെ സ്നേഹവിരുന്നോടുകൂടി സമ്മേളനത്തിന് തിരശ്ശീല വീണു.




















# മയാമി ക്നാനായ അസോസിയേഷന്റെ കെ.സി.സി.എൻ.എ. കൺവൻഷൻ കിക്കോഫ് ചിത്രങ്ങളിലൂടെ....









































## വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**





# ഫിലിപ്പോസ് ഫിലിപ്പ്: ഫൊക്കാനാ പ്രസിഡന്റ് സ്ഥാനാർത്ഥി 2026 –2028

**'ഭാവിയെ വർത്തമാനകാലത്തേയ്ക്ക് വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുക എന്നതാണ് ഒരു യഥാർത്ഥ നേതാവിന്റെ ധർമ്മം'**

പ്രവാസം എന്നത് കേവലം ഭൂഖണ്ഡങ്ങൾക്കിടയിലുള്ള ദൂരമല്ല; അത് സ്വപ്നങ്ങളുടെയും അതിജീവനത്തിന്റെയും വലിയൊരു യാത്രയാണ്. മാതൃഭൂമിയിൽ നിന്ന് പറിച്ചുനടപ്പെടുമ്പോഴും ഉള്ളിലെ നന്മയുടെ പച്ചപ്പ് കെടാതെ സൂക്ഷിക്കുന്നവനാണ് യഥാർത്ഥ പ്രവാസി. ആ പച്ചപ്പിനെ കരുതലായി മാറ്റുന്നവനാണ് യഥാർത്ഥ നേതാവ്. സഹജീവിസ്നേഹത്തെ കർമ്മപഥമാക്കി മാറ്റിയ അത്തരമൊരു നേതൃത്വത്തിന്റെ പേരാണ് ഫിലിപ്പോസ് ഫിലിപ്പ്. അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ സന്തത സഹചാരിയായ ഫിലിപ്പോസ് ഫിലിപ്പ് 2026 – 2028 കാലയളവിൽ പ്രസിഡന്റ് സ്ഥാനാർത്ഥിയായി മത്സരിക്കുന്നു. എന്തുകൊണ്ടും അദ്ദേഹത്തിന് അർഹമായ പദവി തന്നെയാണെന്ന് അദ്ദേഹത്തിന്റെ സാമൂഹിക സാംസ്കാരിക ജീവിതം അടിവരയിടുന്നു.

### അടൂരിന്റെ മണ്ണിൽ നിന്നും പോരാട്ട വീര്യത്തിലേക്ക്

കാർഷിക ജില്ലയായ പത്തനംതിട്ടയുടെ ഉപജില്ലയായ അടൂരിന്റെ മണ്ണിൽ നിന്നും മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം മുതൽ ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ള ചിറ്റുണ്ടയിൽ തെക്കേവീട്ടിൽ ഫിലിപ്പോസിന്റേയും കുഞ്ഞമ്മയുടെയും മകനായി ജനിക്കുമ്പോൾ, തന്റെ പിതാവിന്റെയും മാതാവിന്റെയും കഠിനാധ്വാനത്തിന്റെയും ആത്മവിശ്വാസത്തിന്റെയും ജീവിതചര്യകളായിരുന്നു സി.വി. ഫിലിപ്പോസ് എന്ന ഫിലിപ്പോസ് ഫിലിപ്പിന്റെ ആദ്യ പാഠപുസ്തകം. അടൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്തിരുന്ന പിവിഎൽപി സ്കൂളിലെ കളിമുറ്റത്ത് നിന്ന് തുടങ്ങിയ ആ യാത്ര ഇന്ന് ലോക മലയാളികളുടെ പ്രിയപ്പെട്ട സംഘടനയായ ഫൊക്കാനയുടെ അസ്ഥിത്വം കാക്കുന്ന പോരാളിയായി അദ്ദേഹത്തെ മാറ്റിയിരിക്കുന്നു.

### കലാലയ രാഷ്ട്രീയത്തിലെ തീപ്പൊരി

പന്തളം എൻ.എസ്.എസ് കോളജിലെ പ്രീഡിഗ്രി പഠനത്തിനുശേഷം 1972-ൽ കൊല്ലം ടി.കെ.എം എൻജിനീയറിങ് കോളജിൽ എത്തുമ്പോൾ ഫിലിപ്പോസ് ഒരു സാധാരണ വിദ്യാർഥിയായിരുന്നു. എന്നാൽ ഉള്ളിലെ നേതൃത്വ പാടവം അധികകാലം ഒളിപ്പിച്ചു വെക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ക്യാമ്പസ് രാഷ്ട്രീയത്തിന്റെ തീച്ചൂളയിൽ വാർത്തെടുക്കപ്പെട്ട അദ്ദേഹം നാലാംവർഷ ബിരുദ വിദ്യാർത്ഥിയായിരിക്കെ കോളജ് യൂണിയൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു.

### മഹാരാഷ്ട്രയിലെ കർമ്മയോഗം.

എൻജിനീയറിങ് പൂർത്തിയാക്കി 1977-ൽ കേരള ഇലക്ട്രിസിറ്റി ബോർഡിൽ അപ്രന്റീസായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. എന്നാൽ ഉടൻ തന്നെ മഹാരാഷ്ട്ര സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഉയർന്ന പദവിയിൽ നിയമനം ലഭിച്ചു. തന്റെ കരിയറിലെ ഏറ്റവും സംതൃപ്തി നൽകിയ 12 വർഷങ്ങളായിരുന്നു അത് എന്ന് അദ്ദേഹം വിലയിരുത്തുന്നു. മഹാരാഷ്ട്രയിലെ ലാസൽഗാവ് എന്ന സബ്ഡിവിഷന്റെ ചാർജ് വഹിച്ചിരുന്ന കാലം അദ്ദേഹം ഇന്നും ആവേശത്തോടെ ഓർക്കുന്നു. ഗ്രാമീണ കർഷകർക്ക് മോട്ടോർ കണക്ഷനുകൾ നൽകാനും ഇരുട്ടുനിറഞ്ഞ ഗ്രാമവീഥികളിൽ തെരുവുവിളക്കുകൾ എത്തിക്കാനും അദ്ദേഹം നടത്തിയ പ്രയത്നങ്ങൾ ഇന്നും ആ മണ്ണിലെ ജനമനസ്സിലുണ്ട്.

### കുടുംബവും അമേരിക്കൻ പ്രവാസവും

ഈ കാലയളവിൽ ആയിരുന്നു പത്തനംതിട്ട ഇലന്തൂർ സ്വദേശിനിയും സിവിൽ എഞ്ചിനീയറുമായ ലിസി ഫിലിപ്പുമായുള്ള വിവാഹം. കോതമംഗലം എം.എ എഞ്ചിനീയറിങ് കോളജിൽനിന്ന് സിവിൽ എഞ്ചിനീയറിങ് പൂർത്തിയാക്കി. സെൻട്രൽ പി.ഡബ്ല്യൂ.ഡിയിലും പിന്നീട് കേരള പി.ഡബ്ല്യൂ.ഡിയിലും എഇ ആയി ലിസി സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ട് ആൺമക്കളുമായി സുഖകരമായ ജീവിതം നയിക്കുന്നതിനിടയിലാണ് അമേരിക്കൻ വിസ ലഭിക്കുന്നത്.

### അതിജീവനത്തിന്റെ പ്രവാസ കാലം

അമേരിക്കയിലെത്തിയ ആദ്യനാളുകൾ അതിജീവനത്തിന്റേതായിരുന്നു. എത്തിയ ഉടനെ തന്നെ ജോലി കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. എന്നാൽ ആ വർഷം തന്നെ പിതാവിന്റെ മരണം അദ്ദേഹത്തെ മാനസികമായി തളർത്തുകയും നാട്ടിലെത്തുകയും ചെയ്തു. തിരികെ അമേരിക്കയിലെത്തി സ്വകാര്യ മേഖലയിൽ തന്റെ പ്രൊഫഷണൽ മികവ് അദ്ദേഹം തെളിയിച്ചു. ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടറായി തുടങ്ങിയ യാത്ര സൂപ്പർവൈസർ, മാനേജർ, പ്ലാന്റ് മാനേജർ, ഓപ്പറേഷൻ മാനേജർ എന്നീ പടവുകൾ പിന്നിട്ടു. പ്രവാസ മണ്ണിലെ ഓരോ പ്രതിസന്ധിയും അദ്ദേഹത്തെ കൂടുതൽ കരുത്തനാക്കി മാറ്റി.

### ഗവൺമെന്റ് സർവീസും വിദേശ യാത്രകളും

പർച്ചേസിംഗ് മാനേജറായിരിക്കെ കമ്പനിക്ക് വേണ്ടി ചൈനയിലും തായ്‌വാനിലും നടത്തിയ വിദേശ യാത്രകൾ ലോക വിപണിയെയും സംസ്കാരങ്ങളെയും കുറിച്ച് അദ്ദേഹത്തിന് വലിയ കാഴ്ചപ്പാടുകൾ നൽകി. കഴിഞ്ഞ 20 വർഷമായി അദ്ദേഹം ന്യൂയോർക്ക് സ്റ്റേറ്റ് ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് സർവീസിൽ യൂട്ടിലിറ്റി സൂപ്പർവൈസറായി സേവനമനുഷ്ഠിക്കുന്നു. ഗ്യാസ്, ഇലക്ട്രിക്, വാട്ടർ കമ്പനികളുടെ സുരക്ഷാ മാനദണ്ഡങ്ങൾ നിരീക്ഷിക്കുന്ന ഈ ഉത്തരവാദിത്തപ്പെട്ട ജോലിയിൽ നിന്ന് ഈ വർഷം അദ്ദേഹം വിരമിക്കുകയാണ്. നീണ്ട ഇരുപത് വർഷത്തെ സർക്കാർ സേവനം അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തിന് വലിയ അംഗീകാരമാണ് നൽകിയത്.

### സംഘടനാ രംഗത്തെ ചടുലമായ നീക്കങ്ങൾ

അമേരിക്കയിൽ എത്തിയ നിമിഷം മുതൽ മലയാളി കൂട്ടായ്മകളെ തെരഞ്ഞുപിടിച്ച ഫിലിപ്പോസ്, ഹഡ്സൺ വാലി മലയാളി അസോസിയേഷന്റെ പ്രവർത്തകനായി തുടക്കം. പിന്നീട് വൈസ് പ്രസിഡന്റായി. പ്രസിഡന്റ്, സെക്രട്ടറി, സുവനീർ ചീഫ് എഡിറ്റർ, ചെയർമാൻ, ഇലക്ഷൻ കമ്മീഷണർ തുടങ്ങി നിരവധി പദവികൾ അദ്ദേഹം വഹിച്ചു. 1992 മുതൽ ഫൊക്കാനയിൽ സജീവമാണെങ്കിലും സ്ഥാനമാനങ്ങൾക്കായി അദ്ദേഹം ഒരിക്കലും ധൃതി കാട്ടിയില്ല. 2016-ൽ എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റായും പിന്നീട് തമ്പി ചാക്കോ പ്രസിഡന്റായ കാലത്ത് ജനറൽ സെക്രട്ടറിയായും വൻ ഭൂരിപക്ഷത്തോടെ അദ്ദേഹം വിജയിക്കുകയും തുടർന്ന് ട്രസ്റ്റി ബോർഡ് ചെയർമാനാവുകയും ചെയ്തു.

### നിയമപോരാട്ടങ്ങളുടെ അമരക്കാരൻ

ഫൊക്കാന എന്ന പേരും ലോഗോയും സംരക്ഷിക്കാൻ ഫിലിപ്പോസ് നടത്തിയ പോരാട്ടം സംഘടനയുടെ ചരിത്രത്തിലെ സുവർണ്ണ അധ്യായമാണ്. തോൽക്കുന്ന സ്ഥാനാർത്ഥി ജയിച്ചവനെതിരെ കേസ് കൊടുക്കുന്ന പ്രവണത സംഘടനയുടെ അന്തസ്സിനെ ബാധിച്ചപ്പോൾ അദ്ദേഹം കോടതികളിൽ ഡിഫൻഡറായി നിലകൊണ്ടു. സുപ്രീംകോടതി വരെ നീണ്ട 7 കേസുകൾ അദ്ദേഹം വിജയകരമായി നടത്തി. ഫൊക്കാന എന്ന വിശ്വവിഖ്യാതമായ പേര് നിലനിർത്താൻ നടത്തിയ ആ വലിയ പ്രയത്നത്തിൽ സംഘടനയെ സ്നേഹിക്കുന്നവരുടെ വലിയ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു.

### ഐഡന്റിറ്റി കാത്ത യുദ്ധം.

ഫൊക്കാനയുടെ ലോഗോയും പേരും തട്ടിയെടുക്കാൻ നടന്ന ഗൂഢാലോചനയെ അദ്ദേഹം പരാജയപ്പെടുത്തിയത് കൃത്യമായ തെളിവുകളിലൂടെയായിരുന്നു. സംഘടനയുടെ പേരും ലോഗോയും സ്വന്തമാക്കാൻ ചിലർ ശ്രമിച്ചപ്പോൾ, ലോഗോ അവർ കൈക്കലാക്കിയെങ്കിലും 'ഫൊക്കാന' എന്നപേര് മറ്റാർക്കും ഉപയോഗിക്കാൻ കഴിയാത്ത വിധം ഔദ്യോഗികമായി രജിസ്റ്റർ ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചു. ഫൊക്കാനയെ സ്നേഹിക്കുന്ന അനേകം നേതാക്കളുടെ പിന്തുണ അദ്ദേഹത്തിന് ഈ കാര്യത്തിൽ ലഭിച്ചു.













## ടീം ഇന്റഗ്രിറ്റി: ഒരു പുതിയ ഉദയം

2026–2028 കാലയളവിൽ ഫൊക്കാനയുടെ നേതൃത്വ നിരയിലേക്ക് വീണ്ടും കടന്നുവരുമ്പോൾ ഫിലിപ്പോസിന്റെ പാനലിന്റെ പേര് 'ടീം ഇന്റഗ്രിറ്റി' എന്നാണ്. സത്യസന്ധതയും വിശ്വസ്തതയും (Honesty and Faithfulness) മുറുകെ പിടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

30 വർഷത്തെ തന്റെ അനുഭവസമ്പത്ത് സംഘടനയുടെ നന്മയ്ക്കായി ഉപയോഗിക്കാനാണ് അദ്ദേഹം ആഗ്രഹിക്കുന്നത്.

വിജയിച്ചു വന്നാൽ പ്രവാസികൾക്കായി ഹെൽപ്പ് ലൈൻ സംവിധാനം അദ്ദേഹം വിഭാവനം ചെയ്യുന്നു. താൽക്കാലിക വാസത്തിനോ മറ്റോ വരുന്ന ഒരാൾക്ക് മരണം സംഭവിക്കുമ്പോഴോ, അന്യായമായ അറസ്റ്റുകൾ നടക്കുമ്പോഴോ എമർജൻസി സിറ്റുവേഷനുകളിൽ സഹായത്തിന് വേണ്ടി ഒരു നമ്പർ രൂപീകരിക്കുകയും, എവിടെയാണോ സഹായം വേണ്ടത് അവിടെ സഹായം എത്തിക്കുകയുമാണ് ഇതുകൊണ്ട് വിഭാവനം ചെയ്യുന്നത്. ഇത് പ്രവാസികൾക്ക് വലിയൊരു ആശ്വാസമായിരിക്കും. കഴിഞ്ഞ കമ്മിറ്റി തുടങ്ങിവെച്ച മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് തുടങ്ങിയ പദ്ധതികൾ തുടരുകയും അതിന്റെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.

## വിദ്യാഭ്യാസവും ശാക്തീകരണവും

കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി സ്കോളർഷിപ്പുകൾ നൽകുക, നാഷണൽ കമ്മിറ്റി അംഗങ്ങളെ സജീവമായ ഉപസമിതികളായി വിഭജിച്ച് ചാരിറ്റി, എമിഗ്രേഷൻ, ലഹരിവിരുദ്ധ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ പ്രവർത്തനസജ്ജമാക്കുക എന്നിവ അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യങ്ങളാണ്. കമ്മിറ്റിയിലെ എല്ലാ അംഗങ്ങളെയും ഭരണത്തിന്റെ ഭാഗമാക്കാനും അവരുടെ കഴിവുകൾ സംഘടനയുടെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്താനും അദ്ദേഹം ലക്ഷ്യമിടുന്നു. നാഷണൽ കമ്മിറ്റി അംഗങ്ങൾ ഇനി വെറും കാണികളാകില്ല, മറിച്ച് തീരുമാനങ്ങൾ എടുക്കുന്ന പങ്കാളികളാകും.

## പൈതൃകം കാക്കുന്ന പോരാട്ടം

കേരളത്തിലെ ചാരിറ്റി പ്രവർത്തനങ്ങളും 'ഭാഷയ്ക്കൊരു ഡോളർ' പദ്ധതിയും തനിമ ചോരാതെ മുന്നോട്ട് കൊണ്ടുപോകാൻ ഫിലിപ്പോസ് ഫിലിപ്പും അദ്ദേഹത്തിന്റെ ടീം ഇന്റഗ്രിറ്റിയും പ്രതിജ്ഞാബദ്ധരാണ്. സംഘടനയുടെ ഭരണഘടനയും നിയമവശങ്ങളും നന്നായി അറിയുന്ന ഒരു നേതാവ് എന്ന നിലയിൽ, ഫൊക്കാനയുടെ ഐഡന്റിറ്റി കാത്തുസൂക്ഷിക്കുക എന്നതിനാണ് അദ്ദേഹം പ്രഥമ പരിഗണന നൽകുന്നത്. അനുഭവ സമ്പന്നരായ ഒരു കൂട്ടം ആളുകളുമായി അദ്ദേഹം ലക്ഷ്യമിടുന്നത് ഫൊക്കാനയുടെ സുവർണ്ണ കാലഘട്ടമാണ്. പറയുന്ന കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുക എന്നതാണ് ഈ പാനലിന്റെ കരുത്ത്.



## ഒരായിരം ആശംസകളോടെ

ഫിലിപ്പോസ് ഫിലിപ്പിനെ സംബന്ധിച്ചിടത്തോളം നേതൃത്വം എന്നത് അധികാരമല്ല, മറിച്ച് സഹജീവികളെ ചേർത്തുപിടിക്കുന്ന നന്മയാണ്. അടൂരിലെ മണ്ണിൽ നിന്ന് പകർന്നു കിട്ടിയ ആ സത്യസന്ധതയും, മഹാരാഷ്ട്രയിലെ ഗ്രാമങ്ങളിൽ നിന്ന് പഠിച്ച കർമ്മശേഷിയും, അമേരിക്കയിലെ പ്രൊഫഷണലിസവും ഒത്തുചേരുമ്പോൾ ഫൊക്കാനയ്ക്ക് ലഭിക്കുന്നത് പകരം വെക്കാനില്ലാത്ത ഒരു നായകനെയാണ്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ഫിലിപ്പോസ് ഫിലിപ്പിനും അദ്ദേഹത്തിന്റെ 'ടീം ഇന്റഗ്രിറ്റി'ക്കും എല്ലാവിധ വിജയങ്ങളും നേരുന്നു. തന്റെ അനുഭവസമ്പത്ത് കൊണ്ട് ഫൊക്കാനയെ കൂടുതൽ ഉയരങ്ങളിലെത്തിക്കാനും, ഓരോ പ്രവാസി മലയാളിയുടെയും ആശ്രയമായി മാറാനും അദ്ദേഹത്തിന് കഴിയട്ടെ എന്ന് നമുക്ക് ആശംസിക്കാം. നന്മയുടെയും സത്യത്തിന്റെയും ഈ പോരാട്ടത്തിന് ഒരായിരം അഭിവാദ്യങ്ങൾ!

























കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# ഓർമ്മയിൽ എസ്. പി. വെങ്കിടേഷ്



**തൊണ്ണൂറ് കാലഘട്ടത്തിൽ മലയാള സിനിമാ ഗാനങ്ങളുടെയും സിനിമാ പിന്നണി സംഗീതത്തിന്റെയും ഭാവുകത്വത്തിന് മാറ്റ് കൂട്ടിയ വെങ്കിടേഷിന്റെ നിര്യാണം നമ്മുടെ പോപ്പുലർ സംഗീതത്തിന്റെ ഒരു വലിയ നഷ്ടമാണ്.**

ഓർമ്മ



ജി. വേണുഗോപാൽ

സിനിമയിലും സംഗീതത്തിലും ഗംഭീരമായ സാങ്കേതിക മുന്നേറ്റങ്ങൾക്ക് മുന്നെ കടന്നു വന്ന സംഗീതജ്ഞൻ ആയിരുന്നു എസ്.പി. വെങ്കിടേഷ്. സിനിമയിൽ കീബോർഡ് പ്രോഗ്രാമിങ്ങ് ആരംഭിച്ചിട്ടില്ല അക്കാലത്ത്. സിനിമയുടെ പശ്ചാത്തല സംഗീതം ചെയ്യുക എന്നത് അത്ര എളുപ്പമല്ലാതിരുന്ന ഒരു കാലം. ലീനിയർ എഡിറ്റിംഗ് ആയിരുന്നു നിലവിലുണ്ടായിരുന്നത്. അതുകൊണ്ടു തന്നെ ഗാനങ്ങൾക്ക് മനോഹരമായ ഈണം നൽകിയിരുന്ന പല സംഗീത സംവിധായകരും, ട്യൂൺ ഇടുക എന്ന ചടങ്ങോടെ രംഗം വിടുകയായിരുന്നു പതിവ്! സിനിമയുടെ റീലുകൾ കണ്ട് ഉള്ളിലെ സംഗീത/താള ബോധത്താൽ സംഗീതം തയ്യാറാക്കുക എന്നത് സംഗീത സംവിധായകരെ സംബന്ധിച്ചിടത്തോളവും അന്ന് ഒരു വലിയ വെല്ലുവിളിയായിരുന്നു. തൊണ്ണൂറുകൾക്ക് മുൻപു തന്നെ ശ്രീ. വെങ്കിടേഷ് തന്റെ സ്വതസിദ്ധ



മായ സംഗീതാവബോധത്താൽ, പാട്ടുകൾക്ക് ഈണം നൽകുന്നതിലും, സിനിമയുടെ പിന്നണി സംഗീതം ഒരുക്കുന്നതിലും പ്രകടിപ്പിച്ചിരുന്ന വേഗതയും വൈദഗ്ദ്ധ്യവും അദ്ദേഹത്തെ മലയാള സിനിമാ രംഗത്തെ അതിപ്രശസ്തനായ ഒരു സംഗീത സംവിധായകനാക്കി മാറ്റിയിരുന്നു. ഗാനങ്ങളുടെ ഈണവും പിന്നണിയും ഒരേ പോലെ ഭംഗിയായും വേഗതയോടെയും ചെയ്യുന്നതിൽ അങ്ങനെ ജോൺസനോടൊപ്പം എസ്.പി. വെങ്കിടേഷിന്റെ നാമവും ഫിലിം മേക്കേർസിന് പരിചിതമായിത്തീർന്നിരുന്നു. സംവിധായകർക്കും നിർമ്മാതാക്കൾക്കും ഒഴിച്ചുകൂടാൻ വയ്യാത്തൊരു കൊമേഴ്സ്യൽ നാമധേയമായി വെങ്കിടേഷ് അതിവേഗം വളർന്നു. സാങ്കേതികതയുടെ അതിപ്രസരമില്ലാത്ത ആ നാളുകളിൽ കുറച്ച് സമയത്തിനുള്ളിൽ ചെറിയ ബജറ്റിൽ പരമാവധി ഭംഗിയായി വെങ്കിടേഷ് തന്റെ ജോലി നിർവ്വഹിച്ചിരുന്നു.

അക്കാലത്തെ മുൻനിര സിനിമാ സംവിധായകരായ ജോഷി, പ്രിയദർശൻ, തമ്പി കണ്ണന്താനം, ഡെന്നിസ് ജോസഫ്, ജയരാജ്, രാജസേനൻ, ഇവർക്കൊക്കെ വളരെ വേണ്ടപ്പെട്ട സംഗീത സംവിധായകനായിരുന്നു എസ്.പി. വെങ്കിടേഷ്. ഒരേ സമയം നാലും അഞ്ചും ചിത്രങ്ങൾക്ക് സംഗീതവും പിന്നണിയുമടക്കം A to Z ജോലികൾ ചെയ്യുന്ന വെങ്കിടേഷിനെ ഞാൻ ആദരപൂർവ്വം നോക്കി നിന്നിട്ടുണ്ട്. ഒരിക്കലും അദ്ദേഹം ജോലിക്കിടയിൽ ദേഷ്യമോ, അസ്വസ്ഥതയോ പ്രകടിപ്പിച്ചു കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ തമിഴ് കലർന്ന മലയാള സംഭാഷണവും മലയാളം വായിച്ച് മനസ്സിലാക്കാനുള്ള പ്രയാസവും, സംഗീതം നൽകുന്നതിന് അദ്ദേഹത്തിന് പ്രതിബന്ധമായി നിന്നതിന് യാതൊരു തെളിവുമില്ല.

1987-ൽ ഡിസംബറിലായിരുന്നു എന്നാണ് എന്റെ ഓർമ്മ, ഞാൻ ആദ്യമായി ശ്രീ. വെങ്കിടേഷിനു വേണ്ടി പാടുന്നത്. "വിളംബരം" എന്ന ബാലചന്ദ്രമേനോൻ ചിത്രമായിരുന്നു അത്. തുടർന്ന് ധാരാളം വെങ്കിടേഷ് ഗാനങ്ങൾ ഞാൻ പാടുകയുണ്ടായി. ശുദ്ധമദ്ദളം, ധ്രുവം, കമ്പോളം, സൈന്യം തുടങ്ങി അക്കാലത്തെ മുഖ്യധാരയിലെ പല ചിത്രങ്ങൾക്കും ഞാൻ വെങ്കിടേഷിന്റെ സംഗീതത്തിൽ പാടിയിയിട്ടുണ്ട്.

തൊണ്ണൂറ് കാലഘട്ടത്തിൽ മലയാള സിനിമാ ഗാനങ്ങളുടെയും സിനിമാ പിന്നണി സംഗീതത്തിന്റെയും ഭാവുകത്വത്തിന് മാറ്റ് കൂട്ടിയ വെങ്കിടേഷിന്റെ നിര്യാണം നമ്മുടെ പോപ്പുലർ സംഗീതത്തിന്റെ ഒരു വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ രണ്ട് പുത്രന്മാരും അദ്ദേഹത്തോടൊപ്പം സിനിമാ സംഗീത മേഖലയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്.

# അകലെ

കവിത



പ്രസന്ന ആനക്കര

ദൂരെയിരുൾകാടിനുള്ളിൽ
ആളിപ്പടരുന്നൊരഗ്നി
ആ,മുഖകാന്തിയിലാകെ
നീറിപ്പിടിച്ചതു കണ്ടോ?

ചുറ്റുമിരുട്ടാണ് കുഞ്ഞേ
ചത്ത കിനാവിൽ ഞാൻ കണ്ടു.
കള്ളമാം സൂചിമുനയാൽ
കുത്തിനോവിക്കുന്നു കാലം

ജീവിതയാത്രയിൽ ഞാനാ -
നീതിതൻ വാക്കുകൾ തേടി
പുഞ്ചിരിപൂക്കൾ പരതി,പക്ഷേ
പൊട്ടിയചില്ലുകൾ മാത്രം.

ചുറ്റുമിരുട്ടാണ് മുന്നിൽ
ഞാനൊട്ടുമേ കീഴടങ്ങില്ല.
നേരിന്റെവെട്ടം ഞാൻ കാണും
നേരെയീ ഞാനുംപറക്കും.



കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# സി. ജെ. റോയിയുടെ പതനം!



ലേഖനം



തമ്പി ആന്റണി

“ഉയരം കൂടുന്തോറും വീഴ്ചയുടെ ആഘാതം കൂടും” എന്നത് ഏതൊരു വന്മരത്തിനും ബാധകമായ സത്യം തന്നെയാണ്. ഇത് ഞാൻ ഒരിക്കൽ ഇന്നത്തെ ചിന്തയായി എഫ് പേജിൽ കുറിച്ചിട്ടതാണ്. അത് തന്നെ, കോൺഫിഡന്റ് ഗ്രൂപ്പ് മേധാവി സി.ജെ. റോയിയുടെ പതനത്തിലും നാം കാണുന്നു. ആത്മഹത്യക്കുറിപ്പ് മുൻകൂട്ടി എഴുതി വെച്ച സാഹചര്യത്തിൽ, അതും അത്ര വിശ്വസനീയമല്ല, അല്ലെങ്കിൽ പെട്ടെന്നുണ്ടായ മാനസിക സംഘർഷം കൊണ്ടാണ് സ്വയം വെടിവെച്ചതെന്ന് വിശ്വസിക്കാൻ എനിക്കിപ്പോഴും പ്രയാസമുണ്ട്.

നമ്പൂതിരിയുടേത് ക്രിസ്റ്റൽ ഗ്രൂപ്പിനെ ചതിച്ചെന്ന ആരോപണം ഞാൻ വിശ്വസിക്കുന്നില്ല. ക്രിസ്റ്റൽ ഗ്രൂപ്പിനെ നിരവധി ഉയരങ്ങളിലേക്ക് എത്തിച്ചത് സി.ജെ. റോയിയുടെ സാന്നിധ്യം തന്നെയായിരിക്കണം. അല്ലായിരുന്നുവെങ്കിൽ, ഒരു നിക്ഷേപവുമില്ലാതെ ബുദ്ധിമാനായ നമ്പൂതിരി റോയിയെ പങ്കാളിയാക്കുമായിരുന്നില്ല. ഇത്തരം കാര്യങ്ങൾ ബിസിനസ് ലോകത്ത് സാധാരണമാണ്.

പിന്നീട് ഉണ്ടായ പിണക്കങ്ങളും വേർപാടും അത്ര അസ്വാഭാവികമായ കാര്യങ്ങളുമല്ല. ഇതെല്ലാം സംബന്ധിച്ച് സംസാരിക്കേണ്ടത് നമ്പൂതിരിയും അദ്ദേഹത്തിന്റെ ഭാര്യയുമാണ്. എന്നാൽ അവർ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ, ഉണ്ടെങ്കിൽ എവിടെയാണെന്ന കാര്യത്തിൽ പോലും ആർക്കും വ്യക്തമായ അറിവില്ല.

ഒരു സിനിമാ നിർമാതാവെന്ന നിലയിലാണ് ഞാൻ ആദ്യം സി.ജെ. റോയിയെക്കുറിച്ച് കേൾക്കുന്നത്. കാസിനോവ എന്ന സിനിമയിൽ എന്റെ അമേരിക്കയിലുള്ള ഒരു സുഹൃത്ത് നിർമാണ പങ്കാളിയായപ്പോഴാണ് അദ്ദേഹത്തിന്റെ പേര് പരിചയത്തിലാകുന്നത്. അന്ന് ആ സുഹൃത്ത് എന്നോട് ഉപദേശം ചോദിച്ചപ്പോൾ, “പറ്റുമെങ്കിൽ എത്രയും വേഗം നിക്ഷേപിച്ച തുക തിരിച്ചെടുക്കുക; പുതിയ സംരംഭം തുടങ്ങുന്നതാണ് നല്ലത്” എന്നാണ് ഞാൻ പറഞ്ഞത്. സിനിമാ നിർമാണത്തിൽ എനിക്ക് തന്നെ ഉണ്ടായ നഷ്ടാനുഭവങ്ങളാണ് ആ നിരുത്സാഹപെടുത്തലിന്റെ കാരണം.

സുഹൃത്ത് ആ ഉപദേശം സ്വീകരിച്ചതുകൊണ്ട് ഒരു വലിയ നഷ്ടം ഒഴിവായി. പിന്നീട് കാസിനോവ റോയിക്ക് കോടികളുടെ നഷ്ടം ഉണ്ടാക്കിയെന്ന വാർത്തയും പുറത്തുവന്നു.

അതിനു ശേഷം സോഷ്യൽ മീഡിയയിലെ സി.ജെ. റോയിയെ ഞാൻ പ്രത്യേകിച്ച് ശ്രദ്ധിച്ചിരുന്നില്ല. മറ്റേതോ റോയ് ആകുമെന്നാണ് കരുതിയത്. അദ്ദേഹത്തിന്റെ ആത്മഹത്യയ്ക്കുശേഷമാണ് പോസ്റ്റുകൾ ശ്രദ്ധയിൽപ്പെടുന്നത്, അവ എന്നെ അക്ഷരാർത്ഥത്തിൽ അത്ഭുതപ്പെടുത്തി.

“പ്ലെയിൻ യാത്രയിൽ പ്ലെയിൻ ക്രാഷ് ചെയ്യാൻ പോകുകയാണെന്ന് പൈലറ്റ് അനൗൺസ് ചെയ്താലും ഞാൻ ഡപ്പാംകുത്തു കളിക്കും. ജീവിതം ഓരോ നിമിഷവും ആഘോഷിക്കാനുള്ളതാണ്” എന്നാണ് സി.ജെ.ആർ ഒരു വീഡിയോയിൽ പറയുന്നത്. അതായത്, മരണത്തെ ഒരിക്കലും ഭയപ്പെട്ടിരുന്നില്ലെന്ന് തന്നെ കരുതാം.

ഇംഗ്ലീഷ് കവിയായ ജോൺ ഡൺ (John Donne) പറഞ്ഞ “Death, be not proud” എന്ന കാവ്യവചനം അക്ഷരാർത്ഥത്തിൽ ശരിവെക്കുന്നതുപോലെ.

പന്ത്രണ്ടോളം റോൾസ് റോയിസുകൾ, നടക്കുമ്പോൾ പതിനഞ്ചോളം അംഗരക്ഷകർ, ഹോട്ടലുകളിൽ താമസിക്കുമ്പോൾ മുഴുവൻ ഫ്ളോർ ബുക്ക് ചെയ്യൽ, പ്രത്യേക എലിവേറ്റർ... ഇത്രയും സുരക്ഷാഭ്രമം ആരെ പേടിച്ചിട്ടായിരുന്നു? സമ്പത്ത് മുഴുവൻ സോഷ്യൽ മീഡിയയിൽ പ്രദർശിപ്പിച്ച് മറ്റുള്ളവരുടെ കയ്യടിയോ അസൂയയോ നേടാനുള്ള വ്യഗ്രത, ഇതിന്റെയൊക്കെ ഉദ്ദേശം എന്തായിരുന്നു?

പെട്ടെന്ന് പണക്കാരനായാൽ ചിലർക്കുണ്ടാകുന്ന ഒരു മാനസികാവസ്ഥ. അതിന്റെയൊരു മൂർദ്ധന്യാവസ്ഥയിലായിരുന്നു സി.ജെ. റോയി എന്ന് തോന്നുന്നു. ഇത്രത്തോളം വിദ്യാഭ്യാസവും അനുഭവവും ഉള്ള ഒരാൾ അതും സി.ജെ. റോയി, അത്തരം ഒരു മാനസികാവസ്ഥയിലെത്തുന്നത് അപൂർവങ്ങളിൽ അപൂർവമാണ്.

അദ്ദേഹത്തിന്റെ അവസാന വീഡിയോകളിലെ ശരീരഭാഷയും ശരീരാവസ്ഥയും പ്രത്യേകം ശ്രദ്ധയിൽപ്പെട്ടു. ജീവിതം ആഘോഷിക്കുന്നതായി ശരീരഭാഷ പറയുമ്പോഴും, ശരീരം തീർത്തും അനാരോഗ്യപരമായി കാണപ്പെട്ടു. പണമുണ്ടാക്കാനുള്ള നെട്ടോട്ടത്തിൽ സ്വന്തം ആരോഗ്യത്തെ അവഗണിക്കുന്ന സമ്പന്നരെ കണ്ടാൽ അതാണ് എനിക്കേറ്റവും അതിശയകരമായി തോന്നുന്നത്. എന്തൊക്കെ നേടിയാലും, ആരോഗ്യമില്ലെങ്കിൽ അതിനൊക്കെ എന്ത് വില? സ്വയം മരിച്ചില്ലായിരുന്നെങ്കിലും അധികനാൾ ജീവിച്ചിരിക്കാനുള്ള ഒരു ശരീരഭാഷ ആയിരുന്നില്ല റോയിയുടേത്. ഈ അവസ്ഥ മറ്റുള്ള സമ്പന്നർക്കെങ്കിലും ഒരു പാഠമാകട്ടെ.

എത്ര പണമുണ്ടാക്കിയാലും, തിരക്കുണ്ടെങ്കിലും ദിവസേന ആരോഗ്യസംരക്ഷണത്തിന് മുൻഗണന നൽകുക. പണം പോയാൽ വീണ്ടും ഉണ്ടാക്കാം; ആരോഗ്യം പോയാൽ പണം കൊണ്ട് എന്ത് പ്രയോജനം?

ഇപ്പോൾ ഓർമ്മയിൽ വരുന്നത് കമ്പ്യൂട്ടർ മാന്ത്രികനും ബില്യണറുമായ സ്റ്റീവ് ജോബ്സിന്റെ അവസാനകാല വാക്കുകളാണ്:

"I have all the money in the world...

but I can't buy health."

അവസാനം ബാക്കിയാകുന്ന പാഠം ഇത്രമാത്രം:

Health is wealth.

അമ്മ ജീവിച്ചിരിക്കുമ്പോൾ മക്കൾ പോവുക നിർഭാഗ്യകരമാണ്.

# കൽവിളക്കിന്റെ പാട്ട്

ലേഖനം



ഡോ. ഉഷാറാണി ശശികുമാർ
മാടശ്ശേരി.

കേൾക്കുന്നുവോ സഖീ,
കാലം കൊളുത്തുന്ന
കാൽവിളക്കെന്നും
പാടുന്ന ഗീതങ്ങൾ!

മണ്ണിന്നുള്ളത്തിലണയാതെ
മിന്നും പ്രണയത്തരി-
കളിലഗ്നിക്കനവൂതി-
ത്തെളിയും വിളക്കിൻ
മിഴിയിൽ മൊഴി ചേർത്തു,
തീരാത്ത സ്നേഹം പകർന്നു
പാടുന്നൂ,സദാ!

ശ്രുതിമീട്ടിയെത്തുന്നിളം
തെന്നൽ മൃദുവായ്
തഴുകിയതിലോലം മോഹ-
ത്തിരികൾ മീട്ടുന്നു.
വശ്യ,മനവദ്യസുന്ദരചിത്രമായ്,
നിലാപ്പട്ടു ചുറ്റി, നിഴലും
മതിമറന്നാടുന്നു, പൊന്നിൻ
ചിലമ്പൊലീതാളമുതിരുന്നു.

ആളിപ്പടരാതെ, മങ്ങിയമരാതെ
എന്നും തെളിഞ്ഞാടൂ,
കാണാത്ത കനവായ്!
മങ്ങാത്ത പ്രണയസ്മൃതി
തന്നൊളിയായ്!
മണ്ണിനുള്ളിലെന്നുമുണരട്ടെ
ജീവന്റെ നവഗീതം!
സ്നേഹം തുളുമ്പുമഗ്നി -
പുഷ്പങ്ങൾ തൻ സുരഗീതം!

# ഡബ്ല്യുഎംസി ഫ്ളോറിഡ സംഗമം 'സാന്റാസ് ആഫ്റ്റർ പാർട്ടി 2026' ശ്രദ്ധേയമായി

ടാമ്പാ: വേൾഡ് മലയാളി കൗൺസിലിന്റെ നേതൃത്വത്തിൽ അമേരിക്ക റീജിയനും ഫ്ളോറിഡ പ്രൈം പ്രൊവിൻസും സംയുക്തമായി സംഘടിപ്പിച്ച പുതുവത്സര സൗഹൃദ-സാംസ്കാരിക സംഗമം 'സാന്റാസ് ആഫ്റ്റർ പാർട്ടി-2026' ജനുവരി 17-ന് ശനിയാഴ്ച ടാമ്പായിൽ വിജയകരമായി നടന്നു. വാൽറിക്കോയിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ കമ്യൂണിറ്റി സെന്ററിൽ നടന്ന പരിപാടിയിൽ വലിയ ജനപങ്കാളിത്തമുണ്ടായി.



മലയാള സിനിമയിലെ ആക്ഷൻ ഹീറോ ബാബു ആന്റണി മുഖ്യാതിഥിയായി ചടങ്ങിൽ പങ്കെടുത്തു. വേൾഡ് മലയാളി കൗൺസിൽ ആഗോള പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ മുഖ്യ പ്രഭാഷണം നടത്തി. ഡോ. ഷിബു (ചെയർമാൻ), ബ്ലെസൺ (അമേരിക്ക മേഖല പ്രസിഡണ്ട്), മഞ്ജു സുരേഷ് (അമേരിക്ക മേഖല സെക്രട്ടറി), രാജു മൈലപ്ര (അമേരിക്ക മേഖല മീഡിയ) എന്നിവർ പരിപാടിക്ക് നേതൃത്വം നല്കി.



ചടങ്ങിൽ ഫാ. ജെക്കു സഖറിയ, ഡോ. ആംബ്രോസ് (ഫ്ളോറിഡ പ്രൈം പ്രൊവിൻസ് ചെയർമാൻ), കരോലൈൻ ബ്ലെസൺ (ഫ്ളോറിഡ പ്രസിഡണ്ട്), അഞ്ജലി നായർ (ഫ്ളോറിഡ സെക്രട്ടറി), ദീപക് സതീഷ് (ഫ്ളോറിഡ ട്രഷറർ), ബേബി സെബാസ്റ്റ്യൻ (മുൻ ട്രഷറർ) എന്നിവർ പങ്കെടുത്തു. ഇതോടൊപ്പം സിദ്ധാർത്ഥ്, രേമ്യ, പ്രിയ, ജെയിംസ് ഇല്ലിക്കൽ (കെസിസിഎൻഎ പ്രസിഡണ്ട്), സണ്ണി മറ്റവന (ഫൊക്കാന ഇന്റർനാഷണൽ), ലിൻഡോ ജോളി, ഗ്രേസ് (ടിഎംഎ), ജോൺ കല്ലോലിക്കൽ (ഫൊക്കാന), ബിജോയി (എംഎടി), സ്റ്റാൻലി ജോൺ, ഷീജ, ദേവ, ടോണി ജന്നു, ശ്രാവൺ മാധംസെട്ടി എന്നിവർ സാന്നിദ്ധ്യമേകി.

കൂടാതെ ലക്ഷ്മി പീറ്റർ (അമേരിക്ക മേഖല വിമൻസ് ഫോറം ചെയർ), പ്രിയ വെസ്ലി (അമേരിക്ക മേഖല വൈസ് പ്രസിഡണ്ട്-അഡ്മിൻ), സൂസൻ സക്കറിയ (നോർത്ത് വിർജീനിയ പ്രൊവിൻസ് പ്രസിഡണ്ട്) എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി ഫാ. ജിമ്മി ജെയിംസ് ക്രിസ്മസ്-പുതുവത്സര സന്ദേശം നല്കി. സ്കൈവേ ബ്രിഡ്ജ് ബാൻഡ് അവതരിപ്പിച്ച ലൈവ് സംഗീത പരിപാടി സദസ്സിനെ ആവേശത്തിലാക്കി.

കെസിസിഎൻഎ, ഫൊക്കാന, ടിഎംഎ എന്നിവ പോലുള്ള പ്രമുഖ മലയാളി സംഘടനകളുടെ നേതാക്കളുടെ സാന്നിദ്ധ്യം പ്രവാസി മലയാളി സമൂഹത്തിലെ ഐക്യവും സഹകരണവും ശക്തമായി പ്രതിഫലിപ്പിക്കുന്നതാണെന്ന് സംഘാടകർ അറിയിച്ചു.

ഫ്ളോറിഡയിലെ മലയാളി സമൂഹത്തിന് ഓർമ്മയിൽ നിൽക്കുന്ന ആഘോഷമായി 'സാന്റാസ് ആഫ്റ്റർ പാർട്ടി-2026' മാറിയതായി അവർ പറഞ്ഞു.

## ജോർജ് വർഗീസിന്റെ വചനം ധ്യാനം ഗാനം എന്ന ഗ്രന്ഥം ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു

**ഷാജി രാമപുരം**

ഡാളസ്: പ്രശസ്ത ഗാനരചയിതാവ് ജോർജ് വർഗീസ് (ജയൻ) എഴുതിയ ധ്യാനം ഗാനം എന്ന ഗ്രന്ഥം തിരുവല്ലായിൽ വെച്ച് ഫെബ്രുവരി 4-ന് ബുധനാഴ്ച വൈകിട്ട് നടന്ന ചടങ്ങിൽ മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മെത്രാപ്പോലീത്താ സഭയുടെ കോട്ടയം-കൊച്ചി ഭദ്രാസനാധിപൻ ബിഷപ് തോമസ് മാർ തിമോത്തിയോസിനു നല്കിക്കൊണ്ട് പ്രകാശനം ചെയ്തു.

ഒരു വ്യക്തി എപ്രകാരം വചനത്തിൽ നിന്നും ധ്യാനത്തിലേക്കും ധ്യാനത്തിൽ നിന്നും ഗാനത്തിലൂടെ ആരാധനയിലേക്കും അർപ്പണത്തിലേക്കും നയിക്കപ്പെടുന്നു എന്നത് ഏറ്റം ശ്രേഷ്ഠമായി ഈ പുസ്തകത്തിൽ വിവരിക്കുന്നു എന്ന് ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു.



വികാരി ജനറാൾ വെരി റവ. മഹേഷ് തോമസ് ചെറിയാൻ, മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ജനറൽ സെക്രട്ടറി റവ. എബി കെ. ജോഷ്വാ, സഭയുടെ ഡിപ്പാർട്ടുമെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്യൂണിക്കേഷൻ ഡയറക്ടർ റവ. ഉമ്മൻ കെ. ജേക്കബ്, മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സെക്രട്ടറി റവ. കെ.ഇ. ഗീവർഗീസ്, മാർത്തോമ്മാ സന്നദ്ധ സുവിശേഷകസംഘം മുൻ ജനറൽ സെക്രട്ടറി റവ. പി.സി. സജി തുരുത്തിക്കാട്, ബിഎഎം കോളജ് മുൻ പ്രിൻസിപ്പൽ പ്രഫ. ഡോ. ജോസ് പാറകടവിൽ തുടങ്ങി അനേകംപേർ ചടങ്ങിൽ പങ്കെടുത്തു.

ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ഇടവകാംഗം ആയ ജോർജ് വർഗീസ് രചിച്ച ഗാനങ്ങൾ എല്ലാംതന്നെ കഴിഞ്ഞ നാളുകളായി മാരാമൺ കൺവൻഷനുകളിലൂടെ പ്രസിദ്ധിയാർജ്ജിച്ചവയാണ്. താൻ രചിച്ച ഗാനങ്ങൾക്കു പിന്നിലെ ജീവിതാനുഭവങ്ങളും ധ്യാനചിന്തകളും ഗാനങ്ങളും കോർത്തിണക്കി തയ്യാറാക്കിയതാണ് വചനം ധ്യാനം ഗാനം എന്ന ഈ പുസ്തകം.

ഫെബ്രുവരി 8 മുതൽ ആരംഭിക്കുന്ന മാരാമൺ കൺവൻഷനോടനുബന്ധിച്ച് വിവിധ സ്റ്റാളുകളിലും കൂടാതെ സഭാ ബുക്ക് ഡിപ്പോ, സി.എസ്.എസ് ബുക്ക് ഡിപ്പോ എന്നിവിടങ്ങളിലും ഈ പുസ്തകം ലഭ്യമാണെന്നും ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം നോർത്ത് അമേരിക്ക ഭദ്രാസനം തുടക്കം കുറിച്ച ഇന്ത്യയിലെ വിവിധ പ്രദേശത്തെ അനേകം കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ലൈറ്റ് ടു ലൈഫ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമെന്നും ഗ്രന്ഥകാരൻ ജോർജ് വർഗീസ് അറിയിച്ചു.



**"Love does not disappear when a beloved is gone; it changes its form and learns to live in memory, faith, and quiet strength."**

# VALENTINE'S DAY THROUGH A WIDOW'S EYES: HONORING LOVE THAT ENDURES

Valentine's Day has its roots long before chocolates and roses filled store shelves. The celebration traces back to St. Valentine, a Christian martyr believed to have lived in the 3rd century, who honored marriage and commitment even at great personal cost. Over time, especially by the Middle Ages, the day became associated with romantic love, loyalty, and staying together through life—values that remain at the heart of Valentine's Day, beyond all its modern expressions.

For many of us who married decades ago, Valentine's Day was not always the occasion it is today. Just after our marriage in the 1990s, this day was hardly noticed in India. It was only years later—perhaps as our children grew—that Valentine's Day began to be celebrated more openly, influenced by the West. As someone who enjoys marking special occasions, I remember slowly embracing it in simple ways: wearing something red, going out for dinner, and sharing quiet smiles.

In later years, one small gesture remains tender in my heart—my husband surprising me with a single red rose. Yes, there was increasing commercialism all around us, but what mattered was never the noise of the world. It was our togetherness, lived in simple, meaningful ways.

For widows and widowers—young and old—Valentine's Day carries a different weight. Yet it need not be a day of avoidance or sorrow alone. It can become a day of gentle remembrance, honoring the love that once filled ordinary days and sustained us through extraordinary ones.

Some find comfort in revisiting memories: a favorite meal once shared, a familiar song, a quiet prayer of gratitude. Others find solace in companionship—with friends who understand, or in faith that assures us love is not lost, only transformed.

These small, personal observances are not about holding on to the past, but about respecting a bond that shaped our lives.

Seen through a widow's eyes, Valentine's Day reminds us that love between couples does not end with absence. It lives on—in values passed down, in strength quietly carried forward, and in the deep assurance that loving well was a gift.

May this day offer comfort to those who walk alone, and peace to those who remember a hand once held. The love we shared was real—and that itself is something worth honoring.

"What we have once enjoyed deeply we can never lose. All that we love deeply becomes a part of us." — Helen Keller



Mrs. Suma George

# അബ്ദുൾ പുന്നയൂർക്കുളത്തിന്റെ നോവൽ 'പറക്കും പക്ഷിയെ പ്രണയിക്കുന്നവർ' ഡോ. എം.എൻ. കാരശ്ശേരി പ്രകാശനം ചെയ്തു

പുന്നയൂർക്കുളം: അമേരിക്കൻ മലയാളി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളത്തിന്റെ പ്രഥമ നോവൽ 'പറക്കും പക്ഷിയെ പ്രണയിക്കുന്നവർ' ഡോ. എം.എൻ. കാരശ്ശേരി പ്രകാശനം ചെയ്തു. പുന്നയൂർക്കുളം കമല





അബ്ദുൾ പുന്നയൂർക്കുളത്തിന്റെ 'പറക്കും പക്ഷിയെ പ്രണയിക്കുന്നവർ' എന്ന നോവൽ ഡോ. ഖദീജാ മുംതാസിന് നല്കി ഡോ. എം.എൻ. കാരശ്ശേരി പ്രകാശനം ചെയ്യുന്നു.

സുരയ്യ സാംസ്കാരിക സമുച്ചയത്തിൽ നടന്ന പരിപാടിയിൽ ഡോ. ഖദീജാ മുംതാസ് പുസ്തകം ഏറ്റുവാങ്ങി. ടി. മോഹൻ ബാബു പുസ്തകം പരിചയപ്പെടുത്തി. എഴുത്തുകാരനും ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയുമായ സുരേന്ദ്രൻ മങ്ങാട്ട് മുഖ്യാതിഥിയായിരുന്നു. എച്ച് ആൻഡ് സി ബുക്സ് ആണ് പുസ്തകം പ്രസിദ്ധീകരിച്ചത്. ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്ന അബ്ദുൾ പുന്നയൂർക്കുളത്തിന്റെ ഏഴാമത്തെ പുസ്തകമാണ് പറക്കും പക്ഷിയെ പ്രണയിക്കുന്നവർ. പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡണ്ട് ഹസ്സൻ തളികശ്ശേരി, പുന്നയൂർക്കുളം സഹകരണ ബാങ്ക് പ്രസിഡണ്ട് പി. ഗോപാലൻ, അമേരിക്കൻ എഴുത്തുകാരൻ മനോഹർ തോമസ്, അഷറഫ് മന്തിയിൽ, വി.ആർ. പ്രസാദ്, എ.കെ. സതീഷ്കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. പുന്നയൂർക്കുളം സാഹിത്യ സമിതി പ്രസിഡണ്ട് ഉമ്മർ അറക്കൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നിരവധി എഴുത്തുകാർ പങ്കെടുത്തു. അബ്ദുൾ പുന്നയൂർക്കുളം മറുപടിപ്രസംഗം നടത്തി. സമിതി സെക്രട്ടറി രാജേഷ് കടാമ്പുള്ളി സ്വാഗതവും ഷാജൻ വാഴപ്പള്ളി നന്ദിയും പറഞ്ഞു. പുന്നയൂർക്കുളം സാഹിത്യ സമിതി അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നല്കി.



# പുതുവർഷത്തിലെ ആദ്യ ആഘോഷം ഗംഭീരമാക്കി കാഞ്ച് ന്യൂ ഇയർ–റിപ്പബ്ലിക് ഡേ പരിപാടി

ന്യൂജേഴ്സി: കടുത്ത ശൈത്യാവസ്ഥയെയും അവഗണിച്ച് വലിയ ജനപങ്കാളിത്തത്തോടെ കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാഞ്ച്) സംഘടിപ്പിച്ച 2026-ലെ ന്യൂ-ഇയർ റിപ്പബ്ലിക്ഡേ സംയുക്ത ആഘോഷം ശ്രദ്ധേയമായി. സംഘടനയുടെ 2026-ലെ ആദ്യ ഔദ്യോഗിക പരിപാടിയെന്ന നിലയിൽ നടന്ന ചടങ്ങ് വിപുലമായ ആഘോഷങ്ങളോടെയാണ് അരങ്ങേറിയത്. ഇന്ത്യയുടെയും അമേരിക്കയുടെയും ദേശീയഗാനം ആലപിച്ചുകൊണ്ട് ആരംഭിച്ച പരിപാടിയിൽ പുതുവർഷവും റിപ്പബ്ലിക് ദിനവും ഒരുമിച്ച് ആഘോഷിച്ചു. ഇതോടൊപ്പം 2026-ലെ കാഞ്ചിന്റെ പുതിയ നേതൃത്വത്തെയും ഭാരവാഹികളെയും സദസ്സിൽ ഔദ്യോഗികമായി പരിചയപ്പെടുത്തി.





പ്രസിഡണ്ട് വിജയ് നമ്പ്യാർ, ജനറൽ സെക്രട്ടറി ജോർജി സാമുവൽ, ട്രഷറർ കുർഷിദ് ബഷീർ എന്നിവർ ഭദ്രദീപം കൊളുത്തി പരിപാടിക്ക് ഔദ്യോഗിക തുടക്കം കുറിച്ചു. വൈസ് പ്രസിഡണ്ട് ടോം നെറ്റിക്കാടൻ, ജോയിന്റ് സെക്രട്ടറി കൃഷ്ണ പ്രസാദ്, ജോയിന്റ് ട്രഷറർ ദയ ശ്യാം, മീഡിയ ആൻഡ് കമ്യൂണിക്കേഷൻ വിഭാഗം ചുമതലയുള്ള അസ്ലം ഹമീദ്, സ്പോർട്സ് അഫയേഴ്സ് അനൂപ് മാത്യൂസ് രാജു, ഐടി ഓഫീസർ നിധിൻ ജോയി ആലപ്പാട്ട്, പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്സ് രേഖ നായർ, ചാരിറ്റി അഫയേഴ്സ് ജയകൃഷ്ണൻ എം. മേനോൻ, കൾച്ചറൽ അഫയേഴ്സ് രേഖ പ്രദീപ്, യൂത്ത് അഫയേഴ്സ് ശ്രീകുമാർ കെ. എസ്, എക്സ്-ഒഫീഷ്യോ സോഫിയ മാത്യു എന്നിവരാണ് മറ്റ് പുതുതായി ചുമതലയേറ്റ ഭാരവാഹികൾ.

കാഞ്ച് ഗോട്ട് ടാലന്റ് വേദികളിലൂടെ കഴിവ് തെളിയിച്ച കുട്ടികളുടെ കലാപ്രകടനങ്ങൾ സദസ്സിൽ ആവേശം പകർന്നു. റിപ്പബ്ലിക് ദിന സന്ദേശവുമായി ഡോ. സന്തോഷ് കുമാർ നടത്തിയ പ്രഭാഷണം ചടങ്ങിന്റെ മറ്റൊരു ശ്രദ്ധേയ ഘടകമായി. ശാസ്ത്രീയബോധം വളർത്തുന്നതിന്റെ പ്രാധാന്യവും ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ശാസ്ത്രാത്മക ചിന്താധാരകളും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു.




2026-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ അവരുടെ ഫോക്കസ് ഗ്രൂപ്പ് ടീമുകളെയും ചടങ്ങിൽ സദസ്സിനു പരിചയപ്പെടുത്തി. തുടർന്ന് മുസിഫൈ ഫില്ലി അവതരിപ്പിച്ച സംഗീത സദസ്സ് ഹാളിനെ ആവേശത്തിലാഴ്ത്തി.

വർഷം മുഴുവൻ സംഘടിപ്പിക്കാനിരിക്കുന്ന വിവിധ പരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചുകൊണ്ടാണ് ന്യൂ ഇയർ റിപ്പബ്ലിക് ഡേ ആഘോഷങ്ങൾക്ക് സമാപനം കുറിച്ചത്.

# വ്യത്യസ്ത സമ്മാനം ഒരുക്കി ഡാളസ് ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി കുട്ടികൾ 'മൈ സെയിന്റ് മൈ ഹീറോ' ക്നാനായ റീജിയൻ നടത്തിയ മത്സരത്തിൽ തിളങ്ങുന്ന നേട്ടം സ്വന്തമാക്കി. ഏറ്റവും കൂടുതൽ കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിച്ച ഇടവകയ്ക്കുള്ള പുരസ്കാരം ഇടവക സ്വന്തമാക്കി.

ഇടവകാംഗമായ നത്താനിയേൽ കാരുളിൽ പോപ്പുലർ വീഡിയോ പുരസ്കാരം സ്വന്തമാക്കി, ജൂവന്ന വടകര, ലീറ പാറയ്ക്കശ്ശേരിൽ എന്നിവർ ഫൈനൽ റൗണ്ട് മത്സരത്തിന് തെരഞ്ഞെടുക്കപ്പെട്ടു.

വിജയികൾക്കും മത്സരത്തിൽ പങ്കെടുത്തവർക്കും വിശുദ്ധ ഫ്രാൻസീസ് അസീസിയുടെ 800-ാം ചരമവാർഷികത്തോടനുബന്ധിച്ച് പ്രകൃതിയുമായി ബന്ധപ്പെട്ട ചെറിയ അക്വേറിയം സമ്മാനമായി നല്കി. അക്വേറിയത്തിലെ മത്സരത്തിന് ഉള്ള ഭക്ഷണവും ഒപ്പം നല്കി.

ഈ വർഷത്തിന്റെ പ്രത്യേകതയെക്കുറിച്ച് ഫാ. കുര്യൻ ചാലിൽ കുട്ടികൾക്ക് ക്ലാസ് നടത്തി. കുട്ടികളെയും അവരെ പങ്കെടുപ്പിച്ച മാതാപിതാക്കളെയും പ്രോത്സാഹിപ്പിച്ച ഹോളി ചൈൽഡ് ഹുഡ് കോ-ഓർഡിനേറ്റർമാരായ അലക്സ് തേവരുപറമ്പിൽ എയ്ഞ്ചൽ പാലൂത്തറ, മജോ കരിച്ചേരിക്കൽ, ആൽഫി പവ്വത്തേൽ എന്നിവരെ വികാരി ഫാ. ബിൻസ് ചേത്തലിൽ അഭിനന്ദിച്ചു.





# അമേരിക്കയിൽ എസ്റ്റേറ്റ് പ്ലാനിംഗിന്റെ പ്രാധാന്യം

## (Importance of Estate Planning in the United States)

അമേരിക്കയിൽ എസ്റ്റേറ്റ് പ്ലാനിംഗ് ഒരു കുടുംബത്തിനും വ്യക്തിക്കും അത്യന്തം പ്രധാനമാണ്. അതിനാൽ സമ്പത്തുള്ളവർ മാത്രമല്ല, സാധാരണ കുടുംബങ്ങൾക്കും ഇത് ആവശ്യമാണ്.

**കുടുംബ സുരക്ഷയ്ക്കുള്ള എസ്റ്റേറ്റ് പ്ലാനിംഗ്:** നമ്മൾ ഇല്ലാതായാൽ നമ്മുടെ കുടുംബത്തിന് എന്ത് സംഭവിക്കും? പലരും മനസ്സിൽ ഒതുക്കി വെക്കുന്നു. പക്ഷേ, തുറന്നു സംസാരിക്കാത്ത ഒരു ചോദ്യമാണിത്. അമേരിക്കയിൽ താമസിക്കുന്ന മലയാളി കുടുംബങ്ങൾക്ക് ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്-എസ്റ്റേറ്റ് പ്ലാനിംഗ്.

**വിൽപത്രം ഇല്ലെങ്കിൽ... തീരുമാനം കോടതിയുടേത്:** അമേരിക്കയിൽ ഒരാൾ വിൽപത്രം ഇല്ലാതെ മരിച്ചാൽ ആ വ്യക്തിയുടെ സ്വത്തുക്കൾ പ്രൊബേറ്റ് കോടതിയുടെ നിയന്ത്രണത്തിലാകും. ആർക്കെല്ലാം എന്തുലഭിക്കണം, എപ്പോൾ ലഭിക്കണം, എങ്ങനെ വിതരണം ചെയ്യണം... എല്ലാം കോടതിയാണ് തീരുമാനിക്കുന്നത്.

ഇതിന്റെ മറ്റൊരുവശം, പ്രൊബേറ്റ് നടപടികൾക്ക് സ്വകാര്യതയില്ല (No privacy) എന്നതാണ്. നിങ്ങളുടെ സാമ്പത്തിക വിവരങ്ങളും സ്വത്തുവിവരങ്ങളും പബ്ലിക് റെക്കോർഡ് ആകും. കൂടാതെ, ഇത് വളരെ ചെലവേറിയതും നീണ്ടുനിൽക്കുന്ന പ്രക്രിയയുമാണ്. പലപ്പോഴും എല്ലാം തീരാൻ 12 മുതൽ 22 മാസം വരെ എടുക്കാറുണ്ട്. പ്രൊബേറ്റ് ആരംഭിച്ചാൽ, നിങ്ങളുടെ വീട് വിറ്റഴിക്കാനോ മറ്റേതെങ്കിലും രീതിയിൽ കൈകാര്യം ചെയ്യാനോ സാധിക്കില്ല. അതിനിടെ, എല്ലാ സ്വത്തുക്കളും കോടതി തീരുമാനംവരെയായി ഫ്രോസൻ (Frozen) ആയിരിക്കും.

**എസ്റ്റേറ്റ് പ്ലാനിംഗ് (Estate Planning) എന്നത് എന്താണ്?** നമ്മൾ മരിക്കുകയോ ഗുരുതരമായ അസുഖം മൂലം സ്വന്തമായി തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത അവസ്ഥ വരികയോ ചെയ്താൽ

* നിങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ ആരാണ് കൈകാര്യം ചെയ്യുന്നത്.

* ചികിത്സ സംബന്ധിച്ച തീരുമാനങ്ങൾ ആരെടുക്കണം

* കുട്ടികളെ ആരാണ് നോക്കുക.

* സ്വത്തുക്കൾ ആർക്കൊക്കെയാണ് ലഭിക്കേണ്ടത്.

ഇവയെല്ലാം നമ്മൾതന്നെ മുൻകൂട്ടി തീരുമാനിച്ച് നിയമപരമായി രേഖപ്പെടുത്തുന്നതാണ് എസ്റ്റേറ്റ് പ്ലാനിംഗ് (Estate Planning).

ഇതു മരണത്തെക്കുറിച്ചുള്ള പ്ലാനല്ല, ജീവിച്ചിരിക്കുന്നവരുടെ സുരക്ഷയെക്കുറിച്ചുള്ള ഉത്തരവാദിത്വമാണ്.

പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ഗാർഡിയൻഷിപ്പ് (Guardianship of Minors) ഏറ്റവും പ്രധാനപ്പെട്ട തീരുമാനം.

മാതാപിതാക്കൾ രണ്ടുപേരും ഇല്ലാതാകുന്ന സാഹചര്യം ആരും ആഗ്രഹിക്കുന്നില്ല. പക്ഷേ, അത്തരം ഒരു സാഹചര്യം ഉണ്ടായാൽ, പ്രായപൂർത്തിയാകാത്ത കുട്ടികളുടെ ഗാർഡിയൻ ആരാകണം എന്നത് വ്യക്തമായി എഴുതിവെച്ചിട്ടില്ലെങ്കിൽ, അവരുടെ ഭാവി കോടതിയുടെ കൈകളിലാകും. നിങ്ങൾ തെരഞ്ഞെടുത്ത ആളല്ല, കോടതി അനുയോജ്യമായി കരുതുന്ന ആളായിരിക്കും കുട്ടികളുടെ രക്ഷാധികാരി.

പ്രത്യേക ആവശ്യങ്ങൾ (Special Needs) ഉള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾക്ക്, എസ്റ്റേറ്റ് പ്ലാനിംഗ് വളരെ സൂക്ഷ്മവും നിർണായകവുമായ ഒരു പ്രക്രിയയാണ്.

കുടുംബത്തിൽ പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾ (Special Needs) ഉണ്ടെങ്കിൽ, അവരുടെ ഭാവി പരിചരണം സാധാരണ പ്ലാനിംഗിനേക്കാൾ കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്നു. ഗാർഡിയൻ ആരാകണം, സാമ്പത്തിക സഹായം എങ്ങനെ ലഭിക്കണം, സർക്കാർ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ എന്ത് ചെയ്യണം-ഇവയെല്ലാം മുൻകൂട്ടി നിയമപരമായി പ്ലാൻ ചെയ്തിരിക്കണം. എസ്റ്റേറ്റ് പ്ലാനിംഗ് ശരിയായ രീതിയിൽ ചെയ്തില്ലെങ്കിൽ കുട്ടിക്കു ലഭിക്കുന്ന സർക്കാർ സഹായങ്ങൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇത് ചെയ്തില്ലെങ്കിൽ, ഈ തീരുമാനങ്ങളും കോടതിയാണ് എടുക്കുന്നത്.

**ശരിയായ പ്ലാൻ ഇല്ലെങ്കിൽ... വലിയ വില കൊടുക്കേണ്ടി വരും:** നന്നായി തയ്യാറാക്കിയ എസ്റ്റേറ്റ് പ്ലാൻ ഇല്ലെങ്കിൽ കുടുംബം ബുദ്ധിമുട്ടുള്ള നിയമനടപടികളും അനാവശ്യമായ സാമ്പത്തിക ചെലവുകളും മാനസിക സമ്മർദ്ദവും അനുഭവിക്കേണ്ടിവരും.




അതിനാൽ കോടതിയെ നിങ്ങളുടെ കുടുംബത്തിന്റെ ഭാവിയെ നിയന്ത്രിക്കാൻ അനുവദിക്കരുത്. നിങ്ങൾതന്നെ ആ തീരുമാനം എടുക്കുക.

**ഒരു ലിവിങ് ട്രസ്റ്റിൽ ഉൾപ്പെടുത്തേണ്ട പ്രധാന രേഖകൾ:**

* വിൽപത്രം/ട്രസ്റ്റ്-സ്വത്തു വിതരണവും കുട്ടികളുടെ ഗാർഡിയൻ നിയമിക്കൽ എന്നിവയും ഈ രേഖയിൽ ഉൾപ്പെടും.

* പവർ ഓഫ് അറ്റോർണി-സാമ്പത്തികവും നിയമപരവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഏർപ്പെടുത്തിയ അധികാര രേഖ.

* മെഡിക്കൽ പവർ ഓഫ് അറ്റോർണി-ചികിത്സ സംബന്ധിച്ച നിർണ്ണായക തീരുമാനങ്ങൾ എടുക്കാൻ അനുമതി നല്കുന്ന രേഖ.

* HIPAA അനുമതി- മെഡിക്കൽ വിവരങ്ങൾ ആർക്കാണ് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുന്ന രേഖ.

* ലിവിംഗ് വിൽ-ജീവന്റെ അവസാന ഘട്ടത്തിലെ ചികിത്സയെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങൾ രേഖപ്പെടുത്തുന്ന രേഖ.

എസ്റ്റേറ്റ് പ്ലാനിംഗ് എന്നത് സമ്പന്നർക്കുള്ള ഒരു ആഡംബരമല്ല. കുടുംബമുള്ള ഓരോ വ്യക്തിയുടെയും അടിസ്ഥാന ഉത്തരവാദിത്വമാണ്.

ഇന്ന് നിങ്ങൾ എടുക്കുന്ന ഈ തീരുമാനം നാളെ നിങ്ങളുടെ കുടുംബത്തിന് സുരക്ഷയും മനസ്സമാധാനവും നല്കും.

**എസ്റ്റേറ്റ് പ്ലാനിംഗിനെക്കുറിച്ച് കൂടുതൽ അറിയാൻ**

**ജോംസ് മാത്യു**
**Certified Estate Planner**
**(713) 487-7814**

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ പുതിയ പാരിഷ് കൗൺസിൽ സ്ഥാനമേറ്റു

റോയി ചേലമലയിൽ

ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ 2026-27 വർഷത്തേക്കുള്ള പുതിയ പാരിഷ് കൗൺസിൽ സ്ഥാനമേറ്റു. ഇതോടനുബന്ധിച്ച് സ്ഥാനമൊഴിയുന്ന 2024-25 വർഷത്തെ പാരിഷ് കൗൺസിൽ അംഗങ്ങളുടെയും 2026-27 വർഷത്തെ പാരിഷ് കൗൺസിൽ അംഗങ്ങളുടെയും ഒരു സംയുക്ത യോഗം ഫെബ്രുവരി മൂന്നിന് ചേരുകയുണ്ടായി.

കഴിഞ്ഞ രണ്ടുവർഷം ഇടവകയുടെ എല്ലാ വിധത്തിലുമുള്ള പുരോഗതിക്കായി കഠിനാദ്ധ്വാനം ചെയ്ത പഴയ എക്സിക്യൂട്ടീവിനും പാരിഷ് കൗൺസിൽ അംഗങ്ങൾക്കും വികാരി ഫാ. സിജു മുടക്കോടിൽ, അസി.വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ എന്നിവർ നന്ദി രേഖപ്പെടുത്തി. നാലു വർഷം ട്രസ്റ്റി കോ-ഓർഡിനേറ്ററായി പ്രവർത്തിച്ച സാബു കട്ടപ്പുറം, കഴിഞ്ഞ പ്രവർത്തനവർഷത്തെ ട്രസ്റ്റിമാരായ ബിനു പൂത്തറയിൽ, ജോർജ് മറ്റത്തിപറമ്പിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, നിബിൻ വെട്ടിക്കാട്ട്, സെക്രട്ടറി സണ്ണി മേലേടം, ഓഫീസ് സെക്രട്ടറി സിസ്റ്റർ ഷാലോം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ, അക്കൗണ്ടന്റ് ജെയിംസ് ജെയിംസ് മന്നാകുളം എന്നിവരെ യോഗം പ്രത്യേകം അനുമോദിച്ചു. സ്ഥാനം ഒഴിയുന്ന എക്സിക്യൂട്ടീവ് അംഗങ്ങളെ പ്രതിനിധീകരിച്ച് സാബു കട്ടപ്പുറം കഴിഞ്ഞ വർഷങ്ങളിൽ ഇടവകസമൂഹവും വൈദികരും സിസ്റ്റേഴ്സും പാരിഷ് കൗൺസിൽ അംഗങ്ങളും നല്കിയ പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്തി.



പുതിയ ട്രസ്റ്റിമാരായ സേവ്യർ നടുപ്പറമ്പിൽ, ജോബി പോളയ്ക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ, സെക്രട്ടറി സണ്ണി മേലേടം, സിസ്റ്റർ ശാലോം എന്നിവർ ഈ സംയുക്ത മീറ്റിങ്ങിന്റെ സുഗമമായ നടത്തിപ്പിന് നേതൃത്വം നല്കി.

# തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയത്

ഏലിയാമ്മ ലൂക്കോസ്

മരണം എല്ലാവർക്കും നിശ്ചയമാണ്. ജനിച്ചാൽ മരിക്കും. അതു ദൈവീക നിയമമാണ്. മരണമെന്നാൽ മരണത്തിൽ നിന്നു 'മ' അഥവാ മാറ്റമുണ്ടാകുന്നുവെന്നാണ്. ഈ ലോകത്തിലെ പോരാട്ടങ്ങൾ എല്ലാം തീർന്നു പോകുന്നു. കഷ്ടതകൾ വേദനകൾ നീങ്ങിപ്പോകുന്നു. ശരീരം മണ്ണിലേക്കും ആത്മാവു അതു നൽകിയവനിലേക്കും പോകുന്നു. മരണം അവരുടെ പ്രിയപ്പെട്ടവർക്കു എന്നും ദുഃഖം തന്നെ. മരണം അവസാനമല്ല. ഒരു പ്രമോഷൻ ആകുന്നു. മനുഷ്യന്റെ ഒന്നാമത്തെ വാസസ്ഥലം ഗർഭപാത്രമല്ലോ. അവിടെ ഒന്നുമറിയാതെ സുഖമായി കഴിഞ്ഞു. അവിടെനിന്നു ഈ ഭൂമിയിലേക്കു വന്നതു കരഞ്ഞുകൊണ്ടാണ്.

ഈ ഭൂമി കഷ്ടവും ദുരിതവും നിറഞ്ഞതാണെന്നു അതു സൂചിപ്പിക്കുന്നു. ഇയ്യോബു 14-ൽ പറയുന്നതുപോലെ സ്ത്രീ പ്രസവിച്ച മനുഷ്യർ അല്പായുസ്സുള്ളവനും കഷ്ടസമ്പൂർണ്ണനുമാകുന്നു. അവൻ പൂപോലെ വിടർന്ന് പൊലിഞ്ഞുപോകുന്നു. നിലനില്ക്കാതെ നിഴൽപോലെ ഓടിപ്പോകുന്നു." അതെ മനുഷ്യന്റെ അവസ്ഥ അങ്ങനെയാണ്. ഗർഭപാത്രത്തിൽവച്ചു ഈ ഭൂമിയിലേക്കു വരുന്നതിന്റെ ഒരുക്കം നടന്നു. രണ്ടാം വാസസ്ഥലമായ ഭൂമിയിൽനിന്നു നിത്യതയിലേക്കുള്ള ഒരുക്കം ഈ ഭൂമിയിൽ നടക്കയാണ്. ഊനമില്ലാത്ത ഒരു പൈതലിനെ ഒരുക്കിയെടുക്കാൻ ഗർഭപാത്രത്തിനു കഴിഞ്ഞു. ഊനമില്ലാത്തവനായി നിത്യസ്വർഗ്ഗത്തിൽ പോകാനുള്ള ഒരുക്കമാണു നമുക്കിവിടെ. മരണം നമ്മെ ഈ ഭൂമിയിൽനിന്നു വേർപിരിക്കുന്നു. നമ്മുടെ പൂർണ്ണമായ പൗരത്വം സ്വർഗ്ഗത്തിലാണ്. ഇവിടത്തെ പൗരത്വം താൽക്കാലികമാണ്. നമ്മുടെ ലക്ഷ്യം സ്വർഗ്ഗമാണ്.

സ്വർഗ്ഗത്തിൽ കണ്ണീരില്ല. കരച്ചിലില്ല. ദുഃഖവും മുറവിളിയുമില്ല. അതുകൊണ്ട് സ്വർഗ്ഗത്തിൽ പോകാൻ നാം സന്തോഷിക്കണം. നരകം നമുക്കു വേണ്ട. അതു ദുഷ്ടന്മാർക്കുള്ളതാണ്.

വിശുദ്ധ പൗലോസു പറയുന്നു "ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടൊപ്പമാകാൻ കാംക്ഷിക്കുന്നു. അതു അത്യുത്തമമല്ലോ" പക്ഷേ, മിക്കവാറും എല്ലാവരും മരണത്തെ വെറുക്കുന്നു; ഭയപ്പെടുന്നു. ഹിസ്ക്കിയാവിനോടു "നിന്റെ വീട്ടുകാര്യം ക്രമപ്പെടുത്തുക നീ മരിക്കും" എന്നു ദൈവം പറഞ്ഞപ്പോൾ അവൻ കരഞ്ഞു പ്രാർത്ഥിച്ചു. എണ്ണിപ്പെറുക്കിക്കരഞ്ഞു. ഇതാണ് സാധാരണമനുഷ്യന്റെ അവസ്ഥ. അനേക ഭക്തന്മാർ രക്തസാക്ഷികളായിത്തീർന്നു. യേശുവിന്റെ ശിഷ്യന്മാർ യോഹന്നാൻ അപ്പോസ്തോലൻ അല്ലാതെ മറ്റെല്ലാവരെയും ക്രൂരമായി വധിക്കയാണു ചെയ്തത്. സ്തേഫാനോസിനെ കല്ലെറിഞ്ഞു കൊന്നുവല്ലോ. ഇന്നും അനേകർ ദുഷ്ടമനുഷ്യരാൽ വധിക്കപ്പെടുന്നു. ഗ്രഹാംസ്റ്റെയിൻസും മക്കളും തുടങ്ങി എത്രയോപേരെയാണു നിഷ്ക്കരുണം കൊന്നുമുടിച്ചത്. ഇന്ത്യയിലെ ഈ ക്രൂരന്മാരെ മനുഷ്യരാക്കിമാറ്റാൻ ദൈവത്തിനു മാത്രമേ കഴിയൂ. അമേരിക്കയിലും ക്രിക്കിനെപ്പോലുള്ളവരെ നമുക്കു മറക്കാനൊക്കുമോ?

ഈ നാളുകളിൽ അനേകർ രോഗത്താൽ മരിക്കുന്നു. കോവിഡിനാൽ എത്രയോ പേർ അകാല ചരമം പ്രാപിച്ചു. അനേക സ്ത്രീകൾ വിധവമാരായി, അനേക കുഞ്ഞുങ്ങൾ അനാഥരായി. പ്രായമായ മരണം നമുക്കു സഹിക്കാം. അകാലത്തിലെ മരണം അസഹനീയമാണ്. ദൈവത്തിനു തന്റെ ഭക്തന്മാരുടെ മരണം വിലപ്പെട്ടതാണ്. ഈ രക്തസാക്ഷികളുടെയെല്ലാം മരണം ദൈവത്തിനു വിലപ്പെട്ടതുതന്നെയാണ്. അവർ ക്രിസ്തുവിൽ മറഞ്ഞിരിക്കും.


ലേഖിക

കഴിഞ്ഞ ആഴ്ചയിൽ മരിച്ചുപോയ ബെഞ്ചമിൻ തോമസിനെക്കുറിച്ചു ഒന്നുരണ്ടു വാക്കുകൾ പറയുവാനാഗ്രഹമുണ്ട്. കേവലം 61 വയസ്സിൽ അദ്ദേഹം ഈ ഭൂമിയിൽനിന്നു മാറ്റപ്പെട്ടു. 2020-ൽ കോവിഡു ബാധിച്ചു മരണത്തോളം എത്തിയതാണ്. 106 ദിവസം കോമായിലായിരുന്നു. 54 ദിവസം വെന്റിലേറ്ററിൽ കഴിഞ്ഞു. എന്നാൽ കോവിഡ് എന്ന ക്രൂരവ്യാധിയെ ജയിച്ചു പുറത്തുവരുവാൻ അദ്ദേഹത്തിനു അന്നു ഭാഗ്യം ലഭിച്ചു. ആറ് വർഷം അദ്ദേഹം വീണ്ടും ജീവിച്ചു. ഓക്സിജന്റെ സഹായത്താൽ ജീവിക്കുമ്പോഴും കർത്താവിനുവേണ്ടി വളരെ അദ്ധ്വാനിച്ചു. കഠിനാദ്ധ്വാനിയായ ഒരു ദൈവദാസനായിരുന്നു അദ്ദേഹം. ആഫ്രിക്കയിലെ ചില പട്ടണങ്ങളിൽ കടന്നുചെന്നു അനേക ആത്മാക്കളെ നേടുവാനും പാസ്റ്റർ ബെഞ്ചമിനു കഴിഞ്ഞു. സുവിശേഷീകരണം തന്റെ ലക്ഷ്യമായിരുന്നു. വീടിനും നാടിനും വീട്ടുകാർക്കും നാട്ടുകാർക്കും ഒരു തണലും വിളക്കുമായിരുന്നു. തന്റെ ചർച്ചിൽ മലയാളത്തിലും ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള ആരാധന ഉണ്ടായിരുന്നു. "കുഞ്ഞാടിൻ തിരുരക്തത്താൽ" തുടങ്ങി അനേക പാട്ടുകൾ രചിച്ച പാസ്റ്റർ എം.കെ. വറുഗീസിന്റെ കൊച്ചുമകനും പാസ്റ്റർ പി.വി. തോമസിന്റെ മകനുമായ അദ്ദേഹം ആറ് മക്കളിൽ ഇളയവനായി പിറന്നു. എന്റെ പ്രദേശമായ പിറവത്തു മിഷനറി റോബർട്ട് കുക്കിനാൽ സ്ഥാപിതമായ പാലച്ചുവട് (മുളക്കുളം നോർത്ത്) സഭയിലെ പാസ്റ്ററായിരുന്നു പി.വി. തോമസും കുടുംബവും ഞങ്ങളുടെ കുടുംബമായി പ്രത്യേകിച്ചു നാരേകാട്ടു ബ്രദേഴ്സ് എന്നറിയപ്പെടുന്ന എന്റെ നാലു സഹോദരന്മാരുമായി ഉറ്റബന്ധം പുലർത്തിയിരുന്നു. 1995-ൽ അദ്ദേഹം അമേരിക്കയിലെത്തി. വളരെ ഉത്സാഹിയായിരുന്ന അദ്ദേഹം ദൈവത്തിന്റെ ഒരു ഭക്തനായിരുന്നു. തന്റെ ഭക്തന്മാരുടെ മരണം യഹോവക്കു വിലയേറിയത്. ഭാര്യ മേഴ്സിയും 14 വർഷങ്ങൾക്കുശേഷം അത്ഭുതശിശുവായി ജനിച്ച അബീഗയിലും ദുഃഖിതരാണ്. അവർക്കായി പ്രാർത്ഥിക്കാം. തന്റെ ഭക്തന്റെ മരണം ദൈവത്തിനു വിലയേറിയതു തന്നെ.

# 'പോറ്റിയേ... ഇറക്കിയേ...'

രാജു മൈലപ്ര

ശബരിമല ശ്രീ അയ്യപ്പന്റെ സന്നിധാനത്തു നിന്നും സ്വർണ്ണം അടിച്ചുമാറ്റി എന്ന കേസിൽ ആരോപണ വിധേയനായ, സർവ്വാദരണീയനായ ശ്രീ ഉണ്ണിക്കൃഷ്ണൻ പോറ്റി ഈ കഴിഞ്ഞ ദിവസം ജാമ്യം ലഭിച്ച് ജയിൽ മോചിതനായി.

ദോഷം പറയരുതല്ലോ! ആളൊന്നു മിനുങ്ങിയിട്ടുണ്ട്, നമ്മുടെ ജയിൽ സംവിധാനം എത്ര സുഖപ്രദമായിരിക്കുന്നു എന്ന് അദ്ദേഹത്തിന്റെ മുഖത്തെ ഓജസ്സും തേജസ്സും കണ്ടാലറിയാം. അവിടെ വിളമ്പുന്ന മട്ടൻകറിയും വരാൽ വറുത്തതും കണ്ടാൽ ഏതു വെജിറ്റേറിയനും നോൺവെജ് ആയിപ്പോകും. പോറ്റിയെ സംബന്ധിച്ചിടത്തോളം പച്ചരിച്ചോറും വെറും പച്ചമോരും ഇനി വെറും പഴങ്കഥ.

ചുവന്ന സിൽക്കു ഷർട്ടും ചന്ദനക്കുറിയുമണിഞ്ഞ്, സുസ്മേരവദനനായി പുറത്തേക്കു വന്ന പോറ്റിയെ സ്വീകരിക്കുവാൻ സന്തോഷത്തോടെ അദ്ദേഹത്തിന്റെ അന്തർജ്ജനം ജയിൽ കവാടത്തിൽ കാത്തുനില്പുണ്ടായിരുന്നു. രണ്ടുപേരും ചുവപ്പുവസ്ത്രം തെരഞ്ഞെടുത്തത് ആകസ്മികമാകാം.

കളവുപോയ സ്വർണ്ണം വീണ്ടെടുക്കുന്നതിലൊന്നും ആർക്കും ഒരു താല്പര്യവുമില്ല. ആരൊക്കെ പോറ്റിയോടൊപ്പം നിന്നു ഫോട്ടോപടം പിടിച്ചു എന്നതു മാത്രമാണ് ഇപ്പോൾ ചർച്ചാവിഷയം.

'കേറ്റിയത് കോൺഗ്രസാണെങ്കിൽ, ഇറക്കിയത് കമ്മ്യൂണിസ്റ്റാണ്' എന്ന പുതിയൊരു അശരീരി അന്തരീക്ഷത്തിൽ അലയടിക്കുന്നുണ്ട്.

'അയ്യപ്പനെന്തിനാണ് ആഭരണം' എന്നും ചിലർ ചോദിക്കുന്നുണ്ട്. എന്നാൽ, അയ്യപ്പകോപം-ശാപം- ഏതു വഴിക്കാണ് വരുന്നതെന്ന് കാത്തിരുന്നു കാണാം.

കോൺഫിഡന്റ് ഗ്രൂപ്പ് ചെയർമാനായിരുന്ന ബഹുമാനപ്പെട്ട ഡോ. സി.ജെ. റോയി ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടു എന്ന വാർത്ത പുറത്തുവന്നപ്പോൾ, അദ്ദേഹത്തിന്റെ ആത്മാർത്ഥ സുഹൃത്തുക്കൾ അക്ഷരാർത്ഥത്തിൽ 'ഞെട്ടിപ്പോയി.' ഞെട്ടിയത് എന്തിനാണെന്നുള്ളത് അവർക്കു മാത്രമറിയാവുന്ന ഒരു രഹസ്യമായിരിക്കും. കോൺഫിഡൻസ് നഷ്ടപ്പെട്ട റോയി, സ്വയം വെടിവെച്ച് ആത്മഹത്യ ചെയ്തതാണെന്നാണ് അവസാന നിഗമനം. അദ്ദേഹത്തിന്റെ മൃതദേഹത്തിൽ പേരിനു വേണ്ടിയെങ്കിലും ഒരു റീത്തു വെക്കുവാനോ സംസ്കാരചടങ്ങിൽ സംബന്ധിക്കുവാനോ ഈ പറഞ്ഞ ഒരൊറ്റ ആത്മാർത്ഥ സുഹൃത്തുക്കളേയും ആ പരിസരത്തു കണ്ടില്ല. അതിലൊരു ദുരൂഹതയില്ലേ?


ലേഖകൻ

'ആഘോഷിക്കൂ... ഓരോ നിമിഷവും...' അതായിരുന്നു ഡോ. റോയിയുടെ ജീവിതസന്ദേശം. ആഡംബരത്തിന്റെ അങ്ങേയറ്റത്തായിരുന്നു അദ്ദേഹത്തിന്റെ ജീവിതശൈലി.

തന്റെ മണിമാളികകളും വിലകൂടിയ ആഡംബര കാറുകളും മറ്റും പ്രദർശിപ്പിക്കുന്നതിൽ അദ്ദേഹം ക്രൂരമായ ആനന്ദം അനുഭവിച്ചിരുന്നു എന്നുവേണം അനുമാനിക്കാൻ.

'ഞാൻ സർവതും നേടിക്കഴിഞ്ഞു. ഈ ഭൂമിയിൽ എനിക്കിനി നേടാനൊന്നുമില്ല' എന്ന് ഇടയ്ക്കിടെ അദ്ദേഹം വീമ്പിളക്കുമായിരുന്നു.

("നീ കഴുകനെപ്പോലെ ഉയർന്നാലും നക്ഷത്രങ്ങളുടെ ഇടയിൽ കൂടു വെച്ചാലും അവിടെനിന്ന് ഞാൻ നിന്നെ ഇറക്കും" എന്ന് യഹോവയുടെ അരുളപ്പാട്.)

മരിച്ചവരെക്കുറിച്ച് നല്ലതൊന്നും പറയാനില്ലെങ്കിൽ മൗനം പാലിക്കുന്നതാണ് മാന്യത എന്നറിയാമെങ്കിലും ആഡംബരത്തിൽ ആർത്തിയോടെ അർമാദിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതശൈലി കണ്ടപ്പോൾ, അസൂയയ്ക്കു പകരം അറപ്പാണ് തോന്നിയത്.

ഡോ. സി.ജെ. റോയിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു!

പീഡിപ്പിക്കുന്നവനു പീഡനത്തിന് ഇരയായവർ പാരിതോഷികം നല്കുന്ന ഒരു പുതിയ സിസ്റ്റം നമ്മുടെ നാട്ടിൽ ഉടലെടുത്തിരിക്കുന്നു. പീഡനതീവ്രതയുടെ അളവനുസരിച്ച് സമ്മാനത്തുകയും കൂടും.

പണ്ടൊക്കെ 'ഐഡിയ സ്റ്റാർ സിംഗർ' മത്സരത്തിലൊക്കെ പങ്കെടുത്തവർക്കാണ് ഒന്നാം സമ്മാനമായി 'ഫ്ളാറ്റ്' ലഭിച്ചിരുന്നത്. മാന്തിപ്പറിക്കൽ, അടി, ഇടി, തൊഴി, തുപ്പൽ തുടങ്ങിയ കലാപരിപാടികളോടെ നടത്തുന്ന പീഡനത്തിനാണ് 'ഗ്രാൻഡ് പ്രൈസ്' ആയി ഫ്ളാറ്റ് നല്കുന്നത്.

'അതിജീവിത'കളുടെ മുഖത്തൊക്കെ അതിയായ സന്തോഷമാണ്. അവർ പത്രസമ്മേളനവും നടത്താറുണ്ട്. കാലം പോയ പോക്കേ!

വലിയ വാർത്തകളുടെ ഇടയിൽ നമ്മുടെ ഇഷ്ടതാരം മണിയൻപിള്ള ചേട്ടനും ഈയിടെ ഇടംപിടിച്ചു. ഒരു ചെറിയ കാറപകടം. പാവം പേടിച്ചുപോയതുകൊണ്ട് വണ്ടി നിർത്താതെ അപകടസ്ഥലത്തുനിന്നും സ്ഥലംവിട്ടു. അതേതായാലും നന്നായി. വീട്ടിൽ വന്നയുടനെ പോലീസുകാരെ വിളിച്ചു വിവരം പറഞ്ഞു.

"സാരമില്ല ചേട്ടാ, സൗകര്യംപോലെ വന്നാൽ മതി. അണ്ണൻ മനസ്സമാധാനത്തോടെ കിടന്നുറങ്ങ്." പോലീസുകാർ അണ്ണനു താരാട്ടു പാടി. "ഉണ്ണി വാവാവാവോ, പൊന്നുണ്ണി വാവാവോ"...


മുന്തിയ ക്ലബുകളിൽ മുന്തിയയിനം മദ്യവും മോന്തി ലക്ഷങ്ങൾ വെച്ചു ചീട്ടു കളിക്കുന്നതൊന്നും ഒരു കുറ്റമല്ല. അവർക്ക് പുറത്ത് പോലീസ് കാവലുണ്ട്.

ഏതെങ്കിലും ഓണംകേറാ മൂലയിൽ ആരും കാണാതെ പത്തു പൈസ വെച്ചു ചീട്ടുകളിച്ചാലേ പോലീസുകാർ ഓടിച്ചിട്ടു പിടിക്കുകയുള്ളൂ. സ്റ്റേഷനിൽ കൊണ്ടുപോയി പൂരത്തെറിയുടെ അകമ്പടിയോടെ അവന്റെ 'നട്ടും ബോൾട്ടു'മിളക്കും.

ആ മോട്ടോർ സൈക്കിളിൽ വായുഗുളികയ്ക്കു വേണ്ടി പാഞ്ഞുപോയ പിള്ളേരും അത്ര മെച്ചമൊന്നുമല്ല. നിഷ്പക്ഷമായി വിശകലനം ചെയ്താൽ രണ്ടുകൂട്ടരുടെ കൈയിലും തെറ്റുണ്ടെന്നാണ് ഈയുള്ളവന്റെ ഒരു നിഷ്പക്ഷ അഭിപ്രായം.

*വാൽക്കഷണം:* രാഷ്ട്രീയ, മതമേധാവിത്വ, സിനിമാ, ലഹരി ഗുണ്ടാ മാഫിയ തുടങ്ങി, നിയമസംവിധാനം വരെയുള്ള ഒരു അവിശുദ്ധ കൂട്ടുകെട്ടാണല്ലോ നമ്മുടെ നാട് ഭരിക്കുന്നത് എന്ന സത്യം ഭയം ഉളവാക്കുന്നു.

## ജേക്കബ് മാത്യു അന്തരിച്ചു



ലോസാഞ്ചലസ്: റാന്നി കണ്ടൻപേരൂർ അയിരൂർകുഴിയിൽ പരേതനായ മാത്യുവിന്റെ മകൻ ജേക്കബ് മാത്യു (74) ലോസാഞ്ചലസിൽ അന്തരിച്ചു. ഭാര്യ ആലീസ് മാത്യു അയിരൂർ ചെറുകര കോളക്കോട്ട് കുടുംബാംഗമാണ്. മക്കൾ: ജസ്റ്റിൻ മാത്യു, ജാസ്മിൻ മാത്യു.

ലോസാഞ്ചലസ് മാർത്തോമ്മാ ചർച്ചിന്റെ വിവിധ ഇടവക ചുമതലകൾ വഹിച്ചിട്ടുള്ള പരേതൻ ഇടവകയുടെ പ്രഥമ രൂപീകരണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിച്ചവരിൽ ഒരാളായിരുന്നു. ഫ്യൂണറൽ സർവീസ് ഫെബ്രുവരി 23-ന് തിങ്കളാഴ്ച 12 മണിക്ക് കോവിനയിലുള്ള ഫോറെസ്റ്റ് ലോൺ ഫ്യൂണറൽ ഹോമിൽ വെച്ച് നടത്തപ്പെടും. കൂടുതൽ വിവരങ്ങൾക്ക്: ജോ ചെറുകര (ഫോൺ-516 503 0184).

# മൗണ്ട് ഒലിവ് സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിലെ കിക്കോഫ് ഉജ്ജ്വലവിജയം



ജിനേഷ് തമ്പി

ന്യൂജേഴ്സി: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് മൗണ്ട് ഒലീവ് സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്ജ്വല തുടക്കം. 2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. ‘കൃപയുടെ പാത്രങ്ങൾ’ എന്നതാണ് ചിന്താവിഷയം. കോൺഫറൻസ് പ്രചാരണത്തിന്റെ ഭാഗമായി മൗണ്ട് ഒലീവ് സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫെബ്രുവരി ഒന്നിന് ആശ ജോർജ് (ജോ. സെക്രട്ടറി), ഫിലിപ്പ് തങ്കച്ചൻ (ഫിനാൻസ് കമ്മിറ്റി) എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

കിക്കോഫ് മീറ്റിംഗിൽ ഇടവക വികാരി ഫാ. ഷിബു ഡാനിയേൽ, ഡീക്കൻ എമിൽ പീറ്റർ, ദേവാലയ സെക്രട്ടറി എൽസി തോമസ്, ട്രസ്റ്റി അനിത ഫിലിപ്പ് എന്നിവർ സന്നിഹിതരായിരുന്നു. സെക്രട്ടറി എത്സി തോമസ് കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തി ഇടവകയിലേക്ക് സ്വാഗതം ചെയ്തു.

ഫിലിപ്പ് തങ്കച്ചൻ മുൻകാലങ്ങളിൽ കോൺഫറൻസുകളിൽ പങ്കെടുത്തതിന്റെ അനുഭവം പങ്കുവെക്കുകയും ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളെയും പ്രത്യേകിച്ച് ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ആശ ജോർജ് ഈ വർഷത്തെ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ തീയതി, തീം, മുഖ്യപ്രഭാഷകർ, സ്ഥലം എന്നിവയെക്കുറിച്ച് സംസാരിച്ചു, കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞ രജിസ്ട്രേഷൻ നിരക്കുകളുടെ വിശദാംശങ്ങളും ജോഷ്വയുടെ സൈറ്റ് ആൻഡ് സൗണ്ട് തിയേറ്റർ സന്ദർശനം, റാഫിൾ ടിക്കറ്റ്, സുവനീറിൽ പരസ്യം നല്കി കോൺഫറൻസിനെ പിന്തുണയ്ക്കേണ്ടിനെക്കുറിച്ചും ആശ പറഞ്ഞു.

ഫാ. ഷിബു ഡാനിയേൽ ദേവാലയം സന്ദർശിച്ചതിനും ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിനായി ടീം അംഗങ്ങൾ നടത്തിവരുന്ന എല്ലാ ശ്രമങ്ങൾക്കും നന്ദി പറഞ്ഞുകൊണ്ട് കിക്കോഫ് അവസാനിപ്പിച്ചു.

ദേവാലയത്തിലെ എല്ലാ അംഗങ്ങളും കോൺഫറൻസിൽ രജിസ്റ്റർ ചെയ്യാനും സുവനീറിൽ വ്യക്തിഗത പരസ്യങ്ങൾ നല്കാനും റാഫിൾ ടിക്കറ്റുകൾ വാങ്ങാനും അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളുമായി ബന്ധപ്പെടുകയോ ചെയ്യുക.

ഫാ. അലക്സ് കെ. ജോയി (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973 489 6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917 533 3566.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.74 |
| യൂറോ | 107.62 |
| സ്റ്റെർലിംഗ്പൗണ്ട് | 123.48 |
| സ്വിസ് ഫ്രാങ്ക് | 117.62 |
| സിംഗപ്പൂർ ഡോളർ | 71.46 |
| കനേഡിയൻ ഡോളർ | 66.48 |
| ഒമാൻ റിയാൽ | 235.97 |
| ബഹ്റൈൻ ദിനാർ | 240.64 |
| സൗദി റിയാൽ | 24.19 |
| യു.എ.ഇ. ദിർഹം | 24.61 |
| കുവൈത്ത് ദിനാർ | 295.24 |

# Rev. Fr. Tinesh Pinarkayil Awarded PhD in Media Psychology

Kottayam: Rev. Fr. Dr. Tinesh Pinarkayil is a distinguished Catholic priest, media psychologist, and educator whose work bridges the gap between spiritual formation, psychological resilience, and modern technology. An incardinated priest of the Archdiocese of Kottayam, he currently serves in the Diocese of Rajkot as the Parish Priest of Veraval and a member of the Presbyteral Council.

**Academic Excellence**

Dr. Pinarkayil's academic journey is a testament to his commitment to understanding the human condition. He holds a Bachelor's degree in Philosophy and a Post-Graduate degree in Psychology. He furthered his studies in Europe, earning a Licentiate from the Pontifical University of the Holy Cross in Rome. Complementing his theoretical knowledge with practical experience, he completed a journalism internship with Shalom World USA. Most recently, he was awarded a Doctor of Philosophy (PhD) in Media Psychology from Sunrise University, Alwar.

**Pastoral and Administrative Leadership**

Born to Mr. P.M. Kurian and Mrs. Gracy Kurian of Kallar Parish (Kasargod), Fr. Tinesh was ordained in 2014. He has since amassed extensive pastoral experience, serving communities in Piravom, Puthussery, Neerikad, Mannanam, Nattassery, Senapathy, Kumarakom, and Kurumuloor.

Beyond parish ministry, he has held significant administrative portfolios within the Archdiocese of Kottayam, including:

- Founding Director: Apnades TV and Online Editor of the Apnades Portal.
- Director: Cherupushpa Mission League (during its historic 75th Jubilee Year).
- Chairman: Archdiocesan Media Commission, Youth Commission, and Pious Associations.
- Chaplain: Knanaya Catholic Youth League (KCYL).
- Manager: Jyothi Book House.
- Assistant Director: Thuvanisa Prayer House.



**Author and Thought Leader**

Writing under the name Dr. Tinesh Kurian, he is a prolific researcher and orator. He is the author of several acclaimed books that explore the intersection of humanity and artificial intelligence, including:

1. Will You Be Replaced by AI Mentors?
2. The AI Learning Loop: The Psychology of Human–AI Synergy
3. The Synthetic Self: Choosing Human Impact over Digital Impressions

A frequent keynote speaker and life-skills trainer, Dr. Pinarkayil conducts transformative workshops globally, empowering students and professionals to navigate the complexities of modern behavior while retaining core human values.



# സർക്കാർ പ്രവൃത്തിദിനം കുറയ്ക്കാൻ സംഘടനകൾക്കും സമ്മതം

തിരുവനന്തപുരം: സർവീസ് സംഘടനകൾ ഒറ്റക്കെട്ടായി അനുകൂലിച്ചതോടെ ജീവനക്കാരുടെ പ്രവൃത്തിദിവസങ്ങൾ ആഴ്ചയിൽ ആറ് എന്നത് അഞ്ചാക്കി കുറയ്ക്കുന്ന വിഷയം സർക്കാർ ഗൗരവപൂർവം പരിഗണിക്കുന്നു. മുൻപൊരിക്കൽ മന്ത്രിസഭയിൽ എതിർപ്പുയർന്നതിനാൽ മാറ്റിവെച്ച വിഷയത്തിൽ വീണ്ടും മന്ത്രിസഭയിൽ തന്നെ തീരുമാനമെടുക്കാനാണ് ആലോചന. അഞ്ചാക്കി കുറയ്ക്കുമ്പോൾ പകരം അവധി ദിവസങ്ങൾ വെട്ടിക്കുറയ്ക്കണമെന്നാണു സർക്കാർ നിലപാട്. എന്നാൽ, അത് ഒഴിവാക്കി മറ്റു ദിവസങ്ങളിൽ അധിക സമയം ജോലി ചെയ്യാമെന്നാണു സംഘടനകളുടെ വാദം. ഇക്കാര്യത്തിൽകൂടി ധാരണയായാൽ സർക്കാരിനു തീരുമാനത്തിലേക്കു കടക്കുക എളുപ്പമാകും. എന്നാൽ, തുടർച്ചയായി രണ്ട് ദിവസം ഓഫീസ് സേവനങ്ങൾ ലഭിക്കാതെ വരുന്നതു പൊതുജനങ്ങളുടെ എതിർപ്പിനു കാരണമാകുമോ എന്ന ആശങ്ക സർക്കാരിനുണ്ട്. നേരത്തേ രണ്ട് വട്ടം മാറ്റിവെച്ച ചർച്ച തെരഞ്ഞെടുപ്പ് അടുത്തതോടെയാണ് അഞ്ചേകാൽ ലക്ഷം ജീവനക്കാരെ സന്തോഷിപ്പിക്കാനായി സർക്കാർ പൊടിതട്ടിയെടുത്തത്. എൺപതോളം സർവീസ് സംഘടനാ പ്രതിനിധികൾ പങ്കെടുത്ത ഓൺലൈൻ യോഗത്തിന് ചീഫ് സെക്രട്ടറി എ. ജയതിലകും പൊതുഭരണ സെക്രട്ടറി കെ. ബിജുവുമാണ് നേതൃത്വം നൽകിയത്.

സർക്കാർ നീക്കത്തോടു യോജിച്ചെങ്കിലും അവധി ദിനങ്ങൾ വെട്ടിക്കുറയ്ക്കരുതെന്ന് സംഘടനകൾ ആവശ്യപ്പെട്ടു. ശനിയാഴ്ചത്തെ സമയം മറ്റ് അഞ്ച് ദിവസങ്ങളിൽ അധികം സമയം ജോലി ചെയ്തു നികത്താം. നഗരങ്ങളിൽ രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെയും മറ്റിടങ്ങളിൽ 10 മുതൽ 5 വരെയുമാണ് ഇപ്പോൾ പ്രവൃത്തി സമയം. ഉച്ചയൂണിന് മുക്കാൽ മണിക്കൂർ സമയവുമുണ്ട്. ഉച്ചയൂണിന്റെ സമയം വെട്ടിക്കുറച്ചും ആകെ പ്രവൃത്തിസമയം കൂട്ടിയും പ്രശ്നം പരിഹരിക്കാമെന്നും അവർ യോഗത്തിൽ നിർദേശിച്ചു. എന്നാൽ, ആഴ്ചയിൽ അഞ്ച് ദിവസം ജോലി ചെയ്യുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്ക് എട്ട് കാഷ്വൽ അവധികളുള്ളപ്പോൾ കേരള സർക്കാർ ജീവനക്കാർക്ക് 20  അവധികളുണ്ടെന്ന് കെ. ബിജു ചൂണ്ടിക്കാട്ടി.

# ടിസാക് കോട്ടയം സിഎംഎസ് കോളജിൽ വിദ്യാഭ്യാസ ധനസഹായം നല്കി

ജീമോൻ റാന്നി

ഹൂസ്റ്റൺ: സംഘാടക മികവ് കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ജനശ്രദ്ധ ആകർഷിച്ച അന്താരാഷ്ട്ര വടംവലിയും വൈവിധ്യവും വ്യത്യസ്തവുമായ മത്സരങ്ങൾ കൊണ്ട് ശ്രദ്ധയാകർഷിച്ച മൈൻഡ് & മൂവ്സ് ടൂർണമെന്റും സംഘടിപ്പിച്ച് അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനകളുടെ നിര



യിലേക്ക് ഉയർന്ന ടെക്സാസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ് (ടിസാക്) വിദ്യാഭ്യാസ രംഗത്തും ശ്രദ്ധ പതിപ്പിക്കുന്നു.

സാമ്പത്തിക രംഗത്ത് പിന്നാക്കം നിൽക്കുന്നതും അക്കാദമിക രംഗത്ത് മികച്ചതും കായിക മേഖലയിൽ സജീവവുമായുള്ള കോളജ് വിദ്യാർത്ഥികൾക്ക് അർഹമായ സാമ്പത്തിക സഹായം നല്കുമെന്ന് അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ ഉദ്ഘാടന വേളയിൽ നടത്തിയ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിൽ അഭിമാനിക്കുന്നുവെന്ന് ഭാരവാഹികൾ പറഞ്ഞു.

ജനുവരി 12-ന് കോട്ടയം സിഎംഎസ് കോളജിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ സിഎംഎസ് കോളജിലെ അർഹരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായത്തിന്റെ ആദ്യ ഗഡു കോളജ് പ്രിൻസിപ്പാൾ ഇൻ ചാർജ് ഡോ. അഞ്ജു സൂസൻ ജോർജിന് ടിസാക് പ്രവർത്തകർ കൈമാറി. ഹൂസ്റ്റൺ സിഎസ്ഐ ഇടവക മുൻ വികാരി റവ. ബെന്നി തോമസ്, ടിസാക് മുൻ പിആർഒ ജിജു കുളങ്ങര, ആൽബിൻ സണ്ണി എന്നിവർ ചേർന്നാണ് ചെക്ക് കൈമാറിയത്. ഈ മഹത്തായ സംരംഭത്തിന് വിവിധ വിഭാഗങ്ങളിൽ നിന്നുള്ള അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തി ഈ ഉദ്യമം വിജയിപ്പിക്കുവാൻ ശ്രമിച്ച സിഎംഎസ് കോളജ് പ്രിൻസിപ്പാൾ ഇൻ ചാർജ് ഡോ. അഞ്ജു സൂസൻ ജോർജിനെ ഭാരവാഹികൾ നന്ദി അറിയിച്ചു.

ഭാവിയിൽ കൂടുതൽ വിദ്യാർത്ഥികളെയും യുവാക്കളെയും പ്രോത്സാഹിപ്പിക്കുന്നതിന് ടിസാക് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുവെന്ന് ടിസാക് ഭാരവാഹികൾ അറിയിച്ചു.

# വിവാഹിതയെ വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചെന്ന പരാതി നിലനിൽക്കില്ല: സുപ്രീംകോടതി

ന്യൂഡൽഹി: വിവാഹിതയായ ഒരു സ്ത്രീ മറ്റൊരു പുരുഷനുമായി ശാരീരികബന്ധത്തിൽ ഏർപ്പെട്ടശേഷം അയാൾക്കെതിരെ വിവാഹവാഗ്ദാനം നൽകി ബലാത്സംഗം ചെയ്തു എന്ന് പരാതിപ്പെടാൻ സാധിക്കില്ലെന്ന് സുപ്രീംകോടതി. ഉഭയകക്ഷി സമ്മതപ്രകാരമുള്ള ബന്ധത്തിൽ വിള്ളൽ വീഴുമ്പോൾ ബലാത്സംഗ കേസുകൾ ഫയൽ ചെയ്യുന്നതിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടാണ് ജസ്റ്റിസുമാരായ ബി.വി. നാഗരത്ന, ഉജ്ജൽ ഭുയാൻ എന്നിവരുടെ ബെഞ്ച് ഈയിടെ ഉത്തരവ് പുറപ്പെടുവിച്ചത്. വിവാഹവാഗ്ദാനം നൽകി ബലാത്സംഗം ചെയ്തു എന്ന തരത്തിലുള്ള കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത പുലർത്തണമെന്നും സുപ്രീംകോടതി നിരീക്ഷിച്ചു. വിവാഹബന്ധത്തിലായിരിക്കെ അഭിഭാഷക സുഹൃത്തുമായി മൂന്ന് വർഷത്തോളം ബന്ധം സ്ഥാപിച്ച് ഉഭയകക്ഷി സമ്മതപ്രകാരം ലൈംഗികബന്ധത്തിൽ ഏർപ്പെട്ട സ്ത്രീയാണ് പരാതിക്കാരി. ആദ്യബന്ധത്തിൽ വിവാഹമോചനക്കേസ് കുടുംബക്കോടതിയുടെ പരിഗണനയിലുണ്ടെങ്കിലും അതിൽ തീരുമാനമാകാത്ത സാഹചര്യത്തിലാണ് സ്ത്രീ മറ്റൊരു പുരുഷനുമായി ബന്ധം സ്ഥാപിച്ചതെന്ന് കോടതി കണക്കിലെടുത്തു. 1955-ലെ ഹിന്ദു വിവാഹ നിയമപ്രകാരം ഇണ ജീവിച്ചിരിപ്പുണ്ടെന്നും വിവാഹബന്ധം വേർപെടുത്തിയിട്ടില്ലെന്നും കോടതി കണ്ടെത്തി.

# ISWAI വാർഷികാഘോഷങ്ങൾ പൂർത്തിയായി

ടോണി പൊങ്ങാന

ഇല്ലിനോയി: സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ ഓഫ് ഇല്ലിനോയ്സിന്റെ മുപ്പത്തിയെട്ടാമത് വാർഷികാഘോഷങ്ങൾ കൗൺസിൽ ജനറൽ ഓഫ് ഇന്ത്യ സോമനാഥ് ഘോഷ് ഐഎഫ്എസ് ഉദ്ഘാടനം ചെയ്തു.



മിഡ്‌വെസ്റ്റ് റീജിയണിലെ ഏറ്റവും പഴക്കമുള്ള പ്രൊഫഷണൽ സംഘടനകളിൽ ഒന്നായി ഇസ്വായി.

ഒരു സാമൂഹിക കൂട്ടായ്മ എന്നതിലുപരിയായി അമേരിക്കൻ പൊതുസമൂഹത്തിൽ ഇടപെട്ട് പ്രവർത്തിക്കുക വഴി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അസോസിയേഷനെ പ്രത്യേകം അനുമോദിക്കുന്നതായി ഘോഷ് പറഞ്ഞു.

പ്രസിഡണ്ട് ലിൻസൺ തോമസിന്റെ അദ്ധ്യക്ഷതയിൽ ഗ്ലെൻവ്യൂ ബാങ്ക്വറ്റ്സിൽ വെച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ 2025-ൽ പ്രഫഷണൽ രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ചവരെ ആദരിക്കുകയുണ്ടായി.

സ്റ്റാനി ഡിസൂസ, ബെന്നി കാഞ്ഞിരംപാറ തോമസ് ആനമല, സജു ഫിലിപ്പ്, ജോസഫ് ആന്റണി എന്നിവർ കൗൺസിൽ ജനറലിൽനിന്നും അംഗീകാരം ഏറ്റുവാങ്ങി. പ്രഥമ ഇസ്വായി സോഷ്യൽ ഇമ്പാക്ട് അവാർഡിന് അർഹനായ പ്രശസ്ത സാമൂഹിക പ്രവർത്തകൻ ജമാൽ കോൾ, സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല, ജിനോ ജോൺ, ജോസ് കോലഞ്ചേരി തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിച്ചു. ജാസ്മിൻ മാത്യു, ജോജോ ഒലിയപ്പുറത്ത് എന്നിവർ എംസിമാരായി പ്രവർത്തിച്ചു.

ജിനോയി കവലക്കൽ, അനീസ് മേനമാറ്റത്തിൽ, റീന മഠത്തിൽ, ആനി തോമസ്, ഡി.ജെസ്യൂദ് തുടങ്ങിയവരുടെ നേതൃത്വത്തിൽ അരങ്ങേറിയ കലാപരിപാടികൾ ചടങ്ങിനു കൊഴുപ്പേകി.

# ISWAI സോഷ്യൽ ഇമ്പാക്ട് അവാർഡ് ജമാൽ കോളിന്

ടോണി പൊങ്ങാന

ഇല്ലിനോയി: സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ ഓഫ് ഇല്ലിനോയ്സ് (ISWAI) ഏർപ്പെടുത്തിയ പ്രഥമ സോഷ്യൽ ഇമ്പാക്ട് അവാർഡിന് പ്രശസ്ത സാമൂഹിക പ്രവർത്തകൻ ജമാൽ കോൾ അർഹനായി.

മൈ ബ്ലോക്ക് മൈ സിറ്റി എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകനായ അദ്ദേഹം ചിക്കാഗോ നഗരത്തിന്റെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന മേഖലകളിൽ യുവജനങ്ങളെ മുഖ്യധാരയിലേക്ക് അടുപ്പിക്കുവാനും ദാരിദ്ര്യത്തിൽ നിന്നും



വയലൻസിൽ നിന്നും വഴിതിരിച്ചു വിടുവാനുമുള്ള പരിശ്രമങ്ങളിൽ ഒരു പതിറ്റാണ്ടിലേറെയായി ഏർപ്പെട്ടിരിക്കുന്നു. 2024-ൽ പ്രസിഡണ്ട് ജോസഫ് ബൈഡൻ അദ്ദേഹത്തിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നല്കി ആദരിക്കുകയുണ്ടായി.

അസോസിയേഷന്റെ വാർഷികാഘോഷങ്ങളോട് അനുബന്ധിച്ചു നടന്ന ചടങ്ങിൽ കൗൺസിൽ ജനറൽ ഓഫ് ഇന്ത്യ സോമനാഥ് ഘോഷ് ഐഎഫ്എസ് അവാർഡ് സമ്മാനിച്ചു. പ്രവാസിഇന്ത്യക്കാർ പൊതുസമൂഹത്തിൽ സജീവമായി ഇടപെടുകയും മാതൃകാപരമായി സഹവസിക്കുകയും ചെയ്യുന്നതിന്റെ ഉദാഹരണമാണ് ഇത്തരം മാതൃകാപരമായ സംരംഭങ്ങളെന്ന് സോമനാഥ് ഘോഷ് പറഞ്ഞു.

പ്രസിഡണ്ട് ലിൻസൺ തോമസ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ജോസ് കോലഞ്ചേരി, ജാസ്മിൻ മാത്യു, ജോജോ ഒലിയപ്പുറത്ത് തുടങ്ങിയവർ അവാർഡ്ദാന ചടങ്ങിന് നേതൃത്വം നല്കി.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

## SEEKING BRIDEGROOM CONTD.....

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## കെ.കെ. സണ്ണി

**നാട്ടകം:** കോട്ടയം ടൈം ഗാലറി ഉടമ കൊച്ചുപറമ്പിൽ കെ.കെ. സണ്ണി (83) അന്തരിച്ചു. ഭാര്യ പള്ളം പ്ലാപ്പറമ്പിൽ ലീലാമ്മ. മക്കൾ: നോബി (സണ്ണി ടൈം ഗാലറി, കോട്ടയം), മിനി സണ്ണി (യുഎസ്), മിനു സണ്ണി (ഓസ്ട്രിയ). മരുമക്കൾ: ബിന്ദു നോബി (കാരിത്താസ് ആശുപത്രി), തോമസ് ചാക്കോ തകടിയേൽ പായിപ്പാട് (യുഎസ്), തോമസ് ഈയത്തുകളത്തിൽ തിരുവാതുക്കൽ (ഓസ്ട്രിയ).

## പി.ഒ. ആന്റണി

**ഇരിങ്ങാലക്കുട:** എടതിരിത്തി ആർഐ എൽഎസ് റിട്ട. അധ്യാപകനും വേളൂക്കര പഞ്ചായത്ത് അംഗവുമായിരുന്ന വെളയനാട് പുല്ലൂക്കര പി.ഒ. ആന്റണി (79) അന്തരിച്ചു. ഭാര്യ കൊരട്ടി നാൽപ്പാട്ട് മേരി (റിട്ട. അധ്യാപിക). മക്കൾ: മുൻ സംസ്ഥാന ബാസ്കറ്റ്ബോൾ താരങ്ങളായ ജോ ആന്റണി (കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്), ജോ പോൾ (ഓസ്ട്രേലിയ), ഡോ. ജോമേരി (പരിയാരം മെഡിക്കൽ കോളജ്). മരുമക്കൾ: ഡയാന ജോ, ആര്യ മറിയം (ഓസ്ട്രേലിയ), വിനോദ് വി. ജോസ് (യുഎസ്).

## ഏലിയാമ്മ മാണി

**പള്ളം:** പാറേക്കാട്ടിൽ (തകടിയിൽ) ഏലിയാമ്മ മാണി (86) ചെന്നൈയിൽ അന്തരിച്ചു. മൂലേടം കണ്ണോത്ര കളമ്പുകാട്ട് കുടുംബാംഗമാണ്. ഭർത്താവ് പി.ജെ. മാണി ( എം.എം. ഫോം മുൻ ഉദ്യോഗസ്ഥൻ) മക്കൾ: ജോജോ പി. മാണി (ചെന്നൈ), ജിബോ പി. മാണി (ദോഹ), ജീന പി. മാണി (യുഎസ്). മരുമകൻ: ഫാ. ഫിലിപ്പ് ഏബ്രഹാം (കാലിഫോർണിയ).

**വെള്ളൂർ:** പത്താഴക്കുഴി പോത്താനിക്കൽ കുടുംബാംഗം തെക്കേക്കുറ്റ് സൈമണിന്റെ ഭാര്യ സോളി സൈമൺ (അന്നമ്മ മാത്യു-46) അന്തരിച്ചു.

## ഷാജൻ പി. കുര്യാക്കോസ്

**പുതുപ്പള്ളി:** നാരകത്തോട് പുത്തൻപുരയ്ക്കൽ ഷാജൻ പി. കുര്യാക്കോസ് (മോൻ-66) യുഎസിൽ അന്തരിച്ചു. ഭാര്യ പുതുപ്പള്ളി ചാലുങ്കൽ ഷേർളി ഷാജൻ. മക്കൾ: ഷെഫിൻ ഷാജ്, ഷോൺ ഷാജ്. മരുമക്കൾ: ലിനു ഷെഫിൻ തെറ്റിക്കാട്ട് (വളഞ്ഞവട്ടം), കെസിയ ഷോൺ പടിഞ്ഞാറേമുറിയിൽ കുമളി (എല്ലാവരും യുഎസ്).

**ചിങ്ങവനം:** ടെസിൽ മുൻ ഉദ്യോഗസ്ഥൻ പുത്തൻപറമ്പിൽ (വാരാച്ചേരിൽ) പി.പി. ഏബ്രഹാം (അവറാച്ചൻ-83) അന്തരിച്ചു.

**പൂഞ്ഞാർ:** പനച്ചിപ്പാറ അറക്കത്താഴത്ത് എം.എം. ഇന്ദിരാമ്മ (83) അന്തരിച്ചു.

**പെരിങ്ങുളം:** കുളത്തിനാൽ കെ.ഒ. ജോസഫ് (കുഞ്ഞുകുട്ടി-89) അന്തരിച്ചു.

## പാസ്റ്റർ എൻ.സി. വർക്കി



**വടശേരിക്കര/ഡാളസ്:** ദീർഘകാലം ചിക്കാഗോ ഐപിസി ഹെബ്രോൻ സഭയിലെ അംഗവും ശുശ്രൂഷാ സഹായിയുമായിരുന്ന പാസ്റ്റർ എൻ.സി. വർക്കി (തങ്കച്ചൻ-82) വടശേരിക്കരയിലെ ഭവനത്തിൽ അന്തരിച്ചു. നെടിയകാലായിൽ കുടുംബാംഗമായ പരേതൻ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ വിവിധ സഭകളിൽ കഴിഞ്ഞ 52 വർഷം സഭാശുശ്രൂഷകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏലിയാമ്മ വർക്കിയാണ് ഭാര്യ. മക്കൾ: ഫെയ്ത്ത് റോയി ഇട്ടി ചെറിയ (ചിക്കാഗോ), സാം വർഗീസ് (ന്യൂജേഴ്സി). മരുമക്കൾ: ഇവാ. റോയി ഇട്ടിച്ചെറിയ (ചിക്കാഗോ), സനു വർഗീസ് (ന്യൂജേഴ്സി).

**കതൃക്കടവ്:** കൊച്ചിൻ ഷിപ്പ് യാർഡ് റിട്ട. മാനേജർ-ഡിസൈൻ കുമാരനാശാൻ റോഡ് പാവടശേരിയിൽ പി.സി. തോമസ് (76) അന്തരിച്ചു.

**ചെറായി:** ആരോഗ്യവകുപ്പ് റിട്ട. അഡീഷണൽ ഡയറക്ടർ വടക്കേ ആലുംമൂട്ടിൽ (പൊറക്കാമ്പുള്ളി) ഡോ. ഓമന ഉണ്ണികൃഷ്ണൻ (73) അന്തരിച്ചു.

## പെണ്ണമ്മ ജേക്കബ്

**കുറിച്ചി:** കടവന്ത്ര 52 ഗിരിനഗർ പുതിയമഠത്തിൽ പെണ്ണമ്മ ജേക്കബ് (90) അന്തരിച്ചു. കല്ലിശേരി മേലേത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.കെ. ജേക്കബ്. മക്കൾ: ബിജു ജേക്കബ് (യുഎസ്), ബീന, ബിന്ദു. മരുമക്കൾ: സോമൻ ഏബ്രഹാം എരണയ്ക്കൽ (എറണാകുളം), ലാലു ഏബ്രഹാം താമരപ്പള്ളിയിൽ (നെന്മാറ), ജുനു, ബിജു പട്ടരുമഠത്തിൽ (യുഎസ്).

## ജെയിംസ് ചാക്കോ

**വൈക്കം:** വാതപ്പള്ളിൽ ജെയിംസ് ചാക്കോ (കുറുവച്ചൻ-70) അന്തരിച്ചു. ഭാര്യ പരേതയായ ഫിലോമിന ജെയിംസ്. മക്കൾ: ഡോ. വിൽസൺ ജെയിംസ് (യുഎസ്), വിൻസി ജെയിംസ്. മരുമകൾ: ഡോ. ജിൻസി (യുഎസ്).

**കോട്ടയം:** തിരുവനന്തപുരം പുത്തേട്ട് ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (68) അന്തരിച്ചു.

**മാൻവെട്ടം:** മങ്ങാട്ട് വർക്കി തോമസ് (തോമ്മാച്ചൻ-89) അന്തരിച്ചു.

## മേഴ്സി തോമസ്

**ഉഴവൂർ:** പുളിംതൊട്ടിയിൽ മേഴ്സി തോമസ് (74) അന്തരിച്ചു. കൈപ്പുഴ ഒട്ടക്കാട്ടിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ തോമസ് ഏബ്രഹാം. മക്കൾ: വീണ ലാൽ (യുഎസ്), വിന്നി സന്തോഷ് (ഖത്തർ), വിവിയൻ തോമസ് (ഓസ്ട്രേലിയ). മരുമക്കൾ: ലാൽ ജോസ് ചെമ്മലക്കുഴിയിൽ (ചുങ്കം), സന്തോഷ് ലോന കല്ലുവീട്ടിൽ (ബെംഗ്ളൂരു), ഡിറ്റി സണ്ണി കറുകക്കുറ്റിയിൽ (കുമരകം).

## അന്നമ്മ ഏബ്രഹാം

**കങ്ങഴ:** ഇടയിരിക്കപ്പുഴ മേലേടത്ത് അന്നമ്മ ഏബ്രഹാം (81) യുഎസിൽ അന്തരിച്ചു. റാന്നി പകലോമറ്റം താഴമൺ കിടങ്ങനേത്ത് കുടുംബാംഗമാണ്. ഭർത്താവ്: എം.എ. ഏബ്രഹാം. മക്കൾ: റെജി, വിൽസൺ, ജോയിസ്, ഷാജി, രാജു. മരുമക്കൾ: നിസി, മിനി, ഡാനിയേൽ ഏബ്രഹാം, സുനി, ഡയാന.

## സെലിൻ വർഗീസ്



**ന്യൂയോർക്ക്:** കോട്ടയം മാൻവെട്ടം വിരുത്തിയിൽ സെലിൻ (75) അന്തരിച്ചു. പാലാ രാമപുരം കോട്ടിരിക്കൽ കുടുംബാംഗമാണ്. ഭർത്താവ്: വർഗീസ്. മക്കൾ: മെലീസ, മെൽവിൻ. മരുമകൻ: മിന്റോ.

**കോഴിക്കോട്:** സാമൂതിരി ഗുരുവായൂരപ്പൻ കോളജ് മുൻ പ്രിൻസിപ്പൽ ഡോ. വി.കെ. ഹരിദാസൻ (76) അന്തരിച്ചു.

## പി.സി. മാത്യു

**കുളത്തൂർമുഴി:** വിമുക്തഭടൻ മുട്ടാറ്റിൽ പി.വി. മാത്യു (കുഞ്ഞുമോൻ-61) അന്തരിച്ചു. ഭാര്യ കുളത്തൂർപ്രയാർ പടിയറ മിനി മാത്യു. മക്കൾ: ഡാലിയ ജസ്റ്റിൻ (അബുദാബി), സോണിയ റിന്റു (യുഎസ്). മരുമക്കൾ: ജസ്റ്റിൻ ജോസ് (അബുദാബി), റിന്റു ഏബ്രഹാം (യുഎസ്).

**കാവുംകണ്ടം:** കോഴിക്കോട്ട് കെ.ഡി. ജോസഫ് (ഔസേപ്പച്ചൻ-85) അന്തരിച്ചു.

**ചെങ്ങളം:** അയ്മനം പുളിക്കപറമ്പിൽ പി.എ. ജോണിന്റെ (എൽഐസി) ഭാര്യ തിരുവനന്തപുരം ഫോർട്ട് മിഷൻ ഗേൾസ് ഹൈസ്കൂൾ റിട്ട. അധ്യാപിക ആനി ജോസഫ് (85) തിരുവനന്തപുരത്ത് അന്തരിച്ചു.

**മാങ്ങാനം:** പാറയിൽ പി.വി. കുര്യൻ (കുഞ്ഞുമോൻ-83) അന്തരിച്ചു.

## സിസ്റ്റർ ഡെയ്സി മാത്യു



**ഡാളസ്:** ഓതറ താന്നിക്കൽ പരേതനായ ടി.ഡി. ജോണിന്റെയും സാറാമ്മ ജോണിന്റെയും മകളും കണ്ടത്തിൽ ബ്രദർ കെ.വി. മാത്യുവിന്റെ (മോനി) ഭാര്യയുമായ സിസ്റ്റർ ഡെയ്സി മാത്യു (64) അന്തരിച്ചു. മക്കൾ: റിൻസി, റോബിൻ. സഹോദരങ്ങൾ: പാസ്റ്റർ വർഗീസ് ജോൺ, ന്യൂയോർക്ക് (ബാബു താന്നിക്കൽ), രാജു താന്നിക്കൽ.

**പുളിക്കുന്ന്:** എസ്ബിഐ റിട്ട. ഉദ്യോഗസ്ഥൻ പഴേപറമ്പിൽ പരുത്തിക്കൽ ജോസഫ് തോമസ് (അപ്പച്ചൻ-75) അന്തരിച്ചു.

## കെ.ടി. ജോർജ്

**പുത്തൻകാവ്:** കുറ്റിയിൽ റോസ് വില്ലയിൽ കെ.ടി. ജോർജ് (84) യുഎസിൽ അന്തരിച്ചു. ഭാര്യ പരേതയായ റോസമ്മ. മക്കൾ: ജിബ്സൺ (യുഎസ്), ജിൽസൺ (യുകെ), മരുമക്കൾ: പ്രിയ, സുധ.

**റാന്നി:** ഓതറ നസ്രത്ത് ഫാർമസി കോളജ് മാനേജരും കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡണ്ടുമായ കോയിപുറത്ത് ജേക്കബ് ലൂക്കോസ് (സോബൻ-65) അന്തരിച്ചു.

## തോമസ് എം. കോശി

**പുത്തൻകാവ്:** മടയ്ക്കൽ പീടികയിൽ തോമസ് എം. കോശി (സണ്ണി-73) അന്തരിച്ചു. ഭാര്യ പുല്ലാട് കയ്പ്പിലാലിൽ ആലീസ് കോശി. മക്കൾ: റവ. സുനു ബേബി കോശി (വികാരി ചാലിശേരി മൂക്കുതല മാർത്തോമ്മാ പള്ളി), സുസ്മി (ഹൂസ്റ്റൺ),മരുമക്കൾ: ഡോ. ലിജി (പുനലൂർ), പ്രശാന്ത് (മാംഗ്ളൂരു).

## സാറാമ്മ ഈപ്പൻ

**മല്ലപ്പള്ളി:** കരിപ്പേലിൽ സാറാമ്മ ഈപ്പൻ (85) അന്തരിച്ചു. പുന്നവേലി പാലപൊയ്കയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.ഇ. ഈപ്പൻ. മക്കൾ: മിനി ഡേവിഡ് (യുഎസ്), റെനി ലാജി, സുനി ഈപ്പൻ. മരുമക്കൾ: സാമുവൽ ഡേവിഡ് (യുഎസ്), പരിയാരം ചിറയിൽ ലാജി തോമസ്.

**പാലാ:** വട്ടക്കുന്നേൽ പരേതനായ സണ്ണി ജോർജിന്റെ ഭാര്യ റാണി സണ്ണി (63) അന്തരിച്ചു.

**ചമ്പക്കര:** മാന്തുരുത്തി പടിഞ്ഞാറ്റിൻകര പി.ജെ. ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ ജോസ് (75) അന്തരിച്ചു.

## കെ.വി. സഖറിയ

**തോട്ടയ്ക്കാട്:** ചിറപ്പുറത്ത് കിഴക്കേമുറിയിൽ കെഎസ്ആർടിസി റിട്ട. ഇൻസ്പെക്ടർ കെ.വി. സഖറിയ (ബേബി-70) അന്തരിച്ചു. ഭാര്യ കോത്തല പടിയറയിൽ മേരി പി. തോമസ് (റിട്ട. തഹസിൽദാർ), മക്കൾ: ബിലിൻ, ബിനില (ഇരുവരും യുഎസ്). മരുമകൻ: ടോണി പ്ലാന്തോട്ടത്തിൽ പുത്തൻവീട്, കൊച്ചി (സീനിയർ എൻജിനീയർ ഷിപ്‌യാർഡ്).

**പുതുപ്പള്ളി:** കോട്ടയം പുത്തനങ്ങാടി വെള്ളൂർ കുടുംബയോഗത്തിന്റെ പ്രസിഡണ്ടായ പടിഞ്ഞാറേപ്പറമ്പിൽ ജോർജ് ജോസഫിന്റെ ഭാര്യ പാറേട്ട് ആശുപത്രി മുൻ നേഴ്സിങ് സൂപ്രണ്ട് പി.അന്നമ്മ ജോർജ് (മേഴ്സി റോയി-65) അന്തരിച്ചു.

## അന്നമ്മ ജോസഫ്

**മാൻവെട്ടം:** ഞാറക്കാട്ടിൽ റിട്ട. അധ്യാപിക അന്നമ്മ (90) അന്തരിച്ചു. കുറുപ്പന്തറ കളരിപ്പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എൻ.കെ. ജോസഫ്. മക്കൾ: ജെസി, ഷൈല, സാജു (ദുബായ്), ജാസ്മിൻ (യുഎസ്), ജമുന (യുകെ). മരുമക്കൾ: ജോസ് കലയന്താനം, ഡോമി മണിയഞ്ചിറ പൂവരണി, ഷൈജ മാപ്പിളത്താഴെ (ദുബായ്), സജോ പുറവടി (യുഎസ്), സുനിൽ വാലിയിൽ (യുകെ).

**ആവോലി:** ഭുജലവകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ ആവോലി വടക്കേൽ (പെരിക്കോട്ടിൽ) ജേക്കബ് തോമസ് (ബേബി-77) അന്തരിച്ചു.

## ക്യാപ്റ്റൻ ജേക്കബ് മാത്യു

**തിരുവനന്തപുരം:** പരുത്തിപ്പാറ കിഴക്കേവീട്ടിൽ മർച്ചന്റ് നേവി റിട്ട. ക്യാപ്റ്റൻ ജേക്കബ് മാത്യു (87) അന്തരിച്ചു. അണ്ടൂർ പുളിന്താനത്ത് കിഴക്കേവീട്ടിൽ കുടുംബാംഗമാണ്. ഭാര്യ കല്ലടമലയിൽ (റിട്ട. അധ്യാപിക ഹോളി ഏഞ്ചൽസ് സ്കൂൾ) സൂസൻ മാത്യു. മക്കൾ: അജിത്ത്, ജീൻ. മരുമക്കൾ: റാണി, അജയ് (എല്ലാവരും യുഎസ്).

**ചങ്ങനാശേരി:** ചീരംചിറ അരിക്കത്തിൽ ജോർജ് തോമസ് (ജോർജുകുട്ടി- അരിക്കൻ-84) അന്തരിച്ചു.

## പി.ഐ. ജോർജ്

**മണർകാട്:** പഴയകരിയിൽ പി.ഐ. ജോർജ് (ഫ്രാൻസിസ് ജോർജുകുട്ടി-73) അന്തരിച്ചു. ഭാര്യ പാറമ്പുഴ ചാഴിശേരി ഗ്രേസി. മക്കൾ: ജിനു (കാനഡ), ഫിനു (യുഎസ്). മരുമക്കൾ: ടോം ഐരൂർ ചെറുകര പീടികയിൽ (കാനഡ), ആൻ അലക്സ് മാർവള്ളിൽ തിരുവനന്തപുരം (യുഎസ്).

**പൊതി:** എസ്എബിഎസ് എറണാകുളം പ്രോവിൻസിലെ പൊതി ഭവനാംഗം സിസ്റ്റർ ആലീസ് വാട്ടപ്പിള്ളി (നിർമ്മല-77) അന്തരിച്ചു.

## ഫാ. ജോൺ മാത്യു ഇലഞ്ഞിലേത്ത്

**മാവേലിക്കര:** മലങ്കര കത്തോലിക്കാ സഭയിലെ മുതിർന്ന വൈദികൻ മാവേലിക്കര ഈരേഴ ഇലഞ്ഞിലേത്ത് ഫാ. ജോൺ മാത്യു (107) യുഎസിലെ പിറ്റ്സ്ബർഗിൽ അന്തരിച്ചു. അമേരിക്കയിലെ സെന്റ് മേരീസ് റുമാനിയൻ കത്തോലിക്കാ പള്ളിയിൽ വികാരിയായിരുന്നു.

## എലിസബത്ത് ചെറിയാൻ

**ശ്രീകാര്യം:** ഗാന്ധിപുരം കാവുവിള ലെയ്ൻ സിയോൺ വില്ലയിൽ ബാലികാമഠം ഹയർ സെക്കൻഡറി സ്കൂൾ മുൻ അധ്യാപിക എലിസബത്ത് ചെറിയാൻ (കൊച്ചുമോൾ-75) അന്തരിച്ചു. കുണ്ടറ കുഴിക്കിൽ അഴികത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ക്യാപ്റ്റൻ വി.ഒ. ചെറിയാൻ. മകൻ: വിശാഖ് ചെറിയാൻ. മരുമകൾ: അനു തോമസ്(എല്ലാവരും യുഎസ്).

## അന്നമ്മ സാമുവൽ

**മണർകാട്:** പുന്നൂപറമ്പിൽ അന്നമ്മ ജെ. സാമുവൽ (കുഞ്ഞുമോൾ-78) യുഎസിൽ അന്തരിച്ചു. ഭർത്താവ് പരേതനായ ജെഫ്രീസ് കെ. സാമുവൽ. മക്കൾ: ഡോ. ലത, ലീന. മരുമക്കൾ: ഡാനിയേൽ ബ്രൂബേക്കർ, ഡേവിഡ് ഹിൽ.

**തുരുത്തി:** പുതുമന ഇല്ലത്ത് ചങ്ങനാശേരി ഗവ. ടൗൺ എൽപിഎസ് റിട്ട. പ്രധാനാധ്യാപിക സരസ്വതി അന്തർജ്ജനം (74) അന്തരിച്ചു.

**മുരിക്കാശേരി:** പെരുമാട്ടിക്കുന്നേൽ മേരി ഏബ്രഹാം (84) അന്തരിച്ചു.

## സാറാമ്മ തോമസ്

**ഇലന്തൂർ:** ചെമ്പകത്തിൽ സാറാമ്മ തോമസ് (കുഞ്ഞമ്മ-89) അന്തരിച്ചു. തുമ്പമൺ കല്ലിരിക്കുന്നിൽ കുടുംബാംഗം. ഭർത്താവ് പരേതനായ സി.വി. തോമസ്. മക്കൾ: വർഗീസ് തോമസ്, സജി തോമസ്, റെജി തോമസ് (മൂവരും ദുബായ്), സൂസമ്മ, ജെസി, ആനിയമ്മ (യുഎസ്), പരേതയായ ലാലി. മരുമക്കൾ: സൂസമ്മ, ജോർജുകുട്ടി (കുളക്കട), ബെന്നി (യുഎസ്), ചെറിയാൻ ജോൺ (ഷാർജ), ജാൻസി (ഷാർജ), ബിന്ദു റാന്നി, വൈക്കം, പരേതയായ വർഗീസ്.

**കണ്ണൂർ:** മുൻ സന്തോഷ് ട്രോഫി താരവും ഇന്ത്യൻ റെയിൽവേ റിട്ട. ഉദ്യോഗസ്ഥനുമായ പാറക്കണ്ടിയിലെ നരിയമ്പള്ളി ദിവാകരൻ (76) അന്തരിച്ചു.

**നിരണം:** ഓറേത്ത് കുട്ടൻചേരിൽ പുത്തൻപറമ്പിൽ പരേതനായ കെ. മാത്യു ജേക്കബിന്റെയും ശോശാമ്മയുടെയും മകൻ ജെയിംസ് കെ. മാത്യൂസ് (58) അന്തരിച്ചു.

**ഏറ്റുമാനൂർ:** കറത്തേടം കെ.എം. അലക്സാണ്ടർ (ബേബി-69) അന്തരിച്ചു.

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Florida*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Florida*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

# FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## *Favors Received*



*Inserted by: Firm Believer, Houston*

## ക്രോബേന്മാരുടെ സ്തുതി

+ കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ

*Inserted by: Firm Believer, Oklahoma*

## *Favors Received*



*Inserted by: Firm Believer, Houston*

## ക്രോബേന്മാരുടെ സ്തുതി

+ കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു + കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ ഞങ്ങളോടു കരുണ ചെയ്യേണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനുമാകുന്നു. നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി.

ബാറെക്മോർ

*Inserted by: Firm Believer, Oklahoma*

**Visit Our Website: www.keralaexpress.com for Classified Advt.**




# ഫാമിലി എന്റർടെയ്നർ 'ഇനിയും' ട്രെയിലർ റിലീസായി

പുതുമുഖങ്ങളായ സനീഷ് മേലേപ്പാട്ട്, മാസ്റ്റർ പാർഥിപ് കൃഷ്ണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജീവസംവിധാനം ചെയ്യുന്ന ഇനിയും എന്ന ചിത്രത്തിന്റെ ട്രെയിലർ റിലീസ് ആയി. യദു ഫിലിം ഫാക്ടറിയുടെ ബാനറിൽ സുധീർ സി.ബി. നിർമ്മിക്കുന്ന ചിത്രം തീർത്തുമൊരു ഫാമിലി എന്റർടെയ്നറാണ്. ഫെബ്രുവരി അവസാനത്തോടെ ചിത്രം തിയറ്ററുകളിലേക്ക് എത്തും. പുതുമുഖം ഭദ്രയാണ് ചിത്രത്തിലെ നായിക.

അഷ്കർ സൗദാൻ, രാഹുൽ മാധവ്, റിയാസ്ഖാൻ, കൈലാഷ്, ദേവൻ, ശിവജി ഗുരുവായൂർ, സ്ഫടികം ജോർജ്, വിജി തമ്പി, ചെമ്പിൽ അശോകൻ, സുനിൽ സുഗത, കോട്ടയം രമേശ്, നന്ദകിഷോർ, ഡ്രാക്കുള സുധീർ, അഷ്റഫ് ഗുരുക്കൾ, ലിഷോയ്, ദീപക് ധർമടം, ബൈജുകുട്ടൻ, അജിത്ത് കൂത്താട്ടുകുളം, ശ്രീകുമാർ വക, ശ്രീനിവാസൻ, അംബികാ മോഹൻ, മോളി കണ്ണമാലി, രമാദേവി, മഞ്ജു സതീഷ്, ആശ വാസുദേവൻ, ആശ നായർ, ചാർമിള, പാർവണ, കൃഷ്ണ രാജൻ എന്നിവരും അഭിനയിക്കുന്നു. കനകരാജ് ഛായാഗ്രഹണം നിർവഹിക്കുന്ന ചിത്രത്തിന് നിർമാതാവ് സുധീർ സി.ബി തന്നെയാണ് കഥ, തിരക്കഥ, സംഭാഷണമെഴുതുന്നത്.


ഏങ്ങണ്ടിയൂർ ചന്ദ്രശഖരൻ ഉണ്ണികൃഷ്ണൻ തെക്കേപാട്ട്, ഗോകുൽ പണിക്കർ, യദീന്ദ്രദാസ് എന്നിവരുടെ വരികൾക്ക് മോഹൻ സിത്താര, സജീവ് കണ്ടര്, പി.ഡി. തോമസ് എന്നിവർ സംഗീതം നൽകിയിരിക്കുന്നു.ന

ഗ്രാമീണ പശ്ചാത്തലത്തിൽ, കുടുംബ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകി ഒരുക്കുന്ന ചിത്രത്തിന്റെ എഡിറ്റിംഗ്-രഞ്ജിത്ത്, പ്രൊഡക്ഷൻ കൺട്രോളർ- ഷറഫു കരുപ്പടന്ന, ആർട്ട്-ഷിബു അടിമാലി, മേക്കപ്പ്-ബിനോയ് കൊല്ലം, കോസ്റ്റ്യൂംസ്- റസാഖ് തിരൂർ, ബി.ജി.എം- മോഹൻ സിത്താര, സംഘട്ടനം-അഷ്റഫ് ഗുരുക്കൾ, അസോസിയേറ്റ് ഡയറക്ടർ-ജയരാജ് ഹരി, കൊറിയോഗ്രാഫി-ജിതിൻ വെളിമണ്ണ, സൗണ്ട് ഡിസൈനർ- രാജേഷ് പി.എം, ഫിനാൻസ് കൺട്രോളർ-ബാബു ശ്രീധർ ആൻഡ് രമേഷ്, ഓഡിയോഗ്രാഫി-ജിജുമോൻ ടി. ബ്രൂസ്, കളറിസ്റ്റ്-അഖിൽ പ്രസാദ്, സ്റ്റുഡിയോ-ചലച്ചിത്രം, മാർക്കറ്റിംഗ്-ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ്, സ്റ്റിൽസ്-അജേഷ് ആവണി, ഡിസൈൻസ് - അർജുൻ ആൻഡ് ഹൈ സ്റ്റുഡിയോസ്, പിആർഒ-പി. ശിവപ്രസാദ്.




# 'ഈ തനിനിറം' പതിമൂന്നിന് പ്രദർശനത്തിനെത്തും

അനൂപ് മേനോൻ ഇൻവസ്റ്റിഗേറ്റീവ് ഓഫീസറായി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ തനിനിറം എന്ന ചിത്രം പതിമൂന്നിന് പ്രദർശനത്തിനെത്തും. ധനുഷ് ഫിലിംസിന്റെ ബാനറിൽ എസ്. മോഹനൻ നിർമിക്കുന്ന ചിത്രം രതീഷ് നെടുമങ്ങാടാണ് സംവിധാനം ചെയ്യുന്നത്. അംബികാ കണ്ണൻബായ് തിരക്കഥയെഴുതി.




പ്രേക്ഷകർക്ക് തുടക്കംമുതൽ ആകാംക്ഷയുണ്ടാക്കുകയും അപ്രതീക്ഷിതമായ ചിലവഴിത്തിരുവുകൾ സമ്മാനിക്കുകയും ചെയ്തുകൊണ്ടാണ് ചിത്രത്തിന്റെ അവതരണം രമേഷ് പിഷാരടി, നോബി ജി. സുരേഷ്കുമാർ, പ്രസാദ് കണ്ണൻ, ദീപക് ശിവരാമൻ (അറബിക്കഥ ഫെയിം), ശൈലജ അമ്പു, തങ്കച്ചൻ വിതുര, ആജിത്, രമ്യാ മനോജ്, അനഘ അജിത് തുടങ്ങിയവരും പ്രധാനവേഷങ്ങളിലെത്തുന്നു.

അനൂപ് മേനോൻ, രാജീവ് ആലങ്കൽ, വിഷ്ണു ഭരത് എന്നിവരുടെ വരികൾക്ക് നിനോയ് വർഗീസ്, രാജ്കുമാർ രാധാകൃഷ്ണൻ എന്നിവർ ഈണം പകർന്നു. പ്രദീപ് നായർ ഛായാഗ്രഹണം, അജു അജയ്-എഡിറ്റിംഗ്, അശോക് നാരായണൻ കലാസംവിധാനം, അശോക് നാരായണൻ-കോസ്റ്റ്യൂം ഡിസൈൻ തുടങ്ങിയവർ അണിയറയിലുണ്ട്.

# ആക്ഷൻ ടെക്നോ ചിത്രം 'അറ്റ്' പ്രദർശനത്തിന്

ഹിറ്റ് ചിത്രങ്ങളുടെ എഡിറ്റർ ഡോൺ മാക്സ് ഒരിടവേളയ്ക്കു ശേഷം സംവിധാനം ചെയ്യുന്ന അറ്റ് പതിമൂന്നിന് തിയേറ്ററുകളിലെത്തും. പുതുമുഖം ആകാശ് സെൻ, ഷാജു ശ്രീധർ എന്നിവരാണ് ചിത്രത്തിലെ പതിവുശൈലിയിൽ നിന്നുമാറി ആക്ഷൻ ടെക്നോ ചിത്രമായാണ് അറ്റ് എത്തുന്നത്. ഡാർക്ക് വെബിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയ ഗംഭീര വിഷ്വലുകൾകൊണ്ട് സമ്പന്നമായിരുന്നു ചിത്രത്തിന്റെ ട്രെയിലർ. കൊച്ചുറാണി പ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമിക്കുന്ന ചിത്രം ഡാർക്ക് വെബ് സംബന്ധമായ വിഷയം ചർച്ചചെയ്യുന്ന ആദ്യ മലയാള സിനിയാണെന്ന പ്രത്യേകതയുമുണ്ട്.



ശരൺജിത്ത്, ബിബിൻ പെരുമ്പള്ളി, സാജിദ് യഹിയ, റേച്ചൽ ഡേവിഡ്, നയന എൽസ, സഞ്ജന ദോസ്, സുജിത്ത് രാജ്, ആരാധ്യ ലക്ഷ്മൺ, വിനീത് പീറ്റർ, കാവ്യ, അഭിലാഷ്, അക്ഷര രാജ്, തോമസ് കുരുവിള തുടങ്ങിയവരാണ് ചിത്രത്തിലെ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. കഥ, എഡിറ്റിംഗ് എന്നിവ സംവിധായകൻതന്നെയാണ് കൈകാര്യം ചെയ്തിരിക്കുന്നത്. രവിചന്ദ്രനാണ് ഛായാഗ്രാഹകൻ. ഹൈസിൻ ഗ്ലോബൽ വെഞ്ചേഴ്സ് ഇന്ത്യയിൽ ചിത്രം വിതരണത്തിന് എത്തിക്കുമ്പോൾ സൈബർ സിസ്റ്റംസ് ആണ് വേൾഡ് വൈഡ് ഓവർസീസ് അവകാശം സ്വന്തമാക്കിയിരിക്കുന്നത്.




# 'വലതുവശത്തെ കള്ളൻ', 'ദൃശ്യം 3' വിശേഷങ്ങളുമായി സംവിധായകൻ ജീത്തു ജോസഫ്



തനതായ പെർഫോമൻസ് മികവിൽ കഥാപാത്രങ്ങൾക്കു ജീവൻപകർന്ന ബിജു മേനോനും ജോജു ജോർജും പ്രധാനവേഷങ്ങളിലെത്തുന്ന ജീത്തു ജോസഫ് ഇമോഷണൽ ക്രൈം ഡ്രാമ 'വലതുവശത്തെ കള്ളൻ' തിയറ്ററുകളിൽ. കുദാശ എന്ന സിനിമ എഴുതി, സംവിധാനംചെയ്ത ഡിനു തോമസ് ഈലന്റെ രചന. ആന്റണി സേവ്യർ എന്ന പോലീസ് ഓഫീസറും സാമുവൽ ജോസഫ് എന്ന സാധാരണക്കാരനും തമ്മിലുള്ള സംഘർഷങ്ങളിലൂടെയാണു കഥാസഞ്ചാരം. ആന്റണിയും സാമുവലും അപരിചിതരായി വന്ന് പരിചയത്തിലാകുന്ന രണ്ടു പേർ. അവർക്കിടയിൽ ഒരു ഗെയിം ഉണ്ട്. അവർ തമ്മിൽ മത്സരവുമുണ്ട്. അതാണു കഥയിലെ ഒരു പ്രധാന ഭാഗം.

ആഗസ്റ്റ് സിനിമാസിലെ ഷാജി നടേശന്റെ ആഗ്രഹപ്രകാരം ഞാൻ ഡിനുവിന്റെ കഥ കേൾക്കുകയായിരുന്നു. ഇതിൽ ത്രില്ലർ മൂഡുണ്ടെങ്കിലും ലക്ഷണമൊത്ത ത്രില്ലറുകളിലുള്ള ട്വിസ്റ്റ്, സസ്പെൻസ് എന്നിവയ്ക്കു പ്രാധാന്യം കൊടുക്കുന്ന സിനിമയല്ല. ഇതിൽ ഇമോഷനുകൾക്കാണു പ്രാധാന്യം. അതാണ് ഡിനുവിന്റെ തിരക്കഥയിൽ എന്നെ ആകർഷിച്ചത്. പച്ചയായ കുറേ കഥാപാത്രങ്ങളും അവരുടെ ഇമോഷനുകളും അതിലൂടെയുള്ള യാത്രയുമൊക്കെയാണ് ഈ സിനിമ. അത്തരത്തിലുള്ള പ്രമേയമാണ്.

ഒരു പോലീസ് സ്റ്റേഷനിൽ നടക്കുന്ന കഥയായതുകൊണ്ടുതന്നെ പോലീസ് സ്റ്റോറിയാണ്. ഈ സിനിമയിൽ ഒരു ക്രൈം ഉണ്ട്. കുറച്ചു നിഗൂഢമായ കഥാസഞ്ചാരത്തിൽ വലിയ സസ്പെൻസിനോ ട്വിസ്റ്റിനോ കാര്യമായ പ്രസക്തിയില്ല.

അനുഭവപരിചയമുള്ള പോലീസ് സിഐയാണ് ബിജുവിന്റെ കഥാപാത്രം ആന്റണി സേവ്യർ. ഒരു സാധാരണ പൗരനാണു സാമുവൽ ജോസഫ്. കുട്ടിക്കാലം മുതൽ ഹിൽ സ്റ്റേഷനിൽ ജീവിക്കുന്നയാൾ. അയാൾക്കൊരു കുടുംബമുണ്ട്. സാമുവലിനുണ്ടായ ഒരു പ്രശ്നത്തെക്കുറിച്ച് അന്വേഷിക്കുകയാണ് ആന്റണി. ആന്റണിക്ക് അയാളുടേതായ അന്വേഷണ രീതികളുണ്ട്. അതിൽ സാമിന് അഭിപ്രായവ്യത്യാസമുണ്ട്. അതിൽ തന്റേതായ രീതിയിൽ പ്രതികരിക്കുന്നയാളാണു സാമുവൽ. തുടർന്നുണ്ടാകുന്ന സംഘർഷങ്ങളും പ്രശ്നങ്ങളുമൊക്കെയാണു സിനിമ. പോലീസിൽ വിശ്വാസമില്ലാതെയാകുമ്പോൾ സാമുവൽ അയാളുടേതായ രീതിയിൽ ചില നീക്കങ്ങൾ നടത്തുന്നു. അതു പോലീസിന് ഇഷ്ടപ്പെടുന്നില്ല അതാണ് അവർ തമ്മിലുള്ള ഉരസലിനു പിന്നിൽ.

വലതുവശത്തെ കള്ളൻ എന്ന ടൈറ്റിലിനെക്കുറിച്ച് ചോദിച്ചപ്പോൾ, പറഞ്ഞാൽ അതിന്റെ രസം പോകും. വലിയ സസ്പെൻസൊന്നുമല്ല. ചെറിയൊരു കാര്യം മാത്രമേയുള്ളൂ. അതു തിയറ്ററിൽ ആസ്വദിക്കുന്നതാവും നല്ലത് എന്നദ്ദേഹം പറഞ്ഞു.

ഞാൻ ഇതിനുമുമ്പു ചെയ്ത ഒന്നുരണ്ടു സിനിമകളിൽനിന്നു വ്യത്യസ്തമായ മൂഡിലാണ് ഈ സിനിമ പോകുന്നത്. ഈ കഥയ്ക്കു വേണ്ടരീതിയിൽ ആകാംക്ഷയുടെ ഗ്രിപ്പിൽ ആളുകളെ എങ്ങനെ പിടിച്ചിരുത്താമെന്നു മനസിലാക്കി അതിനുവേണ്ടിയുള്ള മേക്കിംഗ് രീതിയാണ്. സതീഷ് കുറുപ്പാണു കാമറാമാൻ. കലാസംവിധാനം പ്രശാന്ത് മാധവ്. കോസ്റ്റ്യൂംസ് ഒരുക്കിയതു ലിന്റ ജീത്തു. വിനായക് എഡിറ്റിംഗും വിഷ്ണു ശ്യാം സംഗീതസംവിധാനവും ചെയ്തിരിക്കുന്നു.

തിരക്കഥ വായിച്ചുകഴിഞ്ഞപ്പോൾ ആന്റണി സേവ്യർ എന്ന കഥാപാത്രത്തിനു ബിജുവിനെ മനസിൽ കണ്ടു. ബിജുവുമായി കോംബിനേഷനു ജോജു കൃത്യമെന്നു തോന്നി. അതിൽ ഒരു പുതുമയുണ്ട്. ഡിറ്റക്ടീവിൽ ജോജുവിനൊപ്പം വർക്ക് ചെയ്തിരുന്നു. അതിൽ ഇൻവെസ്റ്റിഗേഷൻ ടീം അംഗത്തിന്റെ വേഷം. അവിടെനിന്ന് സ്വപ്രയത്നത്തിലൂടെ വളർന്നുവന്ന നടനാണ്. ജോജുവിന്റെ പടങ്ങൾ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇപ്പോഴത്തെ രീതികളും അറിയാം. ഇതിലെ കഥാപാത്രത്തിനു വേണ്ടത് അയാളിൽനിന്ന് എടുക്കുക എന്നുള്ളതല്ലേ നമ്മുടെ ജോലി.

ബിജു മേനോനൊപ്പം ഇതു രണ്ടാമത്തെ സിനിമയാണ്. ഞാനല്ല സംവിധാനം ചെയ്തതെങ്കിലും ഞാൻ തിരക്കഥയെഴുതിയ ലക്ഷ്യം എന്ന സിനിമയിൽ ബിജു മേനോൻ ആയിരുന്നു പ്രധാനവേഷത്തിൽ. അങ്ങനെ ഒന്നിച്ചു പ്രവർത്തിച്ചതിന്റെ ഒരു ബന്ധം ഉണ്ട്. ബിജു ഡയറക്ടേഴ്സ് ആക്ടറാണ്. സെറ്റിൽ വന്നാൽ ഒരു തലവേദനയുമില്ല. വളരെ കംഫർട്ടബിളായി തന്റെ ജോലിചെയ്തു തിരിച്ചുപോകുന്നതാണു രീതി.




ഈ സിനിമയിലേക്ക് കഥ പറയുന്ന രീതി വളരെ പ്രാധാന്യമേറിയതാണ്. അതിന്റെയൊരു ടെമ്പോ നിലനിർത്തുക എന്നതു പ്രധാനമായിരുന്നു. അതിനുവേണ്ടി എങ്ങനെ അതു മേക്ക് ചെയ്യണം എന്നതായിരുന്നു വെല്ലുവിളി.



ബിജുമേനോനും ജോജു ജോർജും കൂടാതെ ലെന, ലിയോണ ലിഷോയ്, ഇർഷാദ്, ഷാജു ശ്രീധർ, നിരഞ്ജന അനൂപ്, വൈഷ്ണവി രാജ്, കെ.ആർ. ഗോകുൽ, സംവിധായകൻ ശ്യാമപ്രസാദ് തുടങ്ങിയവരാണു മറ്റു വേഷങ്ങളിൽ. ജോജുവിന്റെ ഭാര്യാ വേഷത്തിലാണു ലെന. ഇതിൽ എല്ലാവരും സാധാരണ സിംപിൾ കഥാപാത്രങ്ങളാണ്. പക്ഷേ, അവരുടെ മനോവികാരങ്ങളിലൂടെയാണു കഥാസഞ്ചാരം. എ.എസ്.ഐ വിദ്യ എന്ന ലിയോണ ചെയ്ത കഥാപാത്രത്തിൽ പോലും ഏറെ പ്രകടമായിട്ടല്ലെങ്കിലും അവരുടെ ഇമോഷനുകൾ നമ്മൾ റിയാക്ഷനുകളിലൂടെ വർക്ക് ചെയ്യുന്നുണ്ട്. ഇർഷാദിന്റെ കഥാപാത്രത്തിലും അതുണ്ട്. ഇർഷാദിന്റെ കുടുംബം, അയാളുടെ മകൻ... അത്തരത്തിൽ ചിലകൊച്ചുകാര്യങ്ങൾ കൂടി പറഞ്ഞുപോകുന്നുണ്ട്. കൃഷ്ണപ്രഭ അതിഥി വേഷത്തിലെത്തുന്നു.

ഒരു സിനിമയെ നമ്മൾ കൂടുതൽ ഇഷ്ടപ്പെടുന്നത് അതു വൈകാരികമായി നമ്മളെ ചേർത്തുപിടിക്കുമ്പോഴാണ്. മനുഷ്യരല്ലേ എല്ലാവർക്കും അവരവരുടേതായ മനോവികാരങ്ങളുണ്ടാവും. വില്ലനാണെങ്കിൽ പോലും അയാൾക്ക് അയാളുടേതായ ഒരു ഇമോഷനുണ്ട്. ഇമോഷണലി ഡ്രിവൺ സിനിമയാണിത്. മനുഷ്യമനസിന്റെ ആഴത്തിലുള്ള വികാരങ്ങളെ തൊട്ടുണർത്തുന്ന സിനിമ.

ദൃശ്യം 3-ന്റെ പോസ്റ്റ് പ്രൊഡക്ഷൻ തുടരുന്നു. ദൃശ്യം ഒന്നും രണ്ടും പോലെയല്ല കുടുതലും ഇമോഷണലാണ് ഈ സിനിമ. ഇമോഷണൽ ആംഗിളിലാണ് കഥപറയുന്നത് ഏപ്രിൽ രണ്ടിനാണു റിലീസ്.

ദൃശ്യം 4-നെക്കുറിച്ച് ആലോചിച്ചിട്ടുപോലുമില്ല. കഥ ചിലപ്പോൾ ഇവിടെവച്ചു തീരാം. ആ രീതിയിലൊക്കെ തന്നെയാണ് ഇതു ചെന്നു നിൽക്കുന്നത്.

'റാം' എന്ന സിനിമ തുടങ്ങാനുള്ള ഗൗരവത്തോടെയുള്ള ശ്രമങ്ങൾ, ചർച്ചകൾ നടക്കുന്നുണ്ട്. നിലവിലുള്ള നിർമാതാവിനൊപ്പം അഡീഷണൽ ഇൻവെസ്റ്റർ വരുന്ന രീതിയിലാണ് ആലോചനകൾ. റാം ഒന്നും രണ്ടും ഭാഗങ്ങൾ ഒന്നിച്ചാണ് ഷൂട്ട് ചെയ്തത്. പക്ഷേ, രണ്ടിന്റെയും കുറച്ചു ബാലൻസ് ഷൂട്ട് ചെയ്യാനുണ്ട്. ആളുകൾ ഏറെ കാത്തിരിക്കുന്ന ഒരു സിനിമയാണത്.

# ആർട്ടെമിസ് 2 ദൗത്യം മാർച്ചിലേക്കു മാറ്റി

വാഷിങ്ടൺ: നാസയുടെ ആർട്ടെമിസ് 2 ദൗത്യം മാർച്ചിലേക്ക് മാറ്റി. ഫെബ്രുവരി 6 മുതൽ 11 വരെയുള്ള സമയപരിധിയാണ് നാസ നേരത്തെ നിശ്ചയിച്ചിരുന്നത്. വെറ്റ് ഡ്രസ്സ് റിഹേഴ്സൽ അവസാന നിമിഷം പരാജയപ്പെട്ടതിനെ തുടർന്നാണു ദൗത്യം മാറ്റിവച്ചത്. നാല് ബഹിരാകാശ സഞ്ചാരികളുമായി ചന്ദ്രനെ ചുറ്റി മടങ്ങുകയായിരുന്നു ദൗത്യത്തിലൂടെ ഉദ്ദേശിച്ചിരുന്നത്. ടെർമിനൽ കൗണ്ട് ഡൗൺ തുടങ്ങാൻ 5മിനിറ്റ് ശേഷിക്കെ ദ്രാവക ഹൈഡ്രജൻ ചോർച്ച കണ്ടെത്തിയതാണു തിരിച്ചടിയായത്. വെറ്റ് ഡ്രസ്സ് റിഹേഴ്സൽ സമയത്ത് റോക്കറ്റിൽ ഇന്ധനം നിറക്കുന്നതും കൗണ്ട്ഡൗൺ നടത്തുന്നതും ഇന്ധന ടാങ്കുകൾ കാലിയാക്കുന്നതുമെല്ലാം പരിശീലിക്കാറുണ്ട്.

എന്നാൽ ജനുവരി 31-ന് റിഹേഴ്സൽ ആരംഭിച്ചതിന് ശേഷം നിരവധി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടു. ഫ്ളോറിഡയിലെ കെന്നഡി സ്പേസ് സെന്ററിലെ തണുത്ത കാലാവസ്ഥ ഇന്ധനം നിറയ്ക്കുന്ന പ്രക്രിയയെ ബാധിച്ചു. ഇത് ദ്രാവക ഹൈഡ്രജൻ ചോർച്ചയ്ക്ക് കാരണമാവുകയും നടപടികൾ നിർത്തിവയ്ക്കേണ്ടി വരികയും ചെയ്തു. ദൗത്യത്തിന്റെ ഭാഗമായുള്ള ക്യാറന്റൈൻ പൂർത്തിയാക്കിയ ശേഷം യാത്രികരായ റീഡ് വൈസ്മാൻ. വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോക്ക്, ജെറെമി ഹാൻസൻ കെന്നഡി സ്പേസ് സെന്ററിലെത്താൻ തീരുമാനിച്ച ദിവസമാണു ചോർച്ച കണ്ടെത്തിയത്. അവരുടെ യാത്രയും മുടങ്ങി. മുമ്പും അതിശൈത്യം കാരണം വെറ്റ് ഡ്രസ്സ് റിഹേഴ്സൽ മാറ്റി വെച്ചിരുന്നു. അതിശൈത്യം റോക്കറ്റ് സംവിധാനങ്ങളെയും ഇന്ധന ലീക്ക് തടയുന്ന ഇന്റർഫേസുകളെയും ബാധിക്കുന്നതാണു കാരണം.

ഹൈഡ്രജൻ ലീക്ക് കൂടാതെ, ഓറിയോൺ ക്യൂ മൊഡ്യൂളിൽ മർദം നില നിർത്തുന്ന ഒരു വാൽവ് ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും നാസ കണ്ടെത്തി. റിഹേഴ്സൽ സമയത്തും അത് വീണ്ടും സംഭവിച്ചു. ബഹിരാകാശ യാത്രികർക്കും സംവിധാനങ്ങൾക്കും പൊതുജനങ്ങൾക്കുമുള്ള സുരക്ഷയാണ് ഞങ്ങളുടെ പ്രഥമ പരിഗണന. ഈ ചരിത്ര ദൗത്യം ഏറ്റെടുക്കാൻ തയാറാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമേ ഞങ്ങൾ വിക്ഷേപണം നടത്തുകയുള്ളൂ- നാസ വ്യക്തമാക്കി. ഡേറ്റ വിശകലനം ചെയ്യാനും രണ്ടാമത്തെ വെറ്റ് ഡ്രസ് റിഹേഴ്സൽ നടത്താനും കൂടുതൽ സമയം വേണമെന്ന് അവർ വ്യക്തമാക്കി.

ജനുവരി 11-ന് ഹൂസ്റ്റണിൽ ക്വാറന്റൈനിൽ പ്രവേശിച്ച ക്രൂവിന് അത് ഉപേക്ഷിക്കാം. അടുത്ത വിക്ഷേപണ തീയതിക്ക് ഏകദേശം രണ്ട് ആഴ്ച മുൻപ് അവർ വീണ്ടും ക്വാറന്റൈനിൽ പ്രവേശിക്കും. മാർച്ചിൽ ആർട്ടെമിസ് 2



വിക്ഷേപിക്കാൻ സാധിച്ചില്ലെങ്കിൽ, ഏപ്രിൽ 1 മുതൽ ഏപ്രിൽ 6 വരെയുള്ള അവസാന അവസരം നാസ ലക്ഷ്യമിടും. 50 വർഷങ്ങൾക്കുമുമ്പ് അപ്പോളോ കാലഘട്ടത്തിനു ശേഷം നാസയുടെ ആദ്യത്തെ മനുഷ്യനെ ചന്ദ്രനിലേക്ക് അയക്കുന്ന ദൗത്യമാണ് ആർട്ടെമിസ് 2, എന്നാൽ ഇതിൽ ചന്ദ്രനിൽ ഇറങ്ങാൻ ഉദ്ദേശിക്കുന്നില്ല. ബഹിരാകാശ പേടകം, നാല് ദിവസത്തോളം സഞ്ചരിച്ച് ചന്ദ്രന്റെ ഭ്രമണപഥത്തിലെത്തും.

# ഭൊളാരി വ്യോമത്താവളം പാകിസ്താൻ പുതുക്കിപ്പണിയുന്നു

കറാച്ചി: ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ വ്യോമസേന കനത്ത നാശംവിതച്ച ഭൊളാരി വ്യോമത്താവളം പാകിസ്താൻ പുതുക്കിപ്പണിയുന്നു.

കാര്യമായ കേടുപാട് സംഭവിച്ച വ്യോമത്താവളത്തിലെ കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചുമാറ്റുന്നതിന്റെ സാറ്റലൈറ്റ് ദൃശ്യങ്ങൾ പുറത്തുവന്നു. കനത്ത നാശമുണ്ടായതിനെത്തുടർന്നാണ് വ്യോമതാവളത്തിൽ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതെന്നാണു വിവരം.

2025 മേയ് 10-ന് ഇന്ത്യൻ വ്യോമസേന നടത്തിയ ആക്രമണത്തിലാണ് ഭൊളാരി വ്യോമത്താവളത്തിനു സാരമായ കേടുപാടുകൾ സംഭവിച്ചത്. പാക് വ്യോമസേനയുടെ എയർബോൺ ഏർലി വാണിങ് ആൻഡ് കൺട്രോൾ എയർക്രാഫ്റ്റ് ഉൾപ്പെടെ ആക്രമണത്തിൽ തകർന്നതായാണ് ഇന്ത്യൻ വ്യോമസേനയുടെ വെളിപ്പെടുത്തൽ. 'സ്വീഡിഷ് നിർമിത സാബ് 200 എറിയെ' ആയിരുന്നു ഭൊളാരിയിലുണ്ടായിരുന്നത്. ഇത് പൂർണമായി നശിച്ചെന്നാണു റിപ്പോർട്ട്.

ആക്രമണത്തിനു പിന്നാലെ മേയ് 11-ന് പകർത്തിയ സാറ്റലൈറ്റ് ചിത്രത്തിൽ വ്യോമത്താവളത്തിലെ ഒരു ഭാഗം അഗ്നിക്കിരയായ നിലയിലാണ്. പിന്നീട് ജൂണിൽ പകർത്തിയ ചിത്രത്തിൽ നാശമുണ്ടായ ഭാഗം മറച്ചിട്ടുണ്ട്. തുടർന്ന് കഴിഞ്ഞ ജനുവരി 28-ന് വാന്റർ പകർത്തിയ സാറ്റലൈറ്റ് ചിത്രത്തിൽ വ്യോമത്താവളത്തിലെ ഹംഗറിന്റെ തകർന്ന പച്ച മേൽക്കൂരയുടെ ഭാഗങ്ങൾ അടർന്നുവീണതായി കാണാം. വലിയ കേടുപാടുകൾ ഇപ്പോഴും വ്യക്തമായി കാണാമെങ്കിലും തകർന്ന മേൽക്കൂരയുടെ ഭാഗം പൊളിച്ചുമാറ്റുന്നതിന്റെ ലക്ഷണങ്ങളാണ് ചിത്രത്തിലുള്ളത്. ഇത് ഭൊളാരിയിൽ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നതിന്റെ സൂചനയാണെന്നു പ്രതിരോധവിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

ഭൊളാരി ആക്രമണം നടന്ന് മണിക്കൂറുകൾക്കുള്ളിലാണ് വെടിനിർത്തൽ ചർച്ചയ്ക്കായി ഇന്ത്യയെ പാകിസ്താൻ സമീപിച്ചത്.

പാക് സൈന്യത്തിന്റെ ഡയറക്ടർ ജനറൽ ഓഫ് മിലിട്ടറി ഓപ്പറേഷൻസ് (ഡിജിഎംഒ) മേജർ ജനറൽ കാഷിഫ് അബ്ദുള്ള ഇന്ത്യയുടെ ഡിജിഎംഒ ലെഫ്റ്റനന്റ് ജനറൽ രാജീവ് ഘായിയുമായി അടിയന്തര വെടിനിർത്തൽ ചർച്ച ചെയ്യാൻ ഹോട്ട്‌ലൈനിൽ സംസാരിക്കുകയായിരുന്നു. തുടർന്ന് 48 മണിക്കൂറിനുശേഷം നിയന്ത്രണരേഖയിലും രാജ്യാന്തര അതിർത്തിയിലും സമാധാനം പുനഃസ്ഥാപിച്ചു.

# വിഴിഞ്ഞം സീ പോർട്ടിന് 59.76 ലക്ഷം അധികബാധ്യത

തിരുവനന്തപുരം: വിവിധ ഏജൻസികളിൽനിന്നു വായ്പയെടുക്കാൻ സർക്കാർ ഗാരന്റി നിന്നതിനുള്ള ഗാരന്റി കമ്മീഷൻ സർക്കാരിനു കൃത്യസമയത്ത് അടയ്ക്കാത്തതിനു വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിന് 59.76 ലക്ഷം രൂപയുടെ അധിക ബാധ്യത. പിഴപ്പലിശയിനത്തിൽ കണക്കാക്കിയ ഈ തുക കമ്പനിയുടെ ബാധ്യതയായി മാറും.

2023-24-ൽ 2.64 കോടിയും 2024-25-ൽ 6.67 കോടിയുമാണു സർക്കാരിനു വിസിൽ ഗാരന്റി കമ്മീഷൻ നൽകേണ്ടിയിരുന്നത്. പിഴപ്പലിശയുൾപ്പെടെ 9.91 കോടി രൂപ ഈയിനത്തിൽ സർക്കാരിനു നൽകാനായി വിസിലിനു തുറമുഖവകുപ്പ് അനുവദിച്ചു.

# തിരുവല്ലയിലെ സ്പായിൽ കൂട്ടബലാത്സംഗം; കാപ്പ കേസ് പ്രതിയടക്കം രണ്ടുപേർ പിടിയിൽ

തിരുവല്ല: തിരുവല്ല മഞ്ഞാടിയിൽ ഗുണ്ടാ പിരിവ് നൽകാൻ വിസമ്മതിച്ചതിനെത്തുടർന്ന് സ്പാ ജീവനക്കാരി കൂട്ടബലാത്സംഗത്തിനിരയായി. കാപ്പ കേസ് പ്രതിയും കൂട്ടാളികളും സ്പായിലെത്തി അരലക്ഷം രൂപ ആവശ്യപ്പെട്ടാണ് യുവതിയെ ഭീഷണിപ്പെടുത്തിയത്. തൃശൂർ സ്വദേശിയായ ഉടമ 10,000 രൂപ നൽകാമെന്ന് പറഞ്ഞെങ്കിലും ആ പണം പോരെന്നു പറഞ്ഞാണ് റിസപ്ഷനിലുണ്ടായിരുന്ന രണ്ട് പെൺകുട്ടികളിൽ ഒരാളെ മുറിയിലേക്ക് വലിച്ചുകൊണ്ടുപോയി ക്രൂരമായി ആക്രമിച്ചത്.

സംഭവവുമായി ബന്ധപ്പെട്ട് തിരുവല്ല, കുറ്റപ്പുഴ പപ്പാനവേലിൽ മരണം സുബിൻ എന്നറിയപ്പെടുന്ന സുബിൻ അലക്സാണ്ടർ ചാക്കോ (27), മുപ്പിരിയിൽ ബെർലിൻദാസ് (38) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു. ഒളിവിലുള്ള മറ്റ് പ്രതികൾക്കായി തെരച്ചിൽ ഊർജിതമാക്കിയതായി പോലീസ് അറിയിച്ചു. ആറുപേരെയാണ് കേസിൽ പ്രതി ചേർത്തിരിക്കുന്നത്. പീഡന ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തിയ സംഘം സ്പായിൽനിന്ന് 25,000 രൂപ ബലംപ്രയോഗിച്ച് തട്ടിയെടുത്ത ശേഷമാണു മടങ്ങിയത്. സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തു വന്നപ്പോൾ തന്നെ പോലീസ് കേസെടുത്തിരുന്നതായും പിന്നീടാണ് പരാതിക്കാരി രംഗത്തെത്തിയതെന്നും ജില്ലാ പോലീസ് മേധാവി ആർ. ആനന്ദ് പറഞ്ഞു. ഫെബ്രുവരി ഒന്നിന് ഉച്ചകഴിഞ്ഞായിരുന്നു സംഭവം. ദൃശ്യങ്ങൾ പുറത്തുവന്നതിനു പിന്നാലെ യുവതിയുടെ പരാതിയും പോലീസിലെത്തി.

സിസിടിവി ദൃശ്യങ്ങളിൽനിന്ന് പ്രതികളെ പോലീസ് കണ്ടെത്തി. ഇരുവരെയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. പ്രതികളിൽ ഒരാൾ കൂടി പിടിയിലായതായാണ് വിവരം. മൂന്നുപേരെക്കൂടി കണ്ടെത്താനുണ്ട്.

തിരുവല്ല പോലീസ് സ്റ്റേഷനിൽ കൊലപാതകശ്രമം, മോഷണം, പൊതുമുതൽ നശിപ്പിക്കൽ തുടങ്ങി 11 കേസുകളിൽ പ്രതിയും റൗഡി ലിസ്റ്റിൽ പെട്ടയാളും കാപ്പ നിയമപ്രകാരം കരുതൽ തടങ്കലിൽ കഴിയവേ അടുത്തിടെ ജാമ്യത്തിൽ ഇറങ്ങിയയാളുമാണ് സുബിൻ. ബെർലിൻ ദേഹോപദ്രവക്കേസിലും പ്രതിയാണ്. കത്തി കഴുത്തിലേക്ക് ചൂണ്ടി ഭീഷണിപ്പെടുത്തിയാണ് ബലാത്സംഗം ചെയ്തതെന്ന് യുവതിയുടെ പരാതിയിൽ പറയുന്നു. പീഡനശേഷം യുവതിക്കൊപ്പമുള്ള സെൽഫിയും സുബിൻ പകർത്തി. ഈ സമയം സ്പായിലെത്തിയ മറ്റൊരു യുവാവിനെ മുറിക്കുള്ളിലേക്ക് കൊണ്ടുവന്ന് യുവതിക്കൊപ്പം കിടത്തിയ ശേഷം ദൃശ്യങ്ങൾ പകർത്തുകയും ചെയ്തു. ഈ യുവാവിനെ മർദ്ദിച്ചതായും ജീവനക്കാരി നൽകിയ പരാതിയിലുണ്ട്. ബെർലിൻദാസും ബാക്കിയുള്ള നാല് പ്രതികളും ചേർന്ന് മറ്റൊരു ജീവനക്കാരിയുടെ പക്കൽനിന്ന് 2500 രൂപ പിടിച്ചുവാങ്ങുകയും ചെയ്തു.

സ്ഥാപനത്തിന്റെ സ്വീകരണമുറിയിലെ സിസിടിവി കാമറയിൽ സുബിനും സംഘവും എത്തുന്നതും ജീവനക്കാരെ തടഞ്ഞുനിർത്തുന്നതുമായ ദൃശ്യങ്ങളുണ്ട്.

ജീവനക്കാരിയെ ഭിത്തിയോട് ചേർത്തുനിർത്തി അപമര്യാദയായി പെരുമാറുന്നതും കാണാം. പീഡനത്തിനിരയായ യുവതിയാണ് പോലീസിൽ പരാതി നൽകിയതെന്ന് ഡിവൈഎസ്പി ടി.ആർ. ബിജു പറഞ്ഞു. തുടരന്വേഷണ ചുമതല തിരുവല്ല ഡിവൈഎസ്പിക്കാണ്. സുബിനെ അറസ്റ്റ് ചെയ്യാനായി പോലീസ് സംഘം വീട്ടിലെത്തിയപ്പോൾ ഇയാളുടെ വളർത്തുനായ്ക്കൾ പോലീസിനുനേരേ പാഞ്ഞടുത്തു. എസ്.ഐ. ഉണ്ണികൃഷ്ണൻ, സിപിഒ അഭിലാഷ് എന്നിവർക്ക് നായയുടെ നഖമേറ്റ് പരുക്കേൽക്കുകയും ചെയ്തു.

## ശബരിമല സ്വർണക്കൊള്ളക്കേസ്

(3-ാം പേജിൽനിന്നും)

ദിവസവേതനക്കാർക്കുള്ള പണം സീസൺ കഴിഞ്ഞ് അവരുടെ അക്കൗണ്ടുകളിലേക്കു നേരിട്ടാണ് ദേവസ്വം ബോർഡ് നൽകുന്നത്. അതിനു മുൻപു ദിവസവും ബാങ്ക് ഇടപാടുകൾ നടത്തിയതു സംശയം ജനിപ്പിച്ചതിനെ തുടർന്നാണ് വിജിലൻസ് അന്വേഷണം ആരംഭിച്ചത്.

ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും പേരിലേക്കാണു ഭൂരിഭാഗം പേരും പണം അയച്ചിരിക്കുന്നത്. നൂറിലേറെ പേരെയാണു കാണിക്ക പരിപാലനം ഉൾപ്പെടെ വിവിധ ജോലികൾക്കായി സന്നിധാനത്തു നിയമിച്ചിരിക്കുന്നത്. പോസ്റ്റ് ഓഫീസ് വഴി 6,000 രൂപ വരെ ചിലർ പ്രതിദിനം അയച്ചെന്നാണു വിവരം. ഭസ്മം, കുങ്കുമം എന്നിവ കലർന്ന നോട്ടുകളാണു ലഭിച്ചതെന്ന് പോസ്റ്റ് ഓഫീസ് ജീവനക്കാർ വിജിലൻസിനെ അറിയിച്ചിട്ടുണ്ട്.

എസ്ബിഐ, ധനലക്ഷ്മി ബാങ്കുകളുടെ ശാഖകളാണു സന്നിധാനത്തു പ്രവർത്തിക്കുന്നത്. ബാങ്കുകളിൽനിന്നുള്ള വിവരങ്ങൾ ദേവസ്വം വിജിലൻസ് ശേഖരിച്ചിട്ടുണ്ട്. ഒരുലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെ ബാങ്ക് ഇടപാടുകൾ നടത്തിയവരുടെ പട്ടിക ശേഖരിച്ചാണ് അന്വേഷണം. അനധികൃതമായി പണം സമ്പാദിച്ച അഞ്ച് പേരെ ദേവസ്വം വിജിലൻസ് കണ്ടെത്തിയിട്ടുണ്ടെന്നാണു വിവരം.

# നാഗമ്പടം മഹാദേവക്ഷേത്രം അന്തർദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു

കോട്ടയം: നാഗമ്പടം മഹാദേവക്ഷേത്രത്തെ അന്തർദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ച് കേരളസർക്കാർ. എസ്എൻഡിപി യോഗത്തിന്റെ ഔദ്യോഗിക തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ച് ഒരാഴ്ച തികയുംമുൻപാണ് ക്ഷേത്രത്തെ അന്തർദേശീയ തീർത്ഥാടന കേന്ദ്രമാക്കിയുള്ള കേരള സർക്കാരിന്റെ പ്രഖ്യാപനം. തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചതോടെ നാഗമ്പടം ക്ഷേത്രം കേന്ദ്രമാക്കിയുള്ള വികസനത്തിന് ആക്കം കൂടും. ശ്രീനാരായണ ഗുരുദേവനിൽനിന്ന് നേരിട്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങിയ ഒന്നുമുതൽ 108 ശാഖകളുടെയും മറ്റ് യൂണിയനുകളുടെയും സഹകരണത്തോടെ വിപുലമായ വികസനപരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്.

1928 ജനുവരി 19-ന് നാഗമ്പടം മഹാദേവ ക്ഷേത്രാങ്കണത്തിലെ മാവിൻചുവട്ടിൽ വിശ്രമിക്കുന്ന വേളയിലാണ് ശിവഗിരി തീർത്ഥാടനമെന്ന ആശയം ഗുരുവിന് മുന്നിൽ ശിഷ്യർ വെക്കുന്നത്. ശിഷ്യരിൽ പ്രമുഖരായിരുന്ന വല്ലഭശേരി ഗോവിന്ദൻ വൈദ്യർ, ടി.കെ. കിട്ടൻ റൈറ്റർ എന്നിവരുടെ അഭ്യർത്ഥനപ്രകാരമാണ് ശിവഗിരി തീർത്ഥാടനത്തിന് ഗുരു അനുമതി നൽകുന്നത്. അന്തർദേശീയ തീർത്ഥാടനകേന്ദ്ര പ്രഖ്യാപനത്തിലൂടെ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന വിശ്വദർശനം സമൂഹത്തിലേക്ക് എത്തിക്കാനാകുമെന്നും മാനവികതയുടെ തീർത്ഥാടനകേന്ദ്രമായി നാഗമ്പടം മഹാദേവക്ഷേത്രം ഉയരുമെന്നും മന്ത്രി വി.എൻ. വാസവൻ പത്രക്കുറിപ്പിൽ അറിയിച്ചു.


# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**


**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**